വിശ്വസാഹിത്യദർശനം



1736

ഒന്ന്

# മെസൊപൊട്ടേമിയൻ സാഹിത്യചരിത്രം

ശ്രീ

കൃഷ്ണചൈതന്യ

1736


മെസൊപൊട്ടേമിയ
അഷ്ഷൂർ ബനിപലിന്റെ സാമ്രാജ്യം
വാൻ തടാകം
ഊർമീസ് തടാകം
കാസ്പിയൻ കടൽ
ഏഷ്യാമൈനർ
ഖോർസബാദ്
നിനവേഹ്
മോസൽ
അർബെല
അഷ്ഷൂർ
സൈപ്രസ്
അന്ത്യോക്ക്
ടൈഗ്രീസ്
യൂഫ്രട്ടീസ്
ബിബ്ലോസ്
മദ്ധ്യധരണ്യാഴി
സിഡോൺ
ഡമാസ്കസ്
ടയർ
ഏക്കർ
ഏലം രാജ്യം
ബാഗ്ദാദ്
അക്കാഡ്
കിഷ്
സിറിയൻ മരുഭൂമി
ബാബിലോൺ
സൂസാ
ജെറുസലം
നിപ്പൂർ
ലഗാഷ്
ഗാസാ
മൃതസമുദ്രം
എറെക്ക്
ലാർസ
ഷട്ടൽ അരബ്
സീനായ്
ഊർ
ഈജിപ്ത്
അറേബ്യാ
ചെങ്കടൽ
പേർഷ്യൻ ഉൾക്കടൽ

N/o: 2514.

വിശ്വസാഹിത്യദർശനം—1

# മെസൊപ്പൊട്ടേമിയൻ സാഹിത്യചരിത്രം

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ സംഘം ലിമിറ്റഡ്**

D. K. SMARAKA GRANDHA...
GRANDHA SALA

[Malayalam]

# MESOPOTAMIAN SAHITHYA CHARITHRAM

(HISTORY OF MESOPOTAMIAN LITERATURE)

By

KRISHNA CHAITHANYA

First Impression March 1958

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM
Copies 1000

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
KOTTAYAM KERALA STATE

Rs. 1·25

1736

# മെസൊപൊട്ടേമിയൻ സാഹിത്യചരിത്രം

കൃഷ്ണചൈതന്യ

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 1·25

GRANDHA BALA
VENGANOOR, A. Q

S783 B552 81/57-58

1736

# മുഖവുര

പഴയതും പുതിയതുമായ സംസ്കാരങ്ങളുടെ സാഹിത്യ ചരിത്രങ്ങൾ രത്നച്ചുരുക്കത്തിൽ നൽകുന്ന ഒരു ഗ്രന്ഥപരമ്പര ഭാരതത്തിലെ ഭാഷകളിൽ പുറപ്പെടുന്നതു് ഒരു നല്ലകാര്യമാണെന്നുള്ളതു വാദിച്ചും മല്ലിട്ടും സ്ഥാപിക്കേണ്ട ഒരു യാഥാർത്ഥ്യമല്ല. അതുകൊണ്ടുതന്നെയാണു്, മലയാളത്തിൽ മാത്രം പ്രസിദ്ധപ്പെടുത്തുവാനേ ആദ്യം ഉദ്ദേശിച്ചിരുന്നുള്ളു എങ്കിലും ഭാരതത്തിലെ മററു് നാലു്— ഹിന്ദി, തമിഴ്, തെലുങ്കു്, കന്നടഭാഷകളിലും കൂടെ പരിഭാഷകൾ പ്രസിദ്ധപ്പെടുത്തുവാൻ ആ പ്രദേശങ്ങളിലെ പുസ്തകശാലക്കാർ സസന്തോഷം സന്നദ്ധരായിരിക്കുന്നതു്.

ഈ ഗ്രന്ഥാവലിയിലെ ആദ്യത്തെ പുസ്തകമാണു് ഇതു്. പശ്ചിമ ഏഷ്യയിലെ ഏററവും പുരാതനമായ മെസൊപൊട്ടേമിയൻസംസ്കാരത്തിൻെറ സാഹിത്യമാണു് ഇതിലെ വിഷയം. ക്രിസ്തുവിനു് അയ്യായിരം കൊല്ലങ്ങൾക്കു മുൻപുതന്നെ ഈ സംസ്കാരം പക്വതപ്രാപിച്ചിരുന്നു. അടുത്ത പുസ്തകത്തിൽ ക്രിസ്തുവിനു നാലായിരം വർഷങ്ങൾക്കു മുൻപു് നിലയുറച്ചുവന്ന പുരാതനഈജിപ്റ്റിൻെറ സാഹിത്യമായിരിക്കും പ്രതിപാദനവിഷയം. ക്രിസ്തുവിനു് ആയിരം കൊല്ലങ്ങൾക്കു മുൻപു് അത്യന്തം ഉജ്ജ്വലമായ ഒരു നിലയെ പ്രാപിച്ച ഗ്രീക്കു്സംസ്കാരത്തിൻെറ സാഹിത്യ ചരിത്രം മൂന്നാമത്തെ പുസ്തകത്തിൽ വിവരിക്കും.

ഈ പരമ്പര അവിടെ നിലച്ചുപോകയില്ല. എങ്കിലും കലയുടെ ചരിത്രം പുരാതനവും അതിൻെറ കഥനം വളരെ നീണ്ടുപോകുന്നതുമായതിനാലും, നേരെമറിച്ചു് ആയുസ്സു് പരിമിതവും അനിശ്ചിതവും ആയതുകൊണ്ടും, പിന്നീടുള്ള പുസ്തകങ്ങളെപ്പററി സാഹസികമായി ഒന്നും ഇപ്പോൾ പറയുന്നില്ല. പക്ഷേ, ആയുസ്സിൻെറ കാര്യം പറഞ്ഞതുകൊണ്ടു് വല്ല അറമോ മററോ പിടികൂടിയിട്ടില്ലെങ്കിൽ, വിശ്വസാഹിത്യചരിത്രകഥ തുടൻകൊണ്ടുപോകുമെന്നു് ഇതാ വാക്കു നൽകുന്നു.

ഗ്രന്ഥാവലിയിലെ ആദ്യത്തെ പുസ്തകത്തിൽ ഭാരതീയർക്കു വിശേഷാൽ ഒരു അഭിരുചി തോന്നാനിടയുണ്ടു്. ആര്യന്മാരുടെ അധിനിവേശത്തിനു മുൻപുള്ള ദ്രാവിഡസംസ്കാരം വളരെ വ്യാപ്തിയുള്ള ഒന്നായിരുന്നു എന്നു ചരിത്രകാരന്മാർ എല്ലാം ഇന്നു സമ്മതിക്കുന്നു. ഈ സംസ്കാരത്തിൻെറ അവശിഷ്ടങ്ങൾ മൊഹെൻജോഡറോവിലും, ഹരപ്പയിലും, ബിക്കാനീറിലെ സ്വരസ്വതീനദീതീരത്തിലും മാത്രമല്ല കണ്ടുകിട്ടിയിട്ടുള്ളതു്. സുനീതികുമാർ ചാറർജിയുടെ അഭിപ്രായത്തിൽ, ഈ സംസ്കാരം കാസ്പിയൻകടൽവരെ വ്യാപിച്ചിരുന്നു. ഏഷ്യാമൈനറിലെ പുരാതനരാജ്യമായ

THEN... VENGANOOR

ലിക്കിയ ഈ സംസ്കാരത്തിൻെറ ഒരു കേന്ദ്രമായിരുന്നു എന്നുള്ളതിനു പല തെളിവുകളും കിട്ടിയിട്ടുണ്ട്. ദ്രാവിഡസംസ്കാരത്തിൻെറ വ്യാപ്തി ഇത്ര വിപുലമായിരുന്നതിനാൽ, അതിനു മെസൊപൊട്ടേമിയൻ സംസ്കാരവുമായിട്ട് അടുത്ത ബന്ധം ഉണ്ടായിരുന്നു. എന്ന യാഥാർത്ഥ്യത്തിൽ വളരെ അത്ഭുതപ്പെടുവാൻ ഒന്നുമില്ല.

മദ്രാസിലെ മലമ്പ്രദേശങ്ങളിൽ ജീവിക്കുന്ന തോഡവർഗ്ഗത്തിൻെറ പാരമ്പര്യത്തെപ്പററി നല്ലവണ്ണം ചർച്ചചെയ്തിട്ടുള്ള നരവംശശാസ്ത്രഗവേഷകനും ഗ്രീസിലെ ഇപ്പോഴത്തെ രാജകുടുംബത്തിലെ ഒരംഗവുമായ പീററർ പറയുന്നതു്, മെസൊപൊട്ടേമിയൻ ദേവഗണങ്ങളിൽ പ്രധാനരായ പതിനൊന്നു ദേവന്മാരെ തോഡർ ഇന്നും ആരാധിച്ചുപോരുന്നു എന്നാണ്. ഈ ദേവന്മാരുടെ പേരുകൾ വളരെ വൈകല്യം കൂടാതെ ഈ വർഗ്ഗത്തിൻെറ ആരാധനകളിൽ ഉച്ചരിക്കപ്പെടുന്നുണ്ട്. തോഡരുടെ പാർപ്പിടസ്ഥലങ്ങളിൽനിന്നും കുഴിച്ചെടുത്തു കിട്ടിയിട്ടുള്ള വെങ്കലപാത്രങ്ങൾ മെസൊപൊട്ടേമിയയിൽനിന്നു കിട്ടിയിട്ടുള്ള പാത്രങ്ങളോട്ട് ശില്പരീതിയിൽ വളരെ അടുപ്പമുള്ളവയാണ്. മദ്രാസ് മ്യൂസിയം 1951-ൽ പ്രസിദ്ധപ്പെടുത്തിയ ഒരു ഗ്രന്ഥത്തിൽ ഇതുമാതിരിയിലുള്ള പല തെളിവുകളെപ്പററി പ്രതിപാദിച്ചിട്ടുണ്ട്.

ഈ കാരണങ്ങളാൽ മെസൊപൊട്ടേമിയൻ സാഹിത്യചരിത്രത്തിൽ നമുക്കു വിശേഷാലൊരു അഭിരുചി ജനിക്കുന്നെങ്കിൽ അത്ഭുതമല്ല. പക്ഷേ, ഒരു കാര്യം ഓക്കുന്നതു് നന്നായിരിക്കും. നമുക്കു രക്തബന്ധമുള്ള ജനതകളുടെ കാര്യങ്ങളിൽ മാത്രമേ അഭിരുചി തോന്നേണ്ടതുള്ളു എന്നു വരുന്നതു് നന്നല്ല. മനുഷ്യൻ—ഏതു രാജ്യത്തിലേയും, ഏതു കാലത്തിലേയും—മനുഷ്യൻെറ ബന്ധുവാണ്. ഈ ഗ്രന്ഥാവലിയിലെ മററു പുസ്തകങ്ങളിൽ നമുക്കു രക്തബന്ധമില്ലാത്ത പല ജനതകളുടേയും പാരമ്പര്യത്തെപ്പററി പറയാനുണ്ടാകും. പുലവാലായ്മ ഇല്ലെന്നുവെച്ച് അവരുടെ ജീവിതാനുഭൂതികൾ നമുക്കൊരാദർശവും നൽകാനിടയില്ലെന്നു വാദിക്കുന്നതു് അബദ്ധമായിരിക്കും. അതുകൊണ്ടുള്ള നഷ്ടം അനുഭവിക്കുന്നതു് നാമായിരിക്കും.

അന്തിമവീക്ഷണത്തിൽ, ഈ ഗ്രന്ഥാവലിയുടെ പരമോദ്ദേശ്യം ഇന്നു പല ആപത്തുകളിൽ പെട്ടിരിക്കുന്ന വസുധൈവകുടുംബകം വീണ്ടും സുസ്ഥാപിതമാക്കുന്നതിന് എളിയതോതിലെങ്കിലും വലിയ ആകാംക്ഷയോടെ സഹകരിക്കുക എന്നുള്ളതാണ്.

കൃഷ്ണചൈതന്യ

ഈ സംരംഭം രൂപമെടുക്കുന്നതിനു

മുമ്പ് അന്തരിച്ചുപോയ

എന്റെ അച്ഛൻ

**ശ്രീ പി. എ. കൃഷ്ണപിള്ള**

അവർകളുടെ പാവനസ്മരണക്ക്

n36

അദ്ധ്യായം ഒന്നു്

## ചരിത്രപശ്ചാത്തലം

ലോകത്തിലെ ആദ്യത്തെ സംസ്കാരങ്ങളുടെ ആട്ടുതൊട്ടിലുകളായിരുന്നു ഭൂമിയിലെ മഹാനദികളുടെ തീരങ്ങൾ. പടിഞ്ഞാറൻ ഏഷ്യയിലെ അതിപ്രാചീനമായ സംസ്കാരം യൂഫ്റട്ടീസ്, റൈറ്റഗ്രിസ് എന്നീനദികളാൽ ന്നനയ്ക്കപ്പെട്ട ഭൂവിഭാഗത്തിലാണു് ഉത്ഭവിച്ചതു്.

ഇന്നു് ഈ പ്രദേശത്തു് ആവിയലകൾ നൃത്തംചെയ്യുന്ന തരിശുഭൂമിയും ഇല്ലാത്തവെള്ളം ഉണ്ടെന്നു നടിക്കുന്ന മരുമരീചികകളുമാണുള്ളതു്. പക്ഷേ, ഒരു പതിനായിരം കൊല്ലങ്ങൾക്കുമുമ്പു്, നദികൾ ഇന്നത്തെക്കാളധികം വെള്ളം വഹിച്ചുകൊണ്ടുപോവുകയും കൊല്ലംതോറുമുള്ള അവയിലെ വെള്ളപ്പൊക്കങ്ങൾ ഭൂമിയുടെ ഫലഭൂയിഷ്ഠതയെ വദ്ധിപ്പിക്കുകയും ചെയ്തിരുന്നു. ഒരുകാലത്തു്, ഈ പ്രദേശത്തു്, ഗോതമ്പു കാട്ടുപിടിച്ചു വളന്നിരുന്നു. യവനചരിത്രകാരനായ ഹെറൊഡോട്ടസിൻെറ വാക്കുകളിൽ, “ധാന്യത്തിനു് ഇരുനൂറുമേനി വിളവുണ്ടായിരുന്നു; ഗോതമ്പു

നെല്ലിന്റെയും ബാർളിനെല്ലിന്റെയും ഒരിലയ്ക്കു പലപ്പോഴും നാലുവിരലുകളുടെ വീതിയുണ്ടായിരുന്നു; ചോളത്തിൻെറയും കടുകിൻെറയും കറ്റകൾക്ക് അത്ഭുതകരമായ നീളമുണ്ടായിരുന്നു.'' ഹെറൊഡോട്ടസ് ജീവിച്ചതു് ക്രി. മു. അഞ്ചാംനൂറ്റാണ്ടിലായിരുന്നു. അപ്പോഴേയ്ക്കും, ഈ പ്രദേശത്തു വളർന്നുവന്ന സംസ്കാരത്തിൻെറ ഗതി നിലച്ചുകഴിഞ്ഞിരുന്നു. ഈ പ്രദേശത്തെ രേഖപ്പെടുത്തിയിട്ടുള്ള ചരിത്രത്തിൻെറ ആരംഭദശയിൽനിന്നു് ഹെറൊഡോട്ടസിനെ വേർതിരിച്ചുനിർത്തുന്നതു് അദ്ദേഹത്തെ നമ്മളിൽനിന്നും വേർതിരിച്ചുനിർത്തുന്നതിൻെറ ഇരട്ടി ദൈർഘ്യമുള്ള ഒരു കാലഘട്ടമാണെന്നു് ഓർമ്മവെച്ചാൽ, നമുക്ക് ആ കാലത്തിന്റെ ഒരു ശരിയായ രൂപം കിട്ടും. പ്രാചീനയവനന്മാർക്കുപോലും പുരാതനമായിരുന്ന ഒരു സംസ്കാരത്തെപ്പററിയാണു നമ്മൾ പറയുന്നതു്.

ആധുനിക ഇറാക്കിൻെറ പ്രദേശം ഫലഭൂയിഷ്ഠതയിൽ യവനന്മാർക്കുപോലും സുപരിചിതമായിരുന്നു. അവർ അതിനെ മെസൊപ്പൊട്ടേമിയ അഥവാ 'നദികൾക്കിടയിലുള്ള ഭൂമി' എന്നാണു വിളിച്ചിരുന്നതു്. ശരിക്കു പറയുകയാണെങ്കിൽ, ഈ പേരു് ഈ രണ്ടു നദികളുടെയും താഴ്വരയുടെ മുകൾഭാഗത്തിന്നു മാത്രമേ ബാധകമായിരുന്നുള്ളു. എന്നാൽ, ഇന്നുപയോഗിക്കുന്ന അർത്ഥത്തിൽ, മെസൊപ്പൊട്ടേമിയ എന്ന പേരു് താഴ്വരയുടെ കീഴ്ഭാഗത്തെയും ഉൾക്കൊള്ളുകയും ഈ പ്രദേശത്തെ മുഴുവനും വിശദമായി വിവരിക്കുകയും ചെയ്യുന്നു. ഈ അർത്ഥത്തിലാണു് ഈ പദം ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നതു്.

ഇവിടെ പ്രാചീനമായ ഭൂതകാലത്തിൽ നാലു ദേശീയതകൾ വാഴുകയും നശിക്കുകയും ചെയ്തിരിക്കുന്നു.

ടൈഗ്രിസും യൂഫ്റട്ടീസും പേഴ്സ്യൻ ഉൾക്കടലിൽ ചെന്നു ലയിക്കുന്നതിന്നു മുമ്പ് കൂടിച്ചേർന്ന് ഷട്ടൽ ആരബ് എന്ന ഒരൊറ്റനദിയായിത്തീരുന്നു. ഈ സംഗമസ്ഥാനത്തുനിന്നു നാം പടിഞ്ഞാട്ട് യൂഫ്റട്ടീസിനെ പിൻതുടരുകയാണെങ്കിൽ, നദിയുടെ വടക്കും തെക്കും തീരങ്ങളിൽ പരന്നു കിടക്കുന്ന സുമേറിയയിലെ നഗരങ്ങൾ സ്ഥിതിചെയ്ത സ്ഥലത്ത് എത്തിച്ചേരും. കുറെക്കൂടി മേല്പോട്ടും സുമേറിയയുടെ വടക്കുപടിഞ്ഞാറുവശത്തുമായിരുന്നു ബാബിലോണിയ. അവിടെനിന്ന് ഒരുപതുനാഴിക മേല്പോട്ട് അക്കാഡ് രാജ്യമുണ്ടായിരുന്നു. അക്കാഡിൻെറ വടക്കുകിഴക്കുവശത്ത്, ടൈഗ്രിസ് നദിയാൽ നനയ്ക്കപ്പെട്ട പ്രദേശത്തിലായിരുന്നു അസീറിയ. അസീറിയയുടെ വിസ്തീർണ്ണം ബ്രിട്ടൻേറതിനോട്ട തുല്യവും ബാബിലോണിയയുടേത് ഡെൻമാർക്കിന്റേതിനോട്ട തുല്യവും ആയിരുന്നു. മററു രണ്ടു രാജ്യങ്ങളും തുല്യവലിപ്പം ഉള്ളവയായിരുന്നു.

പലവാല്യങ്ങളിലായുള്ള ഈ പ്രദേശത്തിന്റെ ഒരു ചരിത്രമായിരുന്നു ഇതെങ്കിൽ, നമുക്ക് നാലു രാജ്യങ്ങളുടെയും ഭാഗധേയങ്ങൾ വെവ്വേറെയായി സാവധാനത്തിൽ പിൻതുടൎന്നു പഠിക്കാമായിരുന്നു. പക്ഷേ, ഇവിടെ നമ്മുടെ പ്രധാന താൽപര്യം ഈ പ്രദേശത്തിൻെറ സാഹിത്യ പാരമ്പര്യമാണ്. അതുകൊണ്ടു നമുക്ക് ഈ പ്രദേശം മുഴുവനും ഒന്നായി കണക്കാക്കാം. ചരിത്രവും കുറെയേറെ ഇതിന്നുപോൽബലകമായിട്ടാണുള്ളത്. എന്തെന്നാൽ ഈ നാലു രാജ്യങ്ങളുടെയും അതിൎത്തികൾ ഒരിക്കലും അധികകാലത്തേയ്ക്കു നിശ്ചിതമായിരുന്നിട്ടില്ല. സുമേറിയ ഒഴികെയുള്ള രാജ്യങ്ങളിലെല്ലാം ജേതാക്കൾ ഉയരുകയും എല്ലാ രാജ്യങ്ങളെയും കുറച്ചുകാലത്തേയ്ക്കെങ്കിലും ഏകോപിച്ചു നിൎത്തുന്ന സാമ്രാജ്യങ്ങൾ പടുത്തുയൎത്തുകയും ചെയ്തിരുന്നു.

കൂടാതെ, ഈ നാലു രാജ്യങ്ങളിലെയും സാംസ്കാരിക ജീവിതത്തിന്നു് ഒരേകതാനത ഉണ്ടായിരുന്നു. സുമേറിയൻ ദൈവങ്ങളും മിഥ്യകളും സാഹിത്യ—സാമൂഹ്യപാരമ്പയ്യങ്ങളും മററു വിഭാഗങ്ങൾ ഏറ്റെടുത്തിരുന്നു.

ഈ നാലു വിഭാഗങ്ങളെയും സംബന്ധിച്ചുള്ള ഒരു പ്രധാന വസ്തുത നാം ഓക്കേണ്ടിയിരിക്കുന്നു. അക്കാഡിയക്കാരും, ബാബിലോണിയക്കാരും, അസീരിയക്കാരും സെമിറ്റിക്ക് വഗ്ഗത്തിൽപ്പെട്ടവരായിരുന്നു. ഈ വഗ്ഗമാണെന്നു തോന്നുന്നു ഈ പ്രദേശത്തു് ആദ്യം കുടിയേറിപ്പാത്തവർ. പിന്നീടുവന്ന സുമേറിയക്കാർ സെമിറ്റിക്ക് വഗ്ഗത്തിൽപ്പെട്ടവരായിരുന്നില്ല. അവർ ഒരു പവ്വതദേവതയെ ആരാധിച്ചിരുന്നു. അതിൽനിന്നും അവർ ഏതോ പവ്വതപ്രദേശത്തിൽനിന്നു താഴ്വരയിലേയ്ക്കു വന്നവരാണെന്നു് അനുമാനിക്കാം. ഈ വിഭാഗത്തിന്റെ ഉത്ഭവം ഇനിയും ക്ലിപ്തപ്പെടുത്തി പറയാറായിട്ടില്ല. പക്ഷേ, ഇന്ത്യയിലെ ആയ്യന്മാക്കുമുമ്പുണ്ടായിരുന്ന നിവാസികളുമായി—മൊഹൻജോഡരോവിലും ഇൻഡസ് താഴ്വരയിലെ ഹരപ്പയിലും, പഞ്ചാബിലെ റുപാറിലും, രാജസ്ഥാനിലെ സരസ്വതീനദീതടത്തിലും മൈസൂരിൽപ്പോലും കുഴിച്ചെടുക്കപ്പെട്ട അവശിഷ്ടങ്ങളുടെ ഉടമകളായ നിവാസികളുമായി—ഇവക്കുള്ള ബന്ധം കാണിക്കുന്ന തെളിവുകൾ ധാരാളമുണ്ട്.

ഈ പ്രദേശത്തു് അവസാനം എത്തിച്ചേന്നവരെങ്കിലും സുമേറിയക്കാരായിരുന്നു ആദ്യമായി ബഹുമുഖമായ ഒരു പരിഷ്കാരം വളത്തിക്കൊണ്ടുവന്നതെന്നു തോന്നുന്നു. ഈ സംസ്കാരത്തിൻെറ നല്ലവശങ്ങൾ മററുവിഭാഗങ്ങൾ സ്വായത്തമാക്കി. അവരാണു് ആദ്യമായി ഒരു ലിപിയുണ്ടാക്കിയതു്. അതു് കുറെ ചിത്രങ്ങളുടെ ഒരു

പരമ്പരയായി തുടങ്ങി പിന്നീട്ട് അക്ഷരങ്ങളെ ഒരുറച്ച വസ്തുവിലേക്കു മാററുവാൻ ഉതകുന്ന വരകളടേതായ രൂപം കൈക്കൊണ്ടു. പിന്നീട്ട് എഴുതുവാൻ കളിമൺചതുരങ്ങൾ ഉപയോഗിച്ചുതുടങ്ങിയപ്പോൾ വരകളടങ്ങിയ ലിപിക്കുപകരം, കളിമൺപോലെ മാർദ്ദവമുള്ള വസ്തുക്കളിൽ എഴുതാൻപററിയ വിധത്തിൽ കോണാകൃതിയിലുള്ള ലിപി ഉപയോഗത്തിൽവന്നു. അസീരിയയിൽ അഷൂർബനിപൽരാജാവിൻെറ രാജധാനിയുടെ സ്ഥാനത്ത് ഭൂഗർഭഗവേഷണങ്ങൾ നടത്തിയതിൻെറ ഫലമായി മുപ്പതിനായിരത്തോളം എഴുതപ്പെട്ട കളിമൺചതുരങ്ങൾ കണ്ടുകിട്ടിയിരിക്കുന്നു. മെസൊപൊട്ടേമിയൻ ചരിത്രത്തെയും സാഹിത്യത്തെയുംപററിയുള്ള നമ്മുടെ വിജ്ഞാനത്തിൻെറ പ്രധാനമായ ഉറവിടം ഇവയാണ്. രാജാവിന്റെ ആജ്ഞപ്രകാരം അദ്ദേഹത്തിൻെറ എഴുത്തുകാർ മുമ്പുള്ള രേഖകളുടെ പകർപ്പുകളെടുത്തതും ഇവയിൽപ്പെടുന്നു. അതുകൊണ്ട് ഈ കൂട്ടത്തിൽ അസീരിയയെപ്പററി മാത്രമല്ല, ഈ പ്രദേശത്തെപ്പററിയാകെയുള്ള രേഖകൾ ഉണ്ട്.

സുമേറിയൻസംസ്കാരത്തിന്ന് പഴക്കമായതിന്നുശേഷം—ക്രി. മു. 2300 നാട്ടത്ത്—രാജ്യത്തിലെ പുരോഹിത–ചരിത്രകാരന്മാർ രാജ്യത്തിൻെറ പുരാതനചരിത്രത്തെപ്പററിയൊരു ഗവേഷണം നടത്തി. അവരിൽനിന്നും രാജാക്കന്മാരുടെ ഒരു പട്ടിക നമുക്കു ലഭിച്ചിരിക്കുന്നു. പക്ഷേ, ഈ രാജാക്കന്മാരുടെ വാഴ്ചയുടെ കാലാവധിയെക്കുറിച്ചുള്ള കണക്കുകൾ പ്രത്യക്ഷത്തിൽത്തന്നെ സാങ്കല്പികമാണ്; കാരണം, കണക്കുകൾപ്രകാരം ഈ രാജാക്കന്മാരെല്ലാവരുംകൂടി 4,32,000 ത്തോളം കൊല്ലം നാടുവാണിരുന്നു. ഇങ്ങനെയുള്ള കണക്കുകളെക്കാൾ ചരിത്രാവശിഷ്ടങ്ങളിൽനിന്നും കിട്ടുന്ന വസ്തുതകളെയാണ് സുമേറിയൻ

ചരിത്രവിദ്യാർത്ഥികൾ സ്വീകരിച്ചിട്ടുള്ളതു്. എന്നാൽ, ഇങ്ങനെ കൂട്ടതൽ വസ്തുനിഷ്ഠങ്ങളായ കണക്കുകൾവെച്ചു നോക്കിയാലും, സുമേറിയ പടിഞ്ഞാറൻ ഏഷ്യയിലെ ഏറ്റവും പുരാതനമായ സംസ്കാരമായി നിലനില്ക്കുന്നു. ക്രി. മു. 5262–ൽ നിപ്പൂറിലും, ക്രി. മു. 4500–ൽ കിഷിലും, ക്രി. മു. 3500–ൽ ഊറിലും രാജവംശങ്ങൾ ഭരിച്ചിരുന്നതായി തെളിവുണ്ടു്. ഈ പ്രദേശത്തു് മനുഷ്യവാസം അതിന്നെത്രയോ മുമ്പു് ആരംഭിച്ചിരിക്കേണമെന്നതു വ്യക്തമാണു്. സുമേറിയ ഒരിക്കലും ഒരൊറ്റ സുമേറിയൻ രാജവംശത്തിന്റെ വാഴ്ചയിൻകീഴിൽ ഏകോപിക്കപ്പെട്ടിരുന്നില്ല. അനവധി നഗരരാഷ്ട്രങ്ങളുടെ സുബന്ധിതമല്ലാത്ത ഒരു കൂട്ടുകെട്ടായിരുന്നു അതു്. പക്ഷേ, പലപ്പോഴും സുമേറിയ മററു രാജ്യങ്ങളോടൊപ്പം പുറമേനിന്നെത്തിയ ഒരു ജേതാവിന്റെ കീഴിലായിട്ടുണ്ടു്. ക്രി. മു. 539–ൽ പേഴ്സ്യൻ രാജാവായ സൈറസ് ഈ പ്രദേശം ആക്രമിച്ചു കീഴടക്കുന്നതുവരെയും അതിന്റെ ചരിത്രത്തിലുടനീളം മെസൊപ്പെട്ടേമിയയിലെ രാജ്യങ്ങൾതമ്മിൽ തുടർച്ചയായി യുദ്ധങ്ങളും ആക്രമണങ്ങളും ഉണ്ടായിക്കൊണ്ടേയിരുന്നു. ഓരോശ്താബ്ദത്തിലും ഒരു ശക്തനായ യോദ്ധാവു് ഉയരുകയും കാലത്തിന്റെ ശക്തിക്കുമുമ്പിൽ നിലംപതിക്കുകയും ചെയ്തു. സാഹിത്യത്തിൽ ഈ സംഘട്ടനങ്ങളുടെ പ്രതിദ്ധ്വനികൾ നമുക്കു പിന്നീടു കേൾക്കാം. അതിന്നുമുമ്പു് ചരിത്രപരമായ അവരുടെ കടമ നിർവ്വഹിച്ചു് ഭൂമുഖത്തുനിന്നും പണ്ടുപണ്ടേ തിരോധാനംചെയ്ത ഈ ജനതയുടെ ജീവിതരീതിയെപ്പററി കുറച്ചുവല്ലതും മനസ്സിലാക്കാൻ ശ്രമിക്കുക.

മെസൊപ്പൊട്ടേമിയൻ സംസ്കാരം മതാധിഷ്ഠിതമായിരുന്നു. അതായതു്, രാഷ്ട്രങ്ങളുടെ യഥാർത്ഥ ഭരണ

കർത്താക്കളെന്നു കരുതപ്പെട്ടിരുന്ന ദൈവങ്ങളുടെപേരിൽ, ആദ്യമാദ്യം പുരോഹിതന്മാരായിരുന്നിരിക്കാനിടയുള്ളവരും എന്നാം പുരോഹിതന്മാരുടെ ഉപദേശമനുസരിച്ചു പ്രവത്തിച്ചിരുന്നവരുമായ രാജാക്കന്മാർ ഭരണം നടത്തിപ്പോന്നു. യഥാത്ഥഭരണകത്താക്കളെന്നു കരുതപ്പെട്ട ദൈവങ്ങളിൽനിന്നാണു് രാജ്യങ്ങൾക്കു് പേരുകൾ സിദ്ധിച്ചതു്. അസീരിയ അഷ്ശൂർ എന്ന ദൈവത്തിൻെറ നാടായിരുന്നു. ബാബിലോൺ എന്ന വാക്കിൻെറ അത്ഥം ദൈവത്തിന്റെ പടിവാതിൽ എന്നായിരുന്നു; അവിടത്തെ ദൈവം മർദ്ദക് ആയിരുന്നു. കർഷമാഷ് എന്ന സ്ഥലത്തിന്റെ അത്ഥം "ഷമാഷ് ദേവന്റെ കോട്ട" എന്നും നർഅദദ് എന്നതിൻെറ അത്ഥം "അദദ്ദേവൻെറ ജ്യോതി" എന്നും ആയിരുന്നു. നിപ്പൂർ എൻലിൽ എന്ന ദൈവത്തെ സ്വീകരിച്ചു; പിന്നീട്ട് നിപ്പൂർ എന്ന പേരിനെ കുറിച്ചിരുന്നതു് എൻലിലിൻെറ സ്ഥലമായി അതിനെ കാണിക്കുന്ന ചില അടയാളങ്ങളായിരുന്നു. രാജാവിനുള്ള പദത്തിൻെറ വാച്യാത്ഥം ഭരിക്കുന്ന പ്രതിനിധിയെന്നായിരുന്നു. അതായതു് സ്ഥാനപതിയായ ദേവൻെറ പ്രതിനിധിയായി ഭരിക്കുകയായിരുന്നു അയാൾ ചെയ്തിരുന്നതു്. പുരോഹിതന്മാരാൽ ഔപചാരികമായി അധികാരത്തിൽ അവരോധിക്കപ്പെട്ടുന്നതുവരെ അയാൾ ഭരണാധിപനായി കണക്കാക്കപ്പെട്ടിരുന്നില്ല; അവരോധിക്കപ്പെട്ടുന്ന ചടങ്ങുകളുടെ സമയത്തു് അയാൾ ഒരു പുരോഹിതൻെറ വസ്ത്രങ്ങളാണു് ധരിച്ചിരുന്നതു്. ഒരുപക്ഷേ, പൗരോഹിത്യത്തിൽനിന്നായിരിക്കാം ഇവിടെ രാജകീയത രൂപംപ്രാപിച്ചതു്. ക്ഷേത്രങ്ങൾ വിസ്തൃതമായ ഭൂമിയുടെ ഉടമകളായിരുന്നതുകൊണ്ടു് പുരോഹിതന്മാർ ധനവാന്മാരായിത്തീന്നു; ഓരോ യുദ്ധത്തിൻെറയും കൊള്ളലാഭത്തിലെ

ആദ്യത്തെ പങ്ക് ക്ഷേത്രങ്ങൾക്കായിരുന്നു. കാലക്രമേണ, പുരോഹിതന്മാർ പ്രബലന്മാരായ പണമിടപാടുകാരും വർത്തകന്മാരും ആയിത്തീർന്നു.

സുമേറിയയിലെ ഓരോ നഗരരാഷ്ട്രത്തിന്നും സ്വന്തമായി, ദൈവത്തിൻെറ പ്രതിനിധിയായ ഒരു രാജാവുണ്ടായിരുന്നു. പിൽക്കാലങ്ങളിൽ, പ്രബലന്മാരായ ജേതാക്കൾ സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കുകയും അങ്ങനെ, ഈ ചെറിയ പ്രദേശങ്ങളിലെ രാജാക്കന്മാരായിരുന്നവർ ശരിയായ അർത്ഥത്തിൽത്തന്നെ പ്രതിനിധികളായിത്തീരുകയും ചെയ്തു. സമ്രാട്ടാകട്ടെ, ഔപചാരികമായിമാത്രം ദൈവത്തിൻെറ പ്രതിനിധിയായിരുന്നു; പുരോഹിതന്മാരിൽ വളരെ പ്രബലന്മാരായിരുന്നവരെ സന്തോഷിപ്പിക്കേണ്ടിയിരുന്നു എന്നതൊഴിച്ചാൽ, അയാൾക്കു് പരിപൂർണ്ണാധികാരമാണുണ്ടായിരുന്നതു്. അതിവിദൂരഭൂതകാലംമുതല്ക്കേ, ഈ പ്രദേശത്തിലെ രാഷ്ട്രങ്ങൾതമ്മിൽ മേൽക്കോയ്മയ്ക്കുള്ള ശണ്ഠ നടന്നുകൊണ്ടിരുന്നു. അതുകൊണ്ടു്, സൈന്യശക്തി ഈ സംസ്കാരത്തിൻെറ അതിപ്രധാനഘടകങ്ങളിലൊന്നായിത്തീർന്നു. കച്ചവടമാർഗ്ഗങ്ങളുടെ നിയന്ത്രണത്തിന്നും കൊള്ളയ്ക്കുംവേണ്ടിയായിരുന്നു യുദ്ധങ്ങൾ അധികവും നടന്നിരുന്നതു്. വെള്ളിഖനികളുണ്ടായിരുന്ന ഏലം എന്ന അയൽരാജ്യം പലപ്പോഴും ആക്രമണങ്ങൾക്കു് ഇരയായിരുന്നു. രാജാക്കന്മാർ രഥങ്ങളിലാണു് യുദ്ധത്തിന്നു് എഴുന്നള്ളിയിരുന്നതു്. അമ്പും വില്ലും, മഴുവും, കുന്തങ്ങളും കൈയിലേന്തിയ കാലാൾപ്പടയായിരുന്നു സൈന്യം. നാലുവിഭാഗങ്ങളിലേററവും സമരേച്ഛുക്കളായിരുന്ന അസീരിയക്കാർ സൈന്യത്തെ ഭയാനകമാംവിധം പ്രവർത്തനക്ഷമതയുള്ള ഒരു ആക്രമണയന്ത്രമാക്കിത്തീർത്തു. തടവുകാരായി പിടിക്കപ്പെട്ട അരോഗദൃഢഗാത്രരായ ഭട

ന്മാരെ അടിമകളായി വിൽക്കുകയായിരുന്നു പതിവ്. മ റ്റുള്ളവർ നിഷ്ഠുരണം കൊല്ലപ്പെട്ടു. രൂക്ഷന്മാരായ അസീ രിയക്കാരുടെ ദേവതകൾക്ക് നരബലി ഇഷ്ടമായിരുന്ന തുകൊണ്ട്, ചിലപ്പോൾ, വിജയംനൽകിയനുഗ്രഹിച്ച ദേ വന്മാർക്ക് ഒരു കൃതജ്ഞതോപഹാരമെന്നനിലയ്ക്ക് കൂട്ടംകൂ ട്ടമായി തടവുകാരെ വെട്ടിക്കൊന്നിരുന്നു. ഭാവിപ്രക്ഷോ ഭണങ്ങൾ തടയാനുള്ള സൗകര്യപ്രദമെങ്കിലും നിർദ്ദയമാ യ ഒരടവ് ജനങ്ങളെ കൂട്ടമായി അവരുടെ സ്വദേശത്തു നിന്നും നാടുകടത്തി സാമ്രാജ്യത്തിൻെറ വിദൂരപ്രദേശങ്ങ ളിലേയ്ക്ക് അടിമകളായി അയയ്ക്കുകയായിരുന്നു.

രണ്ടു ലോകയുദ്ധങ്ങൾ കണ്ടുകഴിഞ്ഞു് മൂന്നാമതൊ ന്നിൻെറ കരിനിഴലിൽ ഇന്നും ജീവിക്കുന്ന നമ്മുടെ തല മുറ, ഈ പഴയ കാലഘട്ടത്തിൻെറ അരാജകത്വത്തിന്നു് അർഹിക്കുന്നതിലുമധികം പ്രാധാന്യം കൊടുക്കരുതു്. യു ദ്ധങ്ങളുണ്ടായിരുന്നിട്ടും, സംസ്കാരം നിലനില്ക്കുകയും വ ളരുകയും, പരിഷ്കൃതജീവിതത്തെ വെറുംനിലനില്പിൽനി ന്നു വ്യത്യസ്തമാക്കുന്ന സമ്പ്രദായങ്ങളും സങ്കേതങ്ങളും കല കളും ക്രമേണ പരിപുഷ്ടമാക്കുകയും ചെയ്തു. ഉറുക്കാജിന യെയും ഡുംഗിയെയുംപോലുള്ള രാജാക്കന്മാർ, പണവും പ്രതാപവും ഉള്ളവർ പാവങ്ങളുടെയും അശക്തരുടെയും നേർക്കുപയോഗിക്കുന്ന ഒരായുധമാണു നിയമമെന്നു കണ്ടു്, പരിഷ്കാരങ്ങൾ നടപ്പിൽവരുത്തി; അവരുടെ സംഹിത കൾ പ്രാചീനലോകത്തിലെ സുപ്രസിദ്ധ നിയമസംഹി തകളിലൊന്നായ ഹമ്മുറബ്ബിയുടെ നിയമങ്ങളുടെ അടി സ്ഥാനമായിത്തീൻ. നമ്മുടെ ഇന്നത്തെ മാനദണ്ഡങ്ങൾ വെച്ചുനോക്കുമ്പോൾ അന്നത്തെ ശിക്ഷകൾ നിശിതങ്ങ ളായിരുന്നുവെന്നു കരുതപ്പെട്ടും. പക്ഷേ, ധനവാന്മാർക്കു് ഒരു നിയമവും പാവങ്ങൾക്കു് മറെറാരു നിയമവും എന്ന

സ്ഥിതി വരാതിരിക്കാൻ കൂട്ടതൽ ഉല്പതിഷ്ണുക്കളായ ഭരണാധിപന്മാർ ആവോളം ശ്രമിച്ചിരുന്നു. സുമേറിയൻ നിയമസംഹിതയുടെ ശ്രദ്ധേയമായ ഒരു വശം ഓരോ തക്കവും ആദ്യം ഒരു പൊതുമദ്ധ്യസ്ഥന്നു് സമർപ്പിക്കുകയും അദ്ദേഹം കക്ഷികൾതമ്മിൽ ഒരു രഞ്ജിപ്പുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നുവെന്നതാണു്. മദ്ധ്യസ്ഥൻ, രഞ്ജിപ്പുണ്ടാക്കുന്നകാര്യത്തിൽ പരാജയപ്പെട്ടാലേ, തക്കങ്ങൾ നീതിന്യായക്കോടതികളിലെത്തിയിരുന്നുള്ളു. കോടതികൾ ക്ഷേത്രങ്ങളിൽവെച്ചു നടത്തുകയും ജഡ്ജിമാർ അധികവും പുരോഹിതന്മാരായിരിക്കുകയുമായിരുന്നു പതിവു്. വ്യാപാരബന്ധങ്ങളും ഗാർഹികബന്ധങ്ങളും, കടബാദ്ധ്യതകളും കരാറുകളും വിൽക്കലും വാങ്ങലും ദത്തെടുക്കലും ദാനം ചെയ്യലും എല്ലാം നിയമത്തിന്റെ നിയന്ത്രണത്തിലായിരുന്നു.

ഏകഭാര്യാത്വമായിരുന്നു കുടുംബത്തിന്റെ അടിസ്ഥാനം. വെപ്പാട്ടികളെ വെച്ചുകൊണ്ടിരിക്കുന്നതും, ദേവദാസികളെപ്പോലെ ക്ഷേത്രഗണികമാരും സാധാരണയായിരുന്നുവെങ്കിലും, താത്വികമായി, ഒരാൾക്കു് നിയമത്തിന്റെമുമ്പിൽ ഒന്നിലധികം ഭാര്യമാരുണ്ടാവാൻ പാടില്ലായിരുന്നു. വിവാഹാവസരത്തിൽ വധുവിന്റെ അച്ഛൻകൊടുക്കുന്ന സ്ത്രീധനം വിക്രയം ചെയ്യുവാനുള്ള അധികാരം വധുവിന്നായിരുന്നു. അവൾക്കു് സ്വന്തമായി കച്ചവടത്തിൽ ഏർപ്പെടാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. മനഃസാക്ഷിയുള്ള ചില രാജാക്കന്മാരോളംതന്നെ നീതിപൂർവ്വമായി നാടുഭരിച്ച ചില ഉല്പതിഷ്ണുക്കളായ രാജ്ഞിമാരും മെസൊപ്പൊട്ടേമിയൻ ചരിത്രത്തിലുണ്ടായിട്ടുണ്ടു്. പിൻതുടർച്ചയും സ്വത്തുക്കൾ ഭാഗിക്കുന്നതിന്നുമുള്ള നിയമങ്ങൾ ഉണ്ടാക്കുമ്പോൾ, മെസൊപ്പൊട്ടേമിയൻ നിയമ

നിർമ്മാണകർ എല്ലാ കാലങ്ങളിലും കുടുംബത്തിൻെറ ഐക്യത്തെ ഉറപ്പിക്കാൻ ശ്രമിച്ചിരുന്നു. കുടുംബം കഴിയുന്നേടത്തോളം ഒന്നിച്ചുനിൽക്കേണമെന്ന ലക്ഷ്യത്തെ മാനിച്ചുകൊണ്ടാണു് വ്യക്തികളുടെ അവകാശങ്ങൾ തീരുമാനിക്കപ്പെട്ടിരുന്നതു്.

കമ്പുകൾകൊണ്ടുണ്ടാക്കിയ വീടുകളിലാണു് ആദ്യകാലത്തു് ജനങ്ങൾ താമസിച്ചിരുന്നതു്. ഇവ കളിമണ്ണും വൈക്കോലും വെള്ളംകൂട്ടികലെത്തി പൂശിയവയായിരുന്നു; വെയിലുകൊണ്ടു് അവ ഉറച്ചു കട്ടിയായിത്തീന്നിരുന്നു. വാതിലുകൾ മരംകൊണ്ടുണ്ടാക്കപ്പെട്ടവയായിരുന്നു. മൺപൂശിയ കമ്പുകൾ മരപ്പലകകൾക്കുമേൽ വെച്ചാണു് വീടുകൾക്കു് തട്ടിട്ടിരുന്നതു്. പിന്നീടു്, ധനികവർഗ്ഗങ്ങളുടെ ഉയർച്ചയ്ക്കുശേഷം വലിയതും കെട്ടുറപ്പുള്ളതും സജ്ജീകൃതവുമായ വീടുകൾ ഉണ്ടാക്കിത്തുടങ്ങി. ആദ്യംമുതൽക്കുതന്നെ ജലസേചനശാസ്ത്രം പഠിക്കുവാൻ നദികളിലെ വാർഷികവെള്ളപ്പൊക്കങ്ങൾ മെസൊപൊട്ടേമിയയിലെ ജനങ്ങളെ നിർബ്ബന്ധിച്ചു. ക്രി. മു. 4000 ത്തോളം പഴക്കമുള്ള തോടുകളിലൂടെ, അധികമുള്ള വെള്ളം വിദൂരമായ വയലുകളിലേക്കു് തിരിച്ചുവിടപ്പെട്ടു. കാളകളെ പൂട്ടിയുള്ള നുകം വളരെമുമ്പുതന്നെ ഉപയോഗത്തിൽ വന്നു. ആദ്യത്തെ പണിയായുധങ്ങൾ കരിങ്കല്ലു്, കൊമ്പു്, എല്ലു് എന്നിവകൊണ്ടുള്ളവയായിരുന്നു. പക്ഷേ, പിന്നീടു് ലോഹങ്ങൾ ഉരുക്കിയുണ്ടാക്കുകയും മൺപാത്രങ്ങൾ ഇനാമലിടുകയും ഗ്ലാസ്സ് ഉണ്ടാക്കുകയും ചെയ്തു. തുണിത്തരങ്ങൾ പലനിറങ്ങളും മുക്കിയുണ്ടാക്കിയതും പൂക്കളും മററു ചിത്രപ്പണികളും ഉള്ളതുമായിരുന്നു. നെയ്ത്തു് ഒരു സക്കാർ വ്യവസായമായിരുന്നു എന്നു തോന്നുന്നു; അതു് വിപുലമായ തോതിൽ, ഭരണാധിപനാൽ നിയുക്തരായ ഓവർസീയർ-

മാരുടെ മേൽനോട്ടത്തിലാണ് നടത്തപ്പെട്ടിരുന്നതു്. കരയിലും വെള്ളത്തിലുമുള്ള ഗതാഗതം വളരെമുമ്പുതന്നെ പുഷ്ടിപ്രാപിച്ചിരുന്നു. ഭൂഗർഭശാസ്ത്രജ്ഞരുടെ അറിവിൽപ്പെട്ട ഏറ്റവും പഴക്കമുള്ള ചക്രത്തോടുകൂടിയ വാഹനങ്ങൾ കിഷിൽ കുഴിച്ചെടുക്കപ്പെട്ടിരിക്കുന്നു. ആദ്യമാദ്യം വാഹനങ്ങൾ കഴുതകളാലാണ് വലിക്കപ്പെട്ടിരുന്നതു്: ക്രി. മു. 2000മായപ്പോൾ കുതിരകൾ ഉപയോഗിക്കപ്പെട്ടുതുടങ്ങി. കച്ചവടത്തിന്നും സൈന്യങ്ങളുടെ സഞ്ചാരത്തിന്നുമായി രാജവീഥികൾ നിർമ്മിക്കുന്നതിൽ പല രാജാക്കന്മാരും ശ്രദ്ധപതിപ്പിച്ചു. ക്രമമായ ഒരു നാണയവ്യവസ്ഥിതി നടപ്പിലായിട്ടുണ്ടായിരുന്നില്ല; കച്ചവടം സാധാരണയായി സാധനവിനിമയംമൂലമായിരുന്നു. പക്ഷേ, അധികം താമസിക്കാതെ, സ്വർണ്ണവും വെള്ളിയും മൂല്യനിർണ്ണയത്തിന്നുള്ള മാനദണ്ഡങ്ങളായി ഉപയോഗിക്കപ്പെട്ടുതുടങ്ങി; സക്കാർമുദ്രയോടുകൂടിയ നാണയങ്ങളായല്ല, അംഗീകൃതമായ ഘനമുള്ള ചെറുതുട്ടുകളായിട്ടായിരുന്നെന്നുമാത്രം.

ക്രമേണ സാമൂഹ്യവർഗ്ഗങ്ങൾ വ്യതിരിക്തങ്ങളായി. രാജവംശത്തിന്നും സാധാരണജനതയ്ക്കും നടുക്കു് ഭൂമി നല്കപ്പെട്ട (പ്രത്യേകിച്ചും ആക്രമണങ്ങൾക്കുശേഷം) പ്രഭുവർഗ്ഗമുണ്ടായിരുന്നു. അസീരിയക്കാർക്കിടയിൽ ധനികവർഗ്ഗം വലിയ എസ്റ്റേററുടമകളായ പ്രഭുക്കന്മാരായിരുന്നു; ബാബിലോണിയയിലാകട്ടെ, ധനികന്മാരധികവും വ്യാപാരികളായിരുന്നു. ഒടുവിൽ, സമുദായം അഞ്ചുവർഗ്ഗങ്ങളായി പിരിഞ്ഞു: ധനികന്മാരായ പ്രഭുക്കന്മാരും വ്യാപാരികളും; ഗിൽഡുകളിൽ സംഘടിച്ച മേത്തരം ശില്പികളും കൈവേലക്കാരും; കൃഷകരും നഗരങ്ങളിലെ അശിക്ഷിതരായ—എങ്കിലുംസ്വതന്ത്രരായ—പ്രവൃത്തിക്കാരും; വലിയ

എസ്റ്റേറ്റുകളിൽ ഭൂമിയുമായി അഭേദ്യബന്ധം ഉണ്ടായിരുന്ന കൃഷിത്തൊഴിലാളികൾ; അവസാനമായി അടിമകൾ—ഇവരധികവും യുദ്ധത്തിൽ തടവുകാരാക്കപ്പെട്ടവരായിരുന്നു.

ക്ഷേത്രങ്ങളിൽ മിക്കവയോട്ടമനുബന്ധിച്ച് പുരോഹിതന്മാർ എഴുത്തും, ഗണിതവും, ഇതിഹാസവും, കടംകഥയും, മതവും പഠിപ്പിച്ചിരുന്ന വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. മെസൊപൊട്ടേമിയൻശാസ്ത്രം മന്ത്രവാദത്തിൽ നിന്നാണ് ആരംഭിച്ചതെങ്കിലും, അതു് ഒരു സ്വതന്ത്രശാസ്ത്രമായി പരിണമിക്കുന്നതിലേയ്ക്കു വളരെയധികം പുരോഗമിച്ചു. ജ്യോതിർഗ്ഗണിതം ജ്യോതിഷമായിട്ടാണ് ആരംഭിച്ചതു്. എന്നാൽ, സൂര്യചന്ദ്രന്മാരുടെ ഭ്രമണപഥങ്ങൾ നിർണ്ണയിക്കുക, അവയുടെ ഗ്രഹണങ്ങൾ പഠിക്കുക, ഗ്രഹങ്ങളുടെ സംക്രമണങ്ങൾ കണക്കാക്കുക, ഗ്രഹങ്ങളും നക്ഷത്രങ്ങളുംതമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക എന്നീ കാര്യങ്ങൾ ലോകത്തിൽ ആദ്യമായിചെയ്തജനത ബാബിലോണിയക്കാരായിരിക്കണം. മാസം നാലാഴ്ചകളായും, ഘടികാരങ്ങൾ 24 എന്നതിന്നുപകരം 12 മണിക്കൂറുകളായും, മണിക്കൂറു് 60 നിമിഷങ്ങളായും, നിമിഷം 60 സെക്കണ്ടുകളായും വിഭജിച്ചതും ബൊബിലോണിയക്കാരാണ്. അങ്ങനെ ആകാശമണ്ഡലത്തെ അപഗ്രഥിച്ച ബാബിലോണിയക്കാർ ഭൂപടങ്ങളിലൂടെ ഭൂമിയേയും വരച്ചുകാട്ടി.

മെസൊപൊട്ടേമിയക്കാൎക്ക് എല്ലാ കലകളിലും പല നേട്ടങ്ങളും എണ്ണി പറയുവാനുണ്ടു്. മൂന്നുമുതൽ ഏഴുവരെ പടികളുള്ള പിരമിഡുകളുടെ രൂപത്തിലുള്ള ഇഷ്ടികകൊണ്ടുള്ള കൂറ്റൻ ക്ഷേത്രങ്ങൾ ബൊബിലോണിയക്കാർ നിർമ്മിച്ചു. അസീരിയക്കാർ ഇഷ്ടികവേദികളിന്മേൽ കൂറ്റൻ രാജധാനികൾ നിർമ്മിച്ചു. ശില്പകലയായിരുന്നു ബാബിലോ

ണിയയിലെ പ്രധാന കല; മററു ഭാഗങ്ങളിൽനിന്നു കൊണ്ടുവന്ന ഒരുതരം ഉറപ്പുള്ള കല്ലുകൊണ്ടു് അവിടെ പ്രതിമകൾ കൊത്തിയുണ്ടാക്കപ്പെട്ടിരുന്നു. തൻെറ സ്മാരകങ്ങളായി പ്രതിമകൾ ഉണ്ടാക്കുന്നതിന്നു് ധാരാളം കല്ലുണ്ടാവണമെന്നുകരുതി, ഒരു രാജാവു് ഇത്തരം കല്ലിൻെറ ഉറവിടങ്ങൾ കൈവശത്തിലാക്കുന്നതിനുവേണ്ടി യുദ്ധംചെയ്യുകപോലുമുണ്ടായിട്ടുണ്ടു്. ഇരുന്നും നിന്നും, ഭക്തിപാരവശ്യത്തോടെ കരംകൂപ്പിക്കൊണ്ടുള്ള മനുഷ്യരുടെ പ്രതിമകൾ കണ്ടുകിട്ടിയിരിക്കുന്നു. ആദ്യകാലത്തുതന്നെ ബാബിലോണിയൻ കലാകാരന്മാർ മനുഷ്യൻെറതലയുള്ള കാളയുടെരൂപം കൊത്തിയുണ്ടാക്കിയിരുന്നു. പിന്നീടതു് ഏഷ്യൻ കലയിലേക്കും യൂറോപ്യൻകലയിലേക്കും സംക്രമിച്ചു. അസീറിയക്കാർ അപൂർവ്വമായേ മുഴുവൻ പ്രതിമകൾ നിർമ്മിച്ചിരുന്നുള്ളു. പരന്നതലത്തിൽ, ചിത്രശില്പങ്ങൾ കൊത്തിയുണ്ടാക്കാനാണു് അവർ ഇഷ്ടപ്പെട്ടതു്. യുദ്ധങ്ങളും നായാട്ടുകളും ചിത്രീകരിച്ചിരുന്ന ഈ കൊത്തുപണികൾ ജനങ്ങളുടെ സമരമനോഭാവത്തെ പ്രതിഫലിപ്പിച്ചിരുന്നു. അവയിലെ മൃഗചിത്രീകരണങ്ങൾക്കു്—പ്രത്യേകിച്ചു് കുതിരയുടെയും സിംഹത്തിൻെറയും ചിത്രീകരണങ്ങൾക്കു്—അത്ഭുതജനകമായ ഒരു സജീവതയുണ്ടു്; ഏതുകാലത്തും ഏതുദേശത്തും ഉണ്ടായിട്ടുള്ള ഏററവും നല്ല മാതൃകകളോടു കിടപിടിക്കുന്നവയാണവ. രാജധാനികളുടെ ചുമരുകൾ ചിത്രപ്പണികളാലലംകൃതങ്ങളായിരുന്നു. പക്ഷേ, ചിത്രകല ഒരുകാലത്തും ചുമരുകളിൽനിന്നിറങ്ങി ഒരു സ്വതന്ത്രകലയാവുകയുണ്ടായില്ല. ചുമരലങ്കാരത്തിന്നു് ചിത്രപ്പണികളുള്ള മിനുസപ്പെടുത്തിയ ഇഷ്ടികകൾ ഉപയോഗിച്ചിരുന്നു. ഈ കല പിന്നീടു് പേഴ്സ്യക്കാരെടുത്തു് ഒരുത്തമകലയാക്കിത്തീർത്തു. കൈത്തൊഴിലുകൾ ഒരുയന്ന നില

വാരം പ്രാപിച്ചു. ഇരുമ്പ്, ചെമ്പ്, വെള്ളി, സ്വർണ്ണം എന്നിവകൊണ്ട കമനീയമായുണ്ടാക്കിയ പാത്രങ്ങളും ആഭരണങ്ങളും, നേരിയ കൈത്തുന്നലുകളും, മിനുസമുള്ള കാർപ്പെറ്റുകളും, ഉജ്ജ്വലവർണ്ണങ്ങളുള്ള പുതപ്പുകളും കമനീയങ്ങളായ മേശകൾ, കസേലകൾ, കട്ടിലുകൾ എന്നിവയും ജീവിതത്തിന്നു മാററുകൂട്ടി. കാള, പശു, മാൻ തുടങ്ങിയ മൃഗങ്ങളുടെ തലകളാലലംകൃതമായ ചില ഉൽകൃഷ്ട ങ്ങളായ വീണകൾ ഊറിലെ രാജകീയശവമണ്ഡപങ്ങളിൽനിന്നു കണ്ടുകിട്ടിയിരിക്കുന്നു. ചെണ്ടകളും വാദ്യങ്ങളുമുണ്ടായിരുന്നു; ക്ഷേത്രങ്ങളിലും രാജധാനികളിലും ധനികരുടെ വിരുന്നുകളിലും, വാദ്യസംഘങ്ങൾ കച്ചേരികൾ നടത്തുകയും ഗായകർ ഒറ്റയ്ക്കും കൂട്ടമായും പാട്ടുകയും ചെയ്തിരുന്നു.

അദ്ധ്യായം രണ്ട്

## മനുഷ്യനും ദൈവവും

കല ജീവിതത്തിൽനിന്നു് ആവേശമുൾക്കൊള്ളുകയും, ശില്പചാതുര്യം ഭാവപ്രകാശനത്തെ പരിപൂർണ്ണമാക്കുകയും ചെയ്യുന്നു. ഈ രണ്ടു ഘടകങ്ങളുടെയും—ആവേശവും സാങ്കേതികരീതിയും—സമതുലനം കാലഘട്ടത്തിനനുസരിച്ചു വ്യത്യാസപ്പെടുന്നു. ക്ലാസിക്കൽ പക്വതയുടെ കാലഘട്ടത്തിൽ, സ്വാഭാവികമായി അബോധവും അതിയുക്തിപരവുമായ ആവേശം, ആത്മബോധപരമായ ശില്പചാതുരിമൂലം പരിപൂർണ്ണമായും സമതുലനം ചെയ്യപ്പെടുന്നു. ഘടകങ്ങൾക്കു വ്യതിരിക്തമായ അസ്തിത്വം ഇല്ലാതായിത്തീരുന്ന ഒരൈക്യമാണതിന്റെ ഫലം. ജീർണ്ണതയുടെ കാലഘട്ടങ്ങളിൽ, ആത്മബോധപരമായ കലാചാതുരി മുന്തിനില്ക്കുകയും, കല വെറും തൊഴിലായി മാറുകയും ചെയ്യുന്നു. നേരേമറിച്ചു് നാഗരികതയുടെ ആദ്യഘട്ടങ്ങളിൽ, ശില്പചാതുര്യഭാവം അബോധപരമായിരുന്നു; സഹജമായ സ്വന്തം നിയമങ്ങൾമൂലം വളർന്നുവന്ന സ്വാഭാവികരൂപങ്ങളുടെ ശക്തിയും സഹജന്യതയും സാഹിത്യത്തിനു കൈവരികയുംചെയ്തു. പതിനേഴും പതിനെട്ടും ശതകങ്ങളിലെ നിയോ ക്ലാസിസിസത്തിനു പഴയ നാഗരികതയുടെ ആദ്യകാലസാഹിത്യത്തെ ശരിയായ സാഹിത്യമായി അംഗീകരിക്കുവാൻ വലിയ വൈമനസ്യമുണ്ടായിരുന്നു. പത്തൊമ്പതാംശതകത്തിൽ, റൊമാൻറിക്ക് ഭാവനയുടെ പുനരാവിർഭാവം, ഉൾക്കാഴ്ചയിലെ ഈ ന്യൂനതയെ പരിഹരിച്ചു. സാഹിത്യത്തിന്റെയും കലയുടെയും പ്രാകൃതാരംഭത്തെ

വിലമതിക്കുന്നതിനു പ്രതിബന്ധമായിനിന്ന വിദ്വേഷങ്ങളെ നാമിന്നു് ഉപേക്ഷിക്കുകയും ചെയ്തിരിക്കുന്നു.

നിയോ ക്ലാസിസിസത്തിനു് സങ്കല്പത്തെയും അന്ധവിശ്വാസത്തെയും വേർതിരിച്ചുകാണാൻ എല്ലാപ്പോഴും സാദ്ധ്യമാകില്ല. നമ്മുടെ കാല്പനികജീവിതത്തിൻെറ പൂവിടലിൽ സങ്കല്പത്തിനുള്ള പ്രാധാന്യത്തെ നാം ഇന്നു് അംഗീകരിക്കയും, ഒരുപക്ഷേ, മറ്റേ അറ്റംവരെ പോകുകയും ചെയ്തിരിക്കുന്നു. എന്തെന്നാൽ, ഓരോ കവിയും തന്റെ സ്വന്തം സങ്കല്പങ്ങൾ ആരചിക്കാൻ ദത്തശ്രദ്ധനായിരിക്കുന്നതുപോലെയാണു കാണപ്പെടുന്നതു്. ഇതു് അസ്പഷ്ടതയിലേയ്ക്കു നയിക്കുകയും, എഴുത്തുകാരനും അനുവാചകനും തമ്മിലുള്ള ആശയവിനിമയത്തെ വിഷമതരമാക്കിത്തീക്കയും ചെയ്യുന്നു. യേറ്റ്സിന്റെ കൃതികളിലെ സാങ്കല്പികാംശം മിക്കതും വിവാദവിഷയമായിരിക്കുമ്പോൾ, എലിയട്ടിൻെറ 'വേസ്റ്റ്ലാൻഡ്'—ലെ കേന്ദ്രസങ്കല്പം പല പാരമ്പര്യങ്ങളുടെയും വ്യക്തിപരമായൊരു സമ്മിശ്രണമത്രെ. അവയുടെ വിശദീകരണത്തിനു വിപുലമായ അന്വേഷണം ആവശ്യമായും വരുന്നു. നേരേമറിച്ചു് മനുഷ്യവർഗ്ഗങ്ങളുടെ പ്രാകൃതികസങ്കല്പങ്ങളാകട്ടെ സമൂഹജീവിതത്തിൻെറ ഫലങ്ങളാണു്. ഈ വർഗ്ഗങ്ങളുടെ സമൂഹഹൃദയം, അവയിൽ, ലോകത്തെയും മനുഷ്യൻെറ അസ്തിത്വത്തെയുംകുറിച്ചു് ഏതാണ്ടു തൃപ്തികരമായൊരു വ്യാഖ്യാനത്തിനു മുതിരുന്നു. സങ്കല്പം സാഹിത്യത്തിൻെറ ആരംഭമാണു്; പലപ്പോഴും അതു് ഒന്നാംതരമൊരു നാന്ദിയുമാണു്.

ക്രിസ്തുവിനു് ഒൻപതുനൂററാണ്ടുകൾമുമ്പു്, മെസൊപൊട്ടേമിയയിലെ പൗരോഹിത്യവിരചിതമായ ദൈവങ്ങളുടെ പട്ടികയിൽ 65,000 ദൈവങ്ങളെപ്പറ്റി പറയുന്നുണ്ടു്. (ഇതിൽ അത്ഭുതപ്പെടേണ്ടതായിട്ടില്ല; എന്തെ

ന്നാൽ, ഹൈന്ദവപുരാണങ്ങൾ മുപ്പത്തുമുക്കോടി ദേവന്മാരെപ്പറ്റി പറയുന്നുണ്ടല്ലൊ.) അവരിൽ ബഹുഭൂരിപക്ഷവും, ഒരു പുരുഷാരത്തിലെ അജ്ഞാതത്വം അനുഭവിക്കുന്നവരാണ്. പ്രധാനദിവ്യന്മാർ കൈവിരലിലെണ്ണാവുന്നത്രയേ ഉള്ളു. ചരിത്രം നാലു ജനസമൂഹങ്ങളേയും ഏകീകരിച്ചതോടെ, അവരുടെ ദേവഗണങ്ങളും കൂട്ടിച്ചേൎക്കപ്പെട്ടു—മനുഷ്യരെ സംബന്ധിച്ചുണ്ടായതില്പം സമാധാനപരമായൊരു സംയോജനം. വിജിഗീഷുക്കളായ യുവസമൂഹത്തിന്റെ ദൈവം, സ്ഥാനഭ്രഷ്ടമാക്കപ്പെട്ട പഴയ സമൂഹത്തിന്റെ ദൈവത്തിന്റെ പ്രിയപുത്രനായിത്തീൎന്നു. ഇങ്ങനെ 'അനു' സ്വൎഗ്ഗത്തിന്റെ ഭരണാധിപനും അതുവഴി എല്ലാ ദേവന്മാരുടെയും പിതാവും രാജാവുമായിത്തീൎന്നു; 'എൻലിൽ' ഭൂമിയുടെ ഭരണാധികാരിയും, 'ഇയ' സമുദ്രത്തിന്റെ അധിപതിയുമായി. ബാബിലോണിയയുടെ അധിദേവതയായ 'മർദുക്' പിന്നീട് 'ഇയ'യുടെ പുത്രനായി കരുതപ്പെട്ടു. അദ്ദേഹത്തിനു്, വൃദ്ധനും പരിക്ഷീണനുമായിത്തീൎന്ന 'അനു' സസന്തോഷം അധികാരമേല്പിച്ചുകൊടുക്കുകയും ചെയ്തു.

ദേവരാജാവായ 'അനു' ഒരസ്പഷ്ടരൂപിയത്രെ. എന്നാൽ ഈ പ്രദേശത്തു് ആദ്യമായി ആരാധിക്കപ്പെട്ടുതുടങ്ങിയ ദേവൻ 'എൻലിൽ' ആണെന്നു തോന്നുന്നു; എന്തെന്നാൽ അദ്ദേഹം സുമേറിയന്മാരുടെ ദൈവമായിരുന്നു. ഏതോ ചില പൎവ്വതപ്രദേശങ്ങളിൽനിന്നു താഴ്വാരങ്ങളിലേയ്ക്കു വന്നവരാണീ ജനത. ഗിരിനിരകളെ വിറപ്പിച്ചുകൊണ്ടു കാറ്റുകളിലൂടെ, ഭയജനകമായ ആമന്ത്രണംപോലെ പാറക്കെട്ടുകളിൽ മാറ്റൊലിക്കൊണ്ട ഇടിമുഴക്കത്തിലൂടെ, പ്രപഞ്ചത്തിലെ ഏതോ മഹാശക്തിയെക്കുറിച്ചുള്ള ഏറ്റവും ശക്തിമത്തായ ഒരു സൂചന അവൎക്കു് അവ

രുടെ ആദ്യഗേഹത്തിൽവെച്ചുതന്നെ ലഭിച്ചിരുന്നു. അതു കൊണ്ടു്, താഴ്വാരങ്ങളിലേയ്ക്കു കൊടുങ്കാററുകളെ അടി ച്ചിറക്കുന്ന പർവ്വതനിരകളിലാണു് 'എൻലിൽ' നിവസി ക്കുന്നതെന്നു് അവർ കരുതി. എൻലിലിനെക്കുറിച്ചുള്ള ഒരു സ്തോത്രത്തിൽ, സജീവവും ഹൃദയസ്പർശകവുമായി, പ്രതിരൂപാത്മകമായി, അദ്ദേഹത്തിൻെറ ശക്തിയെ പ്ര കീർത്തിച്ചിട്ടുണ്ടു്. ദൃശ്യമായ കൊടുങ്കാററും പ്രളയവും, നിർ ലീനമായ ശക്തിയുടെ പ്രതീകങ്ങളായിത്തീരുന്നു:

"അപ്രതിരോദ്ധ്യമായി മുന്നേറുന്ന ഒരു കൊടുങ്കാററു്;
മുകളിൽ സ്വർഗ്ഗത്തിൽ ചീറിപ്പായുന്നു;
താഴെ ഭൂമിയെ കിടിലംകൊള്ളിക്കുന്നു.
ചതുപ്പുനിലങ്ങളെ മുഴുവൻ മൂടിക്കളയുന്ന,
പക്വമായ വിളവുകളെ മുക്കിക്കളയുന്ന,
ഒരു പ്രളയം, അണക്കെട്ടുകളെ തകർക്കുന്നു;
ഭീമാകാരങ്ങളായ വടവൃക്ഷങ്ങളെ അതു കടപുഴക്കുന്നു—
എല്ലാവസ്തുവിനെയും വിധേയത്വത്തിലേയ്ക്കുടിച്ചമർത്തി
ക്കൊണ്ടു്."

പിന്നീടു് സുമേറിയന്മാർ താഴ്വാരങ്ങളിൽ കർഷക രായി പാർപ്പുറപ്പിച്ചപ്പോൾ, എൻലിൽ സസ്യജാലങ്ങളു ടെയും വിളവുകളുടെയും ദേവനായിത്തീർന്നു; കൊടുങ്കാറ്റി ന്റെ ദേവനെന്ന സ്ഥാനം ഒരു സഹചാരിദേവനായ 'അ ദദി'ന്നു കൈമാറുകയും ചെയ്തു. എൻലിലും അദദും തമ്മി ലുള്ള ബന്ധം ശിവനും ഭൈരവനും തമ്മിലുള്ളതുപോലെ തന്നെയാണെന്നു പറയാം. "സ്വർഗ്ഗത്തിലും ഭൂമിയിലും സ മുദ്രങ്ങളിലുംകൂടി പാഞ്ഞുപോകുന്ന സംഹർത്താവു്" എ ന്നാണു് അദദ് വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളതു്. ദേവന്മാർ ഒരു പ്രളയമുണ്ടാക്കാൻ തീരുമാനിക്കുമ്പോൾ, ഭൂമിയെ

പ്രകമ്പിപ്പിക്കുന്ന ശക്തി അദ്ദേഹത്തിന്റേതാണ്. ഒരു സ്തോത്രത്തിൽ അദ്ദേഹം ഇപ്രകാരം വർണ്ണിക്കപ്പെട്ടുന്നു:

"ദേവൻ ക്രോധാവിഷ്ടനാകുമ്പോൾ,
സ്വർഗ്ഗം അദ്ദേഹത്തിൻെറ മുന്നിൽ വിറകൊള്ളുന്നു.
അദദ് രുഷ്ടനാകുമ്പോൾ
ഭൂമി അദ്ദേഹത്തിൻെറമുന്നിൽ പ്രകമ്പനംചെയ്യുന്നു.
മഹാപർവ്വതങ്ങൾ
അദ്ദേഹത്തിൻെറമുന്നിൽ തകർന്നുവീഴുന്നു.
അദ്ദേഹത്തിൻെറ ക്രോധത്തിൽ,
അദ്ദേഹത്തിൻെറ രോഷത്തിൽ,
അദ്ദേഹത്തിൻെറ ഗർജ്ജനത്തിൽ,
അദ്ദേഹത്തിൻെറ ഇടിമുഴക്കത്തിൽ,
സ്വർദ്ദേവതകൾ സ്വർഗ്ഗത്തേയ്ക്കു പിൻവാങ്ങുന്നു;
ഭൂദേവതകൾ ഭൂഗർഭത്തിലേയ്ക്കു പിമ്പടങ്ങുന്നു;
സൂര്യൻ സ്വർഗ്ഗത്തിൻെറ അസ്തിവാരത്തിലേയ്ക്കു നീങ്ങുന്നു;
ചന്ദ്രൻ സ്വർഗ്ഗത്തിൻെറ ആഴത്തിലപ്രത്യക്ഷനാകുന്നു."

ജീവദായകമായ ജലം, നാഗരികതയ്ക്ക് അനുപേക്ഷണീയമാകയാൽ 'ഇയ' നാഗരികതയുടെ ദേവനായിത്തീന്നു. മനുഷ്യവർഗ്ഗത്തിൻെറ സുഹൃത്തായ അദ്ദേഹത്തോടാണ് ആരും ആദ്യമായി സഹായമഭ്യർത്ഥിച്ചിരുന്നത്. സർവ്വസാക്ഷിയായ മറെറാരു ദേവനാണ് 'നബു'. അദ്ദേഹത്തിനു ഭൂത,ഭാവികാലങ്ങളെക്കുറിച്ചറിയാം. ചിഹ്നങ്ങൾ മനസ്സിലാക്കാൻ കഴിയുന്നവക്കുവേണ്ടി ഭാവിയെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുള്ള തകിടായിട്ടാണു നക്ഷത്രാലംകൃതമായ ആകാശത്തെ, ജ്യോതിശ്ശാസ്ത്രതല്പരരായ ബാബിലോണിയക്കാർ കരുതിവന്നത്. പക്ഷേ, സർവ്വശക്തൻെറ തീരുമാനങ്ങളെ രേഖപ്പെടുത്തിയിരുന്ന ഒരു ദേവൻമാത്രമാണ് നബു.

'ഷമാഷ്' സൂര്യദേവനാണ്. തന്റെ പ്രകാശവും ചൂട്ടും എല്ലാവഴിക്കും അയയ്ക്കുന്ന മനുഷ്യവർഗ്ഗോപകാരിയായി, അദ്ദേഹം പല സ്തോത്രങ്ങളിലും പ്രകീർത്തിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ കിരണങ്ങൾ കേദാരഭൂമികളിലെ വിളവുകളെ പക്വമാക്കുന്നു; അദ്ദേഹം എല്ലാ ക്ഷേമത്തിന്റെയും ഉറവിടമാണ്. സൂര്യദേവൻ പകൽമുഴുവൻ ഭൂമിയിൽ പ്രകാശിക്കുകയും അദ്ദേഹത്തിന്റെ രശ്മികൾ എല്ലായിടത്തും തുളച്ചുകടക്കുകയും ചെയ്യുന്നതുകൊണ്ട്, എല്ലാം അറിയുന്നവനും എല്ലാം അന്വേഷിക്കുന്നവനും തന്മൂലം ശരിയായി വിധികല്പിക്കാൻ പ്രാപ്തനും ആയ ഒരു ദേവനായി അദ്ദേഹം കണക്കാക്കപ്പെട്ടുവന്നു. അങ്ങനെ, അദ്ദേഹം ശിഷ്ടന്മാരെ സമ്മാനിക്കയും ദുഷ്ടന്മാരെ ശിക്ഷിക്കയും ചെയ്യുന്ന ന്യായാധിപതിയായിത്തീർന്നു.

പ്രകൃതിയിലെ വമ്പിച്ച പ്രക്രിയകളാൽ സൂചിപ്പിക്കപ്പെടുന്ന ഈ അത്യുന്നതന്മാരായ ദേവന്മാർക്കുപുറമേ, മന്ത്രങ്ങളാലും ശുദ്ധികർമ്മങ്ങളാലും നിയന്ത്രിക്കപ്പെടുന്നവരും വിവിധരോഗങ്ങൾക്കു കാരണഭൂതരുമായ ഒരുസംഘം ദുർദ്ദേവതകളെയും, ജനങ്ങളുടെ ഭാവനാശക്തി സൃഷ്ടിച്ചു. ഈ ദുർദ്ദേവതകളെക്കുറിച്ചുള്ള പരാമർശം, ഭീകരവും അഭൗമവും അദൃശ്യവുമായ ഒന്നിനെക്കുറിച്ച് കടുത്ത ഭയം ജനിപ്പിച്ചു.

"അഗാധതലങ്ങളിലൊന്നിൽ അവരുയിർക്കൊണ്ടു;
അവർ സ്ത്രീയും പുരുഷനുമല്ല;
സംഹാരചണ്ഡവാതങ്ങളാണവർ."

ആധുനികകാലത്ത് റൊമാന്റിസിസം, ആവേശകരവും ഭാവനാപൂർണ്ണവുമായ അനുഭൂതികൾക്ക് ശക്തിയേറിയ ഒരു ഉറവിടമായി പ്രേതകഥകളെ വീണ്ടും കണ്ടെത്തി.

എന്നാൽ അദൃശ്യവും അനിഷ്ടകാരിയുമായ ഒന്നിന്റെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കാനുള്ള ശക്തി, ഈ ലളിതവും ഋജുവുമായ വിവരണത്തെ എന്നെങ്കിലും അധികരിച്ചിട്ടുണ്ടോ എന്നു സംശയമാണു്.

"ആരാലും കാണപ്പെടാതെ
അതു് മനുഷ്യന്റെ അരികിൽ നിലകൊള്ളുന്നു;
ആരാലും അദൃശ്യരൂപിയായി
അതു് മനുഷ്യന്റെ അരികിലിരിക്കുന്നു."

ശിരോരോഗം ഒരു ദുർദ്ദേവതയുടെ പ്രവൃത്തിമൂലമുണ്ടാകുന്നതാണെന്നാണു സങ്കല്പം:

"ശിരോരോഗം കാന്താരങ്ങളിലലഞ്ഞുതിരിയുന്നു;
കൊടുങ്കാററുപോലെ ചീറിക്കൊണ്ടു്,
മിന്നൽപോലെ ജ്വലിച്ചുകൊണ്ടു്,
മുകളിലും താഴെയും ചീന്തിപ്പൊളിച്ചുകൊണ്ടു്,
തൻെറ സ്രഷ്ടാവിനെ ഭയപ്പെടാത്തവനെ
ഓടപ്പുല്ലിനെപ്പോലെ തകർത്തുകൊണ്ടു്."

ശുദ്ധികർമ്മങ്ങളിലുപയോഗിക്കുന്ന മന്ത്രങ്ങൾക്കു് ഒരു വശ്യശക്തിയുണ്ടു്; അവയിലെ വാക്കുകൾക്കു് വ്യക്തമായ അർത്ഥത്തിൽനിന്നും വിഭിന്നമായൊരു മാന്ത്രികശക്തിയുള്ളതായിത്തോന്നുന്നു. നമ്മുടെ കാലഘട്ടത്തിൽ യേറ്റ്സ്, കെൽറ്റിക്കു് നാടൻപാട്ടുകളിലെ ഈ സൂചനാശക്തിയെ കണ്ടെത്തുകയും തൻെറ ചില കവിതകളിൽ അതിനെ പുനരാവിഷ്ക്കരിക്കാൻ ശ്രമിക്കുകയുമുണ്ടായി. ശുദ്ധികർമ്മത്തിൻെറ മന്ത്രമിതാണു്:

"ശുദ്ധജലത്താൽ, സ്ഫടികജലത്താൽ
തെളിഞ്ഞ, തിളങ്ങുന്ന ജലത്താൽ

ഏഴപ്രാവശ്യം, വീണ്ടും ഏഴപ്രാവശ്യം
തളിക്കുക, ശുദ്ധീകരിക്കുക, പവിത്രമാക്കുക.''

ദുർദ്ദേവതകളെ ആട്ടിപ്പായിക്കുന്ന അവസാനമന്ത്രമിതാണു്:

''ദൂരെ, ദൂരെ, അതിദൂരെ, അതിദൂരെ
ലജ്ജിക്കുക, ലജ്ജിക്കുക, പറക്കുക, പറന്നകലുക!
പിൻതിരിയുക, ദൂരെപ്പോകുക, അതിദൂരെ,
നിന്റെതിന്മ, പുകപോലെ, സ്വർഗ്ഗത്തേക്കുയരട്ടെ.''

മെസൊപൊട്ടേമിയക്കാരുടെ മതസാഹിത്യത്തെക്കുറിച്ച് സശ്രദ്ധവും സൂക്ഷ്മവുമായി പഠനം നടത്തുന്നപക്ഷം, അവരുടെ മതബോധം പ്രാകൃതികമായ തുടക്കത്തിൽ നിന്നും ഉൾക്കാഴ്ചയുടെ നിലവാരത്തിലേക്കുയരുകയുണ്ടായെന്നു കാണാം. സങ്കല്പസൃഷ്ടിയുടെ പ്രഥമഘട്ടത്തിന്റെ സവിശേഷതകൾ, രൂപകല്പനയും സങ്കുചിതസ്വഭാവവുമായിരുന്നു. അങ്ങനെ, അദദ് കൊടുങ്കാറ്റിന്റെമൂർത്തീകരണവും, ഷമാഷ് ആകാരംപൂണ്ട സൂര്യനുമായി. ഒരു ഗോത്രദേവനായ എൻലിൽ, ''കറുത്തതലമുടിക്കാരായ ജനങ്ങ''ളുടെ—സുമേറിയന്മാർ സ്വയം വിളിച്ചിരുന്നതങ്ങനെയാണു്—ആട്ടിടയനുമായി. കാലം മാറുന്നതോടെ ഈ ധാരണകൾ മാറുന്നതും അഗാധമായിത്തീരുന്നതും നാം കാണുന്നു. ഷമാഷിനെക്കുറിച്ചുള്ള താഴെച്ചേർക്കുന്ന സ്തോത്രം തികച്ചും മതപരമല്ല. പ്രകൃതിക്കു രൂപംസങ്കല്പിക്കാൻ അനുവദിക്കുന്ന കവിതാസ്വാതന്ത്ര്യത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ ഒരു കവിക്കു് ഇതെഴുതാൻ കഴിയും:

''ജനങ്ങൾ ഉന്നതശിരസ്കരായി
സൂര്യപ്രകാശത്തിന്റെ നേർക്കു്

പ്രതീക്ഷാപൂർവ്വം നോക്കുന്നു.
സ്വർഗ്ഗത്തിൻെറ പരമമായ അതിരുകൾക്കുള്ള
വെളിച്ചമാണവിട്ടുന്ന്.
വിസ്തൃതഭൂമിയുടെ പതാകയാണങ്ങ്.
എല്ലാ മനുഷ്യരും
അങ്ങയെ സന്തോഷപൂർവ്വം നോക്കുന്നു."

പക്ഷേ, ക്രമേണ, ഈ ഋജുവായ രൂപകല്പന കുറേക്കൂടി ആഴമുള്ള മററു ചിലതിനു വഴിമാറിക്കൊടുക്കുന്നു. വെളിച്ചം ചൂട് എന്നീ ഭൗതികാനുഗ്രഹങ്ങളുടെ ദാതാവു മാത്രമല്ല, നമ്മുടെ ആന്തരികവ്യാപാരങ്ങളെ മനസ്സിലാക്കുന്ന ഒരു ശക്തിയുടെ പ്രതീകവുംകൂടിയാണ് സൂര്യൻ.

"എല്ലാനാട്ടിലുമുള്ള മനുഷ്യരുടെയും
ആഗ്രഹങ്ങൾ, അവരുടെ പ്രവൃത്തികൾ,
എല്ലാം അങ്ങറിയുന്നു, കാണുന്നു."

ഷമാഷ് ഒരു ഗോത്രദേവനല്ലാതായിക്കഴിഞ്ഞിരിക്കുന്നു; എല്ലാ നാട്ടുകളുടെയും ദൈവമാണദ്ദേഹം. ആത്യന്തികമായി അദ്ദേഹം ഭൂമിയുടെ അധിപതി മാത്രമല്ല, മരണാനന്തരജീവിതത്തിന്റെയും അധിനാഥനായിത്തീരുന്നു.

"കൃഷിഭൂമിയിലെ ഉല്പന്നങ്ങളുമായി
ആട്ടിടയൻ അങ്ങയുടെ സവിധത്തിലെത്തുന്നു;
അലഞ്ഞുതിരിയുന്ന പരേതാത്മാക്കൾ,
പാഞ്ഞുപോകുന്ന നിഴലുകൾ,
ഷമാഷ്, അങ്ങയുടെ അടുത്തെത്തുന്നു."

വെറും രൂപകല്പനയിൽനിന്നുള്ള അകന്നുപോകൽ, മർദുക് പ്രധാന ദേവനാകുന്ന രീതിയിൽനിന്നും കാണാൻ കഴിയും. ആദ്യം ഷമാഷിനെപ്പോലെ സൂര്യമണ്ഡല

ത്തിലെ ഒരു ദേവനായിരുന്ന മർദ്ദുക്, മാരുതദേവൻെറ കർത്തവ്യവും ഏറെറടുക്കുന്നു:

“അങ്ങയുടെ ദൃഷ്ടിയിൽനിന്നും
ആർക്കു രക്ഷനേടാൻ കഴിയും?
അങ്ങയുടെ ശക്തി
ഭൂമിയിലും സ്വർഗ്ഗത്തിലും പരന്നുകിടക്കുന്ന
വലിയൊരു വലയാണ്.
അതു സമുദ്രത്തെ വലയംചെയ്യുന്നു;
സമുദ്രം പ്രക്ഷുബ്ധമാകുന്നു.
കച്ഛപ്രദേശത്തെ അതു വലയംചെയ്യുന്നു;
കച്ഛപ്രദേശം ഞരങ്ങുന്നു.
യൂഫ്റട്ടീസിൻെറ തരംഗങ്ങളെ
അതു വലയംചെയ്യുന്നു.
മർദ്ദുക്കിൻെറ ആജ്ഞ
നദീതടത്തെ അസ്വസ്ഥമാക്കുന്നു.”

ചീറിയടിക്കുന്ന കൊടുങ്കാററിൻെറ ഒരു പ്രതീകമാണ് ഇതിലെ വല. ആദ്യം മാരുതദേവനെക്കുറിച്ചുള്ള സ്തോത്രങ്ങളിൽ മാത്രമേ ഇതുപയോഗിച്ചിരുന്നുള്ളു. പ്രകൃതിയിലെ ഓരോ സംഭവത്തിനുംപിന്നിൽ ഒരു പ്രത്യേക ദേവതയുണ്ടെന്നു സങ്കല്പിക്കുന്നതിനുപകരം, സങ്കല്പരചയിതാവായ പ്രതിഭാശക്തി, പ്രകൃതിയിലെ വിവിധസംഭവങ്ങൾക്കെല്ലാംപിന്നിൽ മഹത്തായ ഒരൊറ്റ ശക്തിയാണുള്ളതെന്ന ആശയാവിഷ്കരണത്തിനാണു മുതിരുന്നതു്. സൃഷ്ടിയെക്കുറിച്ചുള്ള കവിതയിൽ (ഇതിനെക്കുറിച്ചു നമുക്കു പിന്നീടു ചർച്ചചെയ്യേണ്ടതായിട്ടുണ്ടു്) ദേവന്മാർ മർദ്ദുക്കിനെ അവരുടെ നേതാവായി അംഗീകരിക്കുകയും അദ്ദേഹത്തെ നിരവധി വിശേഷണപദങ്ങളുപയോഗിച്ചു

സ്തുതിക്കുകയും ചെയ്യുന്നുണ്ട്. ഹിന്ദുമതത്തിലെ സഹസ്ര നാമത്തെയാണിതു് അനുസ്മരിപ്പിക്കുന്നതു്. എല്ലാ ദേവന്മാരുടെയും ജീവൻ, പവിത്രജീവിതത്തിന്റെ ദേവൻ, ശുദ്ധീകരണത്തിന്റെ സംവാഹകൻ, അനുകൂലവാതത്തിന്റെ ദേവൻ, അത്ഥനകൾ കേൾക്കുകയും കരുണകാണിക്കുകയും ചെയ്യുന്ന ദേവൻ, ക്ഷേമസ്ഥാപകനും ചെറുതിനെ വലുതാക്കുന്നവനുമായ സമൃദ്ധിയുടെ സ്രഷ്ടാവ്—എന്നെല്ലാം അവർ അദ്ദേഹത്തെ കീത്തിക്കുന്നു. അവസാനമായി, "പ്രപഞ്ചത്തിന്റെ ദൈവവും, എല്ലാ ജനപദങ്ങളുടെയും സ്രഷ്ടാവും, നക്ഷത്രമണ്ഡലത്തിന്റെ തുമ്പുകൾ കൈപ്പിടിയിൽ വെയ്ക്കുന്നവനും" ആണ് അദ്ദേഹം. അദ്വൈതവാദത്തിലേയ്ക്കും, സവ്വേശ്വരൻ എന്ന ആശയത്തിലേയ്ക്കുമുള്ള ചായ്‌വ്, പ്രാകൃതികമായ രൂപകല്പനയേക്കാൾ ഉയന്ന ഒരു നിലവാരത്തിലുള്ളതാണെന്നകാര്യം നിരാക്ഷേപമത്രെ. വിവിധസമൂഹങ്ങൾ, വിവിധകാലഘട്ടങ്ങളിൽ ആരാധിച്ചുപോന്നിരുന്ന പരാശക്തി വ്യത്യാസപ്പെട്ടിരുന്നിരിക്കാം. പക്ഷേ, ആ ആശയം ഉയന്ന ഒരു നിലവാരത്തിൽത്തന്നെ നില്ക്കുന്നു. 'ഇഷ്ടാറി'നെ (ഈ ദേവതയെക്കുറിച്ചു നമുക്കു പിന്നീടു വിശദമായി പരാമർശിക്കേണ്ടതുണ്ടു്) കുറിച്ചുള്ള താഴെച്ചേക്കുന്ന സ്തോത്രത്തിൽനിന്നു് ഇതു വ്യക്തമാകും:

"അവിടുന്നു് ലോകത്തിന്റെ പ്രകാശമാണു്,
അവിടുന്നു് സ്വഗ്ഗത്തിന്റെ ദീപ്തിയാണു്,
എല്ലാ ദേവതകളിലും ഉൽകൃഷ്ടയായ ദേവീ,
അവിടുത്തെ ശക്തിനിരതിശായിയത്രെ.

അവിടുന്നു് വിധികല്പിക്കുന്നു
അവിടുത്തെ തീർപ്പു് നീതിപൂവ്വകമത്രെ.

ഭൂമിയുടെ നിയമങ്ങളും
സ്വർഗ്ഗത്തിന്റെ നിയമങ്ങളും
ക്ഷേത്രത്തിന്റെയും ദേവാലയത്തിന്റെയും നിയമങ്ങളും
സ്വകാര്യഗേഹത്തിന്റെയും
രഹസ്യമണിയറയുടെയും നിയമങ്ങളും
അവിടുത്തേയ്ക്കു വിധേയമത്രെ.

അവിടുത്തെ പേരറിയപ്പെടാത്ത
സ്ഥലമെവിടെയുണ്ട്?
അവിടുത്തെ ആജ്ഞകൾ
അറിയപ്പെടാത്ത സ്ഥാനമെവിടെയുണ്ട്?

അവിടുത്തെ നാമശ്രവണത്തിൽ
ഭൂമിയും സ്വർഗ്ഗവും പ്രകമ്പനം ചെയ്യുന്നു;
ദേവന്മാർ വിറക്കൊള്ളുന്നു.

പീഡിതരെ അവിടുന്നു കാത്തരുളുന്നു;
മർദ്ദിതക്ക്
അവിടുന്നു് അനുദിനം നീതികൈവരുത്തുന്നു.

അവിടുന്നു് ദൃഷ്ടിപതിപ്പിക്കുന്നിടത്തെല്ലാം
മൃതർ ഉയിർക്കൊള്ളുന്നു;
രോഗഗ്രസ്തർ എഴുന്നേററുനടക്കുന്നു;
രോഗി, അവിടുത്തെ മുഖത്തു നോക്കുമ്പോൾ
അവന്റെ ഹൃദയം സമാശ്വസിക്കുന്നു.''

സർവ്വശക്തനെന്ന സമുന്നതാശയം, ഈ പ്രപഞ്ചത്തിലെ പരമമായ ശക്തിയെന്നു കരുതപ്പെട്ടുന്നതിന്റെനേക്കു്, മനുഷ്യനെ സംബന്ധിച്ചിടത്തോളം മൃദുലവും അത്ഥവത്തും സമുൽകൃഷ്ടവുമായ ഒരു മനോഭാവത്തിനു വഴി തെളിച്ചു. മനുഷ്യൻ ആദ്യം ഈ ശക്തിയുടെനേക്കു് പ്രീതിക്കുവേണ്ടിയും, തുടർച്ചയായ 'ഐശ്വര്യത്തിനുവേണ്ടിയും,

വൈഷമ്യങ്ങൾക്കിടയിൽ സഹായത്തിനുവേണ്ടിയും ആണ് പ്രാത്ഥിച്ചിരുന്നതു്. 'ഊർ'—ലെ ഒരു രാജാവ്, ദേവനായ എൻലിലിനോട്ട് ഇങ്ങനെ പ്രാത്ഥിച്ചു:

"അദ്ദേഹം എൻെറ ജീവിതം ദീർഘിപ്പിക്കുമാറാകട്ടെ
രാജ്യത്തെ
എന്നോടൊപ്പം ശാന്തിയിൽ വത്തിക്കുമാറാക്കട്ടെ.
സുഗന്ധൗഷധികളെപ്പോലെ എണ്ണമറ്റ ജനങ്ങളെ
അദ്ദേഹം
തുറന്ന കൈകളോടെ എന്നിലർപ്പിക്കുമാറാകട്ടെ.
ഭൂമിയിൽ അവരെന്നെ ഉദാരമതിയായി
കാണുമാറാകട്ടെ.
അജപാലകാ, നേതാവേ,
എന്നെ ശാശ്വതനാക്കിത്തീത്താലും."

മറെറാരുരാജാവിൻെറ പ്രാർത്ഥന ഇതാണ്:

"വിദൂരസ്ഥമായ ദിവസങ്ങൾവരെ
ജീവിതം വിധിക്കുമാറാകട്ടെ.
ഈ ദാസൻെറ സിംഹാസനത്തിൻെറ
അടിത്തറ ഉറയ്ക്കുമാറാകട്ടെ.
ഇവൻെറ വംശം
പൗരാണികമായിത്തീരട്ടെ.
വിശ്വം ഇവൻെറ നുകത്തിനധീനമായിത്തീരട്ടെ.
സുരക്ഷിതവേഗതയിൽ കുതിരകളെപ്പായിച്ചാലും."

ഇങ്ങനെ അത്ഥനാരൂപത്തിലാരംഭിക്കുന്ന പ്രാത്ഥന ക്രമേണ പരിപൂതവും ഹൃദയസ്പൃക്കാംവിധം പരിമൃദുലവുമായിത്തീരുന്നു. ലഗാഷിലെ സുമേറിയൻ രാജാവായ ഗുഡിയ—ചിത്രശില്പങ്ങൾ ഇദ്ദേഹത്തെ ഹൃദയാലുവും

പരമഭക്തനും ആയിട്ടാണ് ചത്രീകരിച്ചിരിക്കുന്നതു്—ത
ന്റെ നഗരത്തിന്റെ അധിദേവതയോടിങ്ങനെ പ്രാത്ഥിച്ചു:

"എനിക്കു മാതാവില്ല—അവിടുന്നാണെന്റെ മാതാവു്.
എനിക്കു പിതാവില്ല—അവിടുന്നാണെന്റെപിതാവു്.
അവിടുന്നു് എനിക്കു ജീവനിശ്വാസം നല്കിയിരിക്കുന്നു.
എന്റെ മാതാവേ, അവിടുത്തെ സംരക്ഷണയിൽ
അവിടുത്തെ നിഴലിൽ,ഞാൻ ഭക്തിപൂവ്വംനിവസിക്കും."

അദൃശ്യമെങ്കിലും, പരമോന്നതമായ ഒരു സന്നിധാനത്തിൻെറ നിഴലിൽ ജീവിക്കുകയെന്ന ബോധത്തിൽ നിന്നാണു് ധാമ്മിക ചിന്ത ഉടലെടുക്കുന്നതു്. അദ്ദേഹത്തിൻെറ സവിധത്തിൽ പരിശുദ്ധനായി നിലകൊള്ളാനും അദ്ദേഹത്തിൻെറ തുടൎന്നുള്ള സംരക്ഷണക്കൎഹനാകാനും വേണ്ടി, തൻെറ പാപങ്ങൾ കഴുകിക്കളയണമെന്നാണു് മനുഷ്യൻ ദൈവത്തോടു പ്രാത്ഥിക്കുന്നതു്. ഒരു ബാബിലോണിയൻ പ്രാത്ഥനയാണിതു്:

"ഞാൻ ചെയ്ത പാപത്തെ നന്മയായി മാററുക,
എന്റെ അപരാധങ്ങളെ കാററടിച്ചുകളയട്ടെ.
എന്റെ ദുഷ്കമ്മഗണങ്ങളെ
ഒരു മലിനവസ്ത്രമെന്നപോലെ എന്നിൽനിന്നും
എന്റെ ദൈവമേ, [മാറ്റിക്കളയുക.
എന്റെ പാപങ്ങൾ ഏഴേഴിരട്ടിയാണെങ്കിലും
എന്റെ പാപങ്ങളെ കഴുകിക്കളയുക.
അവിടുത്തെ ഹൃദയം,
ശിശുക്കളെ പെററുവളത്തിയ ഒരു മാതാവിൻെറ
ഹൃദയംപോലെ സന്തോഷിക്കട്ടെ.
ശിശുക്കളെ പെററുവളത്തിയമാതാവിനെപ്പോലെ

അവരെ ജനിപ്പിച്ച പിതാവിനെപ്പോലെ
അതു സന്തോഷിക്കട്ടെ."

സംഭവബഹുലമായ ചരിത്രഗതിക്കിടയിൽ, മെസൊപൊട്ടേമിയൻ രാജ്യങ്ങളിൽ പല ആക്രമണങ്ങളും നടന്നിട്ടുണ്ട്; ശത്രുക്കൾ നഗരങ്ങൾ കൊള്ളയടിക്കയും, ക്ഷേത്രങ്ങൾ അശുദ്ധമാക്കുകയും, ചിലപ്പോഴെല്ലാം ദേവവിഗ്രഹങ്ങളെ വിദൂരനാടുകളിലേയ്ക്കു് എടുത്തുകൊണ്ടുപോകയും ചെയ്തിരുന്നു. ഇത്തരം സന്ദർഭങ്ങൾ ശോകഗീതികളാലപിക്കുന്നതിനവസരമുണ്ടാക്കി. ഈ പ്രായശ്ചിത്തപ്രാർത്ഥനകൾ മനഃശാസ്ത്രപരമായി അതീവ രസകരങ്ങളത്രെ. എന്തെന്നാൽ ചരിത്രത്തിലെ ഈ ദുരന്തഘട്ടങ്ങളിൽ തങ്ങളുടെ ദേവന്മാരും തങ്ങളെ ഉപേക്ഷിച്ചു പോകുന്നതായുള്ള ഒരു തോന്നൽ ജനങ്ങളിലുണ്ടാകുന്നതായി ഇവ വെളിപ്പെടുത്തുന്നു. ഈ ആശയത്തിൽ ഗഹനതയുടെ ബീജങ്ങളുണ്ടു്; എന്തെന്നാൽ, അധിദേവന്മാരും ദേവതകളും ഒരു പരാശക്തിക്കു വിധേയരാണു്; ആ ശക്തിയെ വെറുപ്പിക്കുമ്പോഴാണു് ചരിത്രത്തിൽ ഇത്തരം ദുരന്തഘട്ടങ്ങളാവിർഭവിക്കുന്നതു്. ജനങ്ങൾ അധിദേവതകളുമായി താദാത്മ്യം പ്രാപിച്ചിരുന്നു. ജനങ്ങളെ ബാധിച്ച ദുരവസ്ഥ ആ ദേവതകളെയും ബാധിച്ചിരുന്നു. അശുദ്ധരാക്കപ്പെട്ട ദേവതകൾ ഉച്ചരിച്ച രീതിയിലാണു് ഈ വിലാപഗീതികളിൽ പലതും. 'എറെക്കു്' നിപതിച്ചപ്പോൾ നാന എന്ന ദേവത ഇപ്രകാരമാണത്രെ വിലപിച്ചതു്:

"ശത്രു എന്റെവസ്ത്രം ചീന്തിയെടുത്തു.
അതുകൊണ്ടവൻെറ പത്നിയെ അണിയിച്ചു.
ശത്രു എന്റെ ആഭരണങ്ങൾ പറിച്ചെടുത്തു.
അവൻെറ പുത്രിയെ അവ അണിയിച്ചു.

എൻ്റെക്ഷേത്രത്തിൽ അവരെന്നെ അനുധാവനംചെയ്തു.
എൻെറമണ്ഡപത്തിൽ അവരെന്നെ ഭയപ്പെടുത്തി.
ഉത്തരത്തിന്മകളിലിരുന്നു വിറയ്ക്കുന്ന
ഒരു അരിപ്പിറാവിനെപ്പോലെ ഞാനിരുന്നു.
എൻെറ ക്ഷേത്രത്തിൽനിന്നും
ഒരു പക്ഷിയെപ്പോലെ അവരെന്നെപ്പുറപ്പിച്ചു.
എൻെറ നഗരത്തോട് 'നീ എൻെറ നഗരമല്ല'
എന്നു ഞാൻ വിലപിക്കുന്നു.
'ഞാനതിൽ കടക്കുകയില്ല' എന്നുഞാൻ പറയുമ്പോഴും
അതിൻെറ സൗന്ദര്യം എന്നെ ദഹിപ്പിക്കുന്നു.
'ഞാനതിലേയ്ക്കുമടങ്ങിവരില്ല'എന്നുഞാൻപറയുമ്പോഴും
അതിനെക്കുറിച്ചുള്ള എൻെറ മോഹം
എന്നെ വിനഷ്ടയാക്കുന്നു."

അടിമയാക്കപ്പെട്ട് ദൂരദേശത്തേയ്ക്കു കൊണ്ടുപോക പ്പെട്ട ഒരു സ്ത്രീയേപ്പോലെ, ആ ദേവത, ഹൃദയസ്പൃക്കായ ഈ വരികളിലൂടെ തൻെറ ദേശപ്രേമം വെളിപ്പെടുത്തു ന്നു. പക്ഷേ, അവൾ നിസ്സഹായയാണ്. പരാശക്തി, അവളുടെ ജനങ്ങളുടെ വിധി വിരചിച്ചപ്പോൾത്തന്നെ അ വളുടെ വിധിയും വിരചിച്ചുകഴിഞ്ഞിരിക്കുന്നു. കൊള്ള യടിക്കപ്പെട്ട മറ്റൊരു നഗരത്തിലെ ദേവത ഇങ്ങനെയാ ണത്രെ വിലപിച്ചതു്:

"ദൈവാജ്ഞ, ആട്ടിൻപറ്റത്തെ നശിപ്പിക്കയും
ആലകൾ ഛിന്നഭിന്നമാക്കയുംചെയ്യുന്നു.
എൻെറ പൂവാടി നശിപ്പിക്കപ്പെട്ടു;
എൻെറവനങ്ങൾ ഇലകളില്ലാത്തതാക്കപ്പെട്ടിരിക്കുന്നു.
കാണുക,
പരാശക്തി എന്നെ, എന്നെപ്പോലും

S. V. BHARATA GRANDHASALA THENNOORKONAM VENGANOOR. P. O.

ഒരു വെറും ഓടപ്പുല്ലിനുതുല്യം താഴ്ത്തിക്കളഞ്ഞിരിക്കുന്നു.
എന്നെ, കാറ്റിൽപ്പെട്ട, നിരാലംബമായ
വെറുമൊരു ലതയെപ്പോലെയാക്കിത്തീർത്തിരിക്കുന്നു.''

എൻലിലിൻെറ നഗരിയായ 'നിപ്പൂർ' നിപതിച്ചപ്പോൾ ദീനാക്രന്ദനം പരമകാഷ്ഠയിലെത്തുകയും, മനുഷ്യവർഗ്ഗത്തിനിതുവരെ പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്ത, ചരിത്രപരമായ വിധിയുടെ നിഗൂഢതയെ സ്പർശിക്കുകയും ചെയ്തു.

''ദേവാധിദേവാ,
ലോകങ്ങളുടെ അധിനായകാ,
ആഴമാണ്ട മനുഷ്യഹൃദയത്തിൻെറ,
പവിത്രപദത്തിൻെറ,
പ്രപഞ്ചത്തിൻെറ, അധീശാ,
അത്യുന്നതനായോനേ,
ഈ വിലാപം ശ്രവിച്ചാലും...
ശിഥിലീകൃതമായ ക്ഷേത്രങ്ങൾക്കുവേണ്ടി
വിലപനം നടത്തട്ടെ.
തകർക്കപ്പെട്ട ദേവാലയങ്ങൾക്കുവേണ്ടി
വിലപനം നടത്തട്ടെ.
ആരുടെ പദ്ധതികളുടെ സത്ത,
ആരുടെ ചിന്ത, മനുഷ്യബുദ്ധിക്ക് അതീതമോ,
ആ ദൈവവിധിയുടെ സത്തയാണ് എൻലിൽ...
മുകളിൽ, സ്വർഗ്ഗത്തെ നിശ്ചലമാക്കുന്നദൈവവിധി—
താഴെ, ഭൂമിയെനിശ്ചഞ്ചലമാക്കുന്ന ദൈവവിധി—
ദേവഗണങ്ങൾക്കിടയിൽ ഭീതിജനിപ്പിക്കുന്ന
അതിനൊരു പ്രവാചകനില്ല; [ദൈവവിധി—
അതിനൊരു മാന്ത്രികനില്ല.''

ഏതെങ്കിലുമൊരു വെളിച്ചപ്പാടിനെയോ പ്രവാചകനെയോ ദൈവത്തിൻെറ യഥാൎത്ഥശബ്ദമായി അംഗീകരിക്കുന്നതിനു്, മനുഷ്യവൎഗ്ഗത്തിനു ഗുരുതരമായ വിഷമതകളുണ്ടെന്നുള്ള സ്ഥിരമായ നിശ്ശബ്ദതയാണിതു്. വിധി, അടയ്ക്കപ്പെട്ട ഒരു ഗ്രന്ഥമായിരിക്കെ, യാതനയെ പഴയ അപരാധത്തിൻെറ കയ്പേറിയ ഫലമോ ശുദ്ധീകരണപ്രായശ്ചിത്തമോ ആയി കരുതാമെന്ന ഒരവ്യക്തബോധമുളവാകുന്നു. ദൈവനീതിയിലുള്ള വിശ്വാസം അങ്ങനെ നിലയുറയ്ക്കുന്നു. അസീരിയയിലെ രാജാവായ എസാർഹെഡ്ഡോൺ സൂര്യദേവനോടു് ഇങ്ങനെ പ്രാൎത്ഥിച്ചു: "ന്യായാധിപതേ, അങ്ങയുടെ വദനത്തിൽനിന്നുള്ള വിധി നീതിപരമാണു്. വിദൂരസ്ഥമായ മേഘലങ്ങളുടെ അന്തരാളത്തിൽ വിലങ്ങനെ, ദുഷ്ടതയെ സംഹരിച്ചു്, ദുഷ്ടതയുടെ കെണികളെ നശിപ്പിച്ചു്, പ്രഭാപൂരിതമായ സ്വൎഗ്ഗത്തിൽ അങ്ങു് ഇരുന്നരുളുന്നു."

ലോകജീവിതത്തിൻെറ മായാവിഭ്രാന്തിയിൽ, യുക്തിബോധത്തിലേയ്ക്കുള്ള സുവ്യക്തപ്രകാശം ഇനിയും അനുവദിക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നതെങ്കിലും, ലോകത്തെയും, മനുഷ്യനെയും, മനുഷ്യൻെറ വിധിയെയും കുറിച്ചുള്ള സംശ്ലിഷ്ടവും പൂർണ്ണവുമായ ഒരു ചിത്രം വിരചിക്കാൻ മേധാശക്തിക്കു കഴിയുന്നില്ലെങ്കിലും, ആത്മശുദ്ധീകരണം, ആക്ഷം ഇപ്പോൾ ഇവിടെ ഏറ്റെടുക്കാവുന്ന ഒരു കൎത്തവ്യമായിത്തന്നെ അവശേഷിക്കുന്നുണ്ടു്. മനുഷ്യനെ സൃഷ്ടിച്ചശേഷം ദൈവമായ മർദൂക് അവനോടു് ഇങ്ങനെ അനുശാസിച്ചു:

"നിൻെറ സ്രഷ്ടാവിൻെറനേക്കു്
നീ ഹൃദയവിശുദ്ധിയോടെ വൎത്തിക്കണം;
എന്തെന്നാൽ ദൈവമഹിമ അതാണു്."

ആത്മവിശ്വാസത്തിൻെറ അത്യുച്ചകോടിയിൽ, പ്രബലനായ നെബുക്കഡ്നെസ്സർ, തനിക്കു നല്ലതായ വസ്തുക്കൾ ഏതൊക്കെയെന്നു തനിക്കറിയാമെന്നു കരുതുകയും ദേവനായ നബുവിൻെറ മാദ്ധ്യസ്ഥത്തിനുവേണ്ടി പ്രാത്ഥിക്കയും ചെയ്തു:

"സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും
അതിരുകൾ രേഖപ്പെടുത്തുന്ന,
അങ്ങയുടെ അചഞ്ചലമായ തകിടിൽ,
എന്റെ ദിവസങ്ങളുടെ ദൈർഘ്യം പ്രഖ്യാപിക്കുക;
എന്റെ സന്തതികളെക്കുറിച്ച് രേഖപ്പെടുത്തുക.
ഭൂമിയുടെയും സ്വർഗ്ഗത്തിൻെറയും രാജാവായ,
അങ്ങയെ സൃഷ്ടിച്ച പിതാവായ,
മർദൂക്കിനുമുന്നിൽ
എൻെറ പ്രവൃത്തികളെ പ്രിയതരമാക്കുക,
എനിക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുക."

പക്ഷേ, പകാത പ്രാപിച്ചപ്പോൾ, അദ്ദേഹത്തിനു വേണ്ടി മാദ്ധ്യസ്ഥംവഹിക്കാൻ ചെറിയ ദേവന്മാരെയൊന്നും ആവശ്യമായി വന്നില്ല. അദ്ദേഹം മർദൂക്കിനോടു നേരിട്ടുപ്രാത്ഥിക്കയും, ലോകദൃഷ്ട്യാ തുച്ഛമെങ്കിലും,വാസ്തവത്തിൽ കൂടുതൽ വിലപ്പെട്ട അനുഗ്രഹങ്ങൾക്കുവേണ്ടി അത്ഥിക്കയും ചെയ്തു.

"അങ്ങയുടെ ഭയദശക്തിയെ,
സ്നേഹാർദ്രമായ കൃപയാക്കി
അങ്ങയുടെ ദിവ്യത്വത്തോടുള്ള ഒരു ഭക്തിയാക്കി
മാററുക.
എനിക്കു നന്നെന്നു് അങ്ങുനിനച്ചതു നല്കുക!"

അദ്ധ്യായം മൂന്നു്

## സൃഷ്ടി, പ്രളയം, സസ്യജീവിതചക്രം

പഴയ വേദത്തിൽ ഉത്പത്തിപ്പുസ്തകത്തിലെ സൃഷ്ടി വിവരണത്തിൽ, സ്വന്തം വാക്ശക്തികൊണ്ടു് ആദ്യാന്ധകാരത്തിൽനിന്നും ലോകത്തെ സൃഷ്ടിക്കുന്ന, നേരത്തേതന്നെ നിലവിലുള്ള, ഒരൊററ ദൈവത്തെ ജൂതഭാവന വ്യക്തമായി ചിത്രണം ചെയ്തിട്ടുണ്ടു്. നേരേമറിച്ചു് സൃഷ്ടിയെക്കുറിച്ചുള്ള ബാബിലോണിയൻ കവിത ആദ്യാന്ധകാരത്തെ അടിസ്ഥാനപരമായ യാഥാർത്ഥ്യമായി കണക്കാക്കി. ദൈവങ്ങൾതന്നെ ആദ്യാന്ധകാരത്തിൽനിന്നാണു് രൂപംകൊണ്ടതു്. അവരിലൊരാൾ തങ്ങളുടെയെല്ലാം മാതാവിനെ യുദ്ധത്തിൽ കൊന്നതിനുശേഷം മാത്രമാണു് ലോകം സൃഷ്ടിക്കപ്പെട്ടതു്.

കവിതയുടെ ആദ്യഭാഗത്തു്, ആകാശം മുകളിലും ഉറച്ച ഭൂമി താഴെയും ആയി വേർതിരിച്ചിട്ടില്ലാതിരുന്ന കാലത്തേയ്ക്കു്, സമയത്തിൻെറതന്നെ ആരംഭത്തിലേയ്ക്കു്, തിരിയെ പോകാൻ ഈ ജനങ്ങളുടെ ഭാവന ഉജ്ജ്വലമായ ഒരു ശ്രമം നടത്തുന്നു. അന്നു നിലങ്ങൾ വേർതിരിക്കപ്പെട്ടിരുന്നില്ല. മുളകൾ കുരുത്തിരുന്നില്ല. ദൈവങ്ങളൊന്നും മുന്നോട്ടു വരികയോ ഒരു പേരു വഹിക്കുകയോ ചെയ്തിരുന്നില്ല. ഭാഗധേയങ്ങളൊന്നും ക്ലിപ്തപ്പെട്ടത്തിയിരുന്നില്ല. അതായതു്, കാര്യങ്ങളുടെ ഭാവിയെക്കുറിച്ചു് ഒന്നും തീരുമാനിച്ചിരുന്നില്ല. പ്രഭാതത്തിനുമുമ്പുള്ള ഈ അന്ധകാരത്തിൽ, രണ്ടു മൂർത്തികൾ മൗലികമായ അവ്യവസ്ഥിതിയെ പ്രതിനിധാനംചെയ്തു—റ്റിയാമത്തും, അപ്സുവും. ഇവ

രുടെ സംയോഗം എല്ലാ ദൈവങ്ങൾക്കും ജന്മം നൽകി. മു മ്മുവാണ് ആദ്യം ജനിച്ചതു്. റ്റിയാമത്തിൻെറ അർത്ഥം കടലെന്നും അപ്സുവിൻേറതു് ആഴമെന്നും മുമ്മുവിൻേറ തു് ജലമെന്നും ആകയാൽ ബാബിലോണിയക്കാർ ആദ്യ മൂലകമായി കരുതിയതു് വെള്ളത്തെ ആണെന്നു തോന്നു ന്നു. ആദ്യാന്ധകാരത്തെ അന്തരീക്ഷംമുഴവൻനിറഞ്ഞ ജലപ്രളയമായി അവർ വിഭാവനം ചെയ്തു. സമുദ്രത്തി ൻെറ അസ്വസ്ഥതയും, അതിനുള്ളിൽ കണ്ടുവരുന്ന വി സ്മയകരവും സുന്ദരവും ഒപ്പംതന്നെ ഭീകരവുമായ രൂപങ്ങൾ സൂചിപ്പിക്കുന്ന അതിൻെറ വമ്പിച്ച ഉൽപാദനശക്തിയും ആദ്യാന്ധകാരത്തിൻെറ, യാതൊരു വ്യവസ്ഥയും അതു കൊണ്ടു സത്വഗുണവും ഇല്ലാത്ത ഒരു ശക്തിയുടെ, ലക്ഷ ണങ്ങളായി ബാബിലോണിയൻഭാവന സ്വീകരിച്ചു. ആദ്യസമുദ്രത്തിൻെറ ഈ മൂന്നു ഗുണാരോപങ്ങൾ അവ സാനപദ്യത്തിൽ മൂന്നു പാഠാന്തരങ്ങൾ സംയോജിപ്പിച്ച തിൻെറ ഫലമായിരിക്കാം. റ്റിയാമത്ത് മാതാവും അ പ്സു പിതാവും മുമ്മു ആദ്യസന്താനവും ആയുള്ള, ആദി ദൈവങ്ങളുടെ കുടുംബമായി, സൗകര്യപ്രദവും സാധാര ണവുമായ രീതിയിൽ, ചിത്രീകരിക്കുകയായിരുന്നു ഇതി നു സ്വീകരിച്ച മാർഗ്ഗം.

ഈ ആദ്യസംഘം അതിൻെറ അസുരത്വം നിലനി ർത്തിയെങ്കിലും ദൈവങ്ങളുടെ അടുത്ത തലമുറകൾ ഉത്ത രോത്തരം പ്രബുദ്ധമായ ഒരു പ്രകൃതിയിലേയ്ക്കു നീങ്ങി. രണ്ടുകൂട്ടരുംതമ്മിൽ ബദ്ധവൈരമാകയും ഹിന്ദുപുരാണ ത്തിലെ ദേവാസുരയുദ്ധംപോലെ ഭയങ്കരമായ ഒന്നു പൊട്ടി പ്പുറപ്പെടുകയും ചെയ്തു. റ്റിയാമത്താണ് ആക്രമണം ആ രംഭിച്ചതു്. അവൾ ഒരു ഉഗ്രസൈന്യത്തെ സൃഷ്ടിച്ചു. കൂ ർത്തപല്ലും കൊമ്പും, ശരീരംനിറയെ രക്തത്തിനുപകരം

വിഷവുമുള്ള വലിയസർപ്പങ്ങൾ, കണ്ണഞ്ചിക്കുന്ന തിളക്കമുള്ളതും രാക്ഷസാകാരവുമായവ്യാളങ്ങൾ, തേൾമനുഷ്യർ, മത്സ്യമനുഷ്യർ തുടങ്ങി അനേകം ഭയങ്കരജീവികളെ സൃഷ്ടിച്ച് ആയുധം ധരിപ്പിക്കുകയും അവയെയെല്ലാം കിങ്സുവിൻെറ നിയന്ത്രണത്തിലാക്കുകയും ചെയ്തു. പരമദൈവപദത്തിൽ അവരോധിച്ചുകൊണ്ടുള്ള വിധിശിലകൾ റ്റിയാമത്ത് അദ്ദേഹത്തിനു നൽകി. ഈ പുതിയ ദൈവത്തിൻെറ ആവിർഭാവം, അവസാനപദ്യത്തിൽ മറെറാരു പാഠാന്തരംകൂടി കൂട്ടിച്ചേർത്തുവെന്നു സൂചിപ്പിക്കുന്നു.

ദൈവങ്ങളുടെ നേതാവായ അനു റ്റിയാമത്തിനെ സമാധാനപ്പെടുത്താൻ ശ്രമിച്ചെങ്കിലും അവളുടെ ബീഭത്സജനകമായ സന്നിധിയെ സമീപിക്കാൻപോലും കഴിഞ്ഞില്ല. മാദ്ധ്യസ്ഥത്തിനുള്ള മററു ശ്രമങ്ങളും ഇതുപോലെതന്നെ പരാജയപ്പെട്ടു. അവസാനം ദൈവങ്ങൾ മർദുക്കിനെ തങ്ങളുടെ രക്ഷകനായി തിരഞ്ഞെടുത്തു. ദൈവസഭയിൽവച്ച് അദ്ദേഹത്തിൻെറമേൽ മഹത്തായ ബഹുമതികൾ അർപ്പിക്കപ്പെട്ടു. ദൈവങ്ങളുടെ മേധാവി അദ്ദേഹത്തെ തൻെറ പിൻഗാമിയായും പ്രപഞ്ചത്തിൻെറമുഴുവൻ ഭരണാധിപനായും വാഴിച്ചു. മർദുക് ഭയങ്കരമായ ആയുധങ്ങൾധരിച്ചു. തീജ്ജ്വാലകളായിരുന്നു അദ്ദേഹത്തിൻെറ ശരീരംമുഴുവൻ. അദ്ദേഹത്തിൻെറ മുന്നിൽ മിന്നൽ മിന്നിത്തെളിഞ്ഞു. അനു നൽകിയ വലിയ വല അദ്ദേഹം അന്തരീക്ഷത്തിൻെറ നാലു പ്രധാനഭാഗങ്ങളിൽ ഉറപ്പിച്ചു. തോല്പിക്കപ്പെട്ടതിനുശേഷം രാക്ഷസവർഗ്ഗത്തിലെ യാതൊരുവരും രക്ഷപ്പെടാതിരിക്കാനായിരുന്നു ഇതു്. തന്നെ പിന്തുടരാൻ അദ്ദേഹം ഏഴു ചണ്ഡവാതങ്ങളെ സൃഷ്ടിച്ചു. പ്രളയമെന്ന മഹായുധം അദ്ദേഹത്തിന്റെ

ആയുധപ്പട്ടിക പൂർത്തിയാക്കി. എല്ലാം ഒരുക്കിയതിനുശേഷം അദ്ദേഹം തന്റെ തടുക്കാനാവാത്ത, നിർദ്ദയം മുന്നോട്ടുകുതിക്കുന്ന, വേഗത്തിൽ പറക്കുന്ന, വിഷംനിറഞ്ഞതും നരയൊലിക്കുന്നതുമായ പല്ലുകളോടുകൂടിയ, ഉയരത്തിൽ ചാടാൻ പരിചയമുള്ള, മറിച്ചു താഴെയിടാൻ പഠിച്ചിട്ടുള്ള നാലു കുതിരകളെക്കെട്ടിയരഥത്തിൽ ആരൂഢനായി.

തുടർന്നുനടന്ന യുദ്ധത്തിൻെറ വർണ്ണന, ഹേമന്തവർഷർത്തുക്കൾ, വസന്തമായും ഗ്രീഷ്മമായും മാറുന്നതിനെ അടിസ്ഥാനമാക്കിയുള്ള പ്രകൃതിപുരാണംകൂടി സൃഷ്ടികഥയിലുണ്ടെന്നു സൂചിപ്പിക്കുന്നു. റ്റിയാമത്തിൻെറ രാക്ഷസീയ ചിന്തകൾ ലോകമൊട്ടാകെ തടസ്സമെന്യേ ആധിപത്യം പുലർത്തിയിരുന്ന തമോമയമായ കാലമായാണു് കൊടുങ്കാറ്റും മഴയും നിറഞ്ഞ ഹേമന്തം ചിത്രീകരിക്കപ്പെട്ടിരുന്നതു്. ഹേമന്തത്തെ ഓടിച്ചുകററുന്ന വസന്തസൂര്യൻ റ്റിയാമത്തിൻെറ ജേതാവായി അന്ധകാരത്തെ അടിപ്പെടുത്തിയതിനുശേഷം ക്രമസമാധാനങ്ങൾ പാലിക്കപ്പെട്ടു.

മർദുക് ഒരു ഭയങ്കരയുദ്ധത്തിനുശേഷം റ്റിയാമത്തിനെ തോല്പിച്ചു വധിക്കുകയും അവളുടെ ശരീരം രണ്ടായി ഭാഗിക്കുകയും ചെയ്തു. ഇതിലൊരുഭാഗം മുകളിലേയും താഴത്തേയും വെള്ളത്തെ വേർതിരിക്കുന്ന ബലവത്തായ മറയായി ഉറപ്പിച്ചു് അദ്ദേഹം സ്വർഗ്ഗം നിർമ്മിച്ചു. "നഭസ്ഥലത്തിനുമുകളിലെ ഈ വെള്ള"ത്തെപ്പററി ഉത്പത്തിപ്പുസ്തകത്തിലും പരാമർശമുണ്ടു്. പിന്നീടു് മർദുക് കാലാവസ്ഥകൾ നിയന്ത്രിക്കുന്നതിനു് ഗ്രഹങ്ങൾ സൃഷ്ടിക്കുകയും രാത്രിയെ ഭരിക്കുന്ന ജോലി ചന്ദ്രനെ ഏല്പിക്കുകയും ചെയ്തു. അദ്ദേഹം വർഷം ക്ലിപ്തപ്പെടുത്തി; അതിനെ പന്ത്രണ്ടു മാസങ്ങളായി വിഭജിച്ചു. ഇവിടെ സൃഷ്ടികവിത വികലമായിത്തീരുന്നു. എന്നാൽ ഒരു ശുദ്ധീകരണകർമ്മത്തിൽ

ഉപയോഗിക്കുന്ന മന്ത്രത്തിൻെറ ആദ്യഭാഗത്തുനിന്നും കഥാശേഷം നമുക്കറിയാം. ഭൂമി സൃഷ്ടിക്കപ്പെട്ടിരുന്നില്ല. ആകാശത്തിനുതാഴെ വെള്ളം പരന്നുകിടന്നു. ഈ അനന്തശൂന്യത പദ്യം വ്യക്തമായി ചിത്രീകരിച്ചിട്ടുണ്ട്. "ഒരൊററ പുല്ലും മുളച്ചിരുന്നില്ല, ഒരു വൃക്ഷവും സൃഷ്ടിക്കപ്പെട്ടിരുന്നില്ല. ഒരൊററ കല്ലും കെട്ടിയിരുന്നില്ല, ഒരു കെട്ടിടവും നിർമ്മിക്കപ്പെട്ടിരുന്നില്ല. എല്ലായിടവും കടലായിരുന്നു." മർദ്ദുക് ഭൂമി സൃഷ്ടിച്ചു. ഈ ദുഷ്കരകർമ്മത്തിൻെറ വിവരണം, അണകൾ കെട്ടിയും ജലാശയങ്ങൾക്കരികെ ചിറകൾ നിർമ്മിച്ചും ഭൂമി വീണ്ടെടുക്കുന്നതിനെ അനുസ്മരിപ്പിക്കുന്നു. ദൈവം പിന്നീട് പച്ചച്ചെടിയേയും കന്നുകാലികളേയും വന്യമൃഗങ്ങളേയും ഇഴജന്തുക്കളേയും അവസാനം മനുഷ്യനേയും സൃഷ്ടിച്ചു.

ഉത്പത്തിപ്പുസ്തകത്തിന്നുപ്രചോദനംനല്കിയതുപോലുള്ള ഒരു ആസ്തികഭാവന എല്ലാററിനുമുപരിയായ ഒരു ദേവത, മുമ്പു നിലവിലുള്ള യാതൊന്നിൽനിന്നുമല്ലാതെ സ്വന്തം ഉല്പാദനശേഷികൊണ്ടു് ലോകത്തെ സൃഷ്ടിച്ചതായി വ്യാഖ്യാനിക്കുന്നു. എന്നാൽ ദ്രവ്യം അഥവാ ഊർജ്ജം ശാശ്വതമായി നിലനില്ക്കുന്നതാണെന്നും പ്രപഞ്ചത്തിലെ ആദിമപദാർത്ഥമായ പ്രാഥമിക ബാഷ്പം, നിർജ്ജീവവും അരാജകവുമായ ഒരു വസ്തുവാണെങ്കിൽത്തന്നെയും പ്രകൃതിമുറകളുടെതന്നെ സഹജമായ നിയമങ്ങൾക്കു് അനുസൃതമായി ലോകവ്യവസ്ഥിതി സ്ഥാപിതമാകുന്നു എന്നും ആണു് ശാസ്ത്രാഭിപ്രായം. മെസൊപ്പൊട്ടേമിയൻ സൃഷ്ടികഥ ആസ്തികമല്ല. ശാസ്ത്രീയപ്രവർത്തനത്തിൻെറ വ്യവസ്ഥിതത്വംപോലെ ഈക്രമം സൃഷ്ടിച്ച ദൈവങ്ങൾതന്നെയും ആദ്യാന്ധകാരത്തിൽനിന്നു ജന്മമെടുത്തു. എങ്കിലും മനുഷ്യസൃഷ്ടിയുടെ മെസൊപ്പൊട്ടേമിയൻ വ്യാഖ്യാനം

ബൈബിളിലേതുപോലെതന്നെയാണ്. മർദ്ദക് സ്വയം മുറിപ്പെടുത്തുകയും അതിൽനിന്നൊഴുകിയ രക്തത്തിൽ മണ്ണുകുഴച്ച് മനുഷ്യനെ സൃഷ്ടിക്കുകയും ചെയ്തു. ദൈവങ്ങൾക്ക് ആരാധന ആവശ്യമായി തോന്നിയെന്നും അതിന് ആരുമില്ലാതിരുന്നതിനാലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെന്നും കഥയുടെ കൗതുകകരമായ ഒരുഭാഗം പ്രസ്താവിക്കുന്നു. ഇത്തരം കെട്ടുകഥകളുടെ പ്രാധാന്യം അവഗണിക്കുക എളുപ്പമാണ്. എന്നാൽ ഇവ മനുഷ്യപ്രകൃതിയിലേയും ഭാഗധേയത്തിലേയും അഗാധമായ സത്യത്തെ, മങ്ങിയരീതിയിലും പ്രതീകങ്ങൾവഴിയുമാണെങ്കിലും, സൂചിപ്പിക്കുന്നു. ജഡപ്രകൃതിയുടേയും ചേതനയുടേയും, സ്വർഗ്ഗത്തിൻേറയും ഭൂമിയുടേയും ഒരുമിച്ചുചേരൽ, ഉൽകൃഷ്ട ജീവിതം വഴിഞ്ഞൊഴുകുന്ന മൃഗപ്രകൃതി, നമ്മയോടുള്ള അടക്കാൻവയ്യാത്ത സ്നേഹത്തിൽ ഒട്ടിച്ചുചേർത്ത പാപം, താഴ്ന്ന പ്രാണശക്തിയിൽ പൊതിഞ്ഞ മരണം, സ്വന്തം ക്ഷേത്രഗോപുരത്തിൽ ഉയരെ അങ്കനംചെയ്ത അനശ്വരത: അതാണ് മനുഷ്യൻ. മണ്ണും ദൈവരക്തവും അവനിൽ ഒന്നുചേർന്നിട്ടുണ്ട്. ദൈവങ്ങളെ ആരാധിക്കാൻ, അഥവാ മറ്റൊരുതരത്തിൽ പറഞ്ഞാൽ, ഭൗമികതത്വത്തിൽനിന്നും മൃഗപ്രകൃതിയിൽനിന്നും അകലെ അവൻെറ സ്വഭാവത്തിലുള്ള ദൈവികാംശം ആജ്ഞാപിക്കുന്ന മാർഗ്ഗത്തിലൂടെ ചരിക്കാനായി കഠിനപരിശ്രമം ചെയ്യാൻ, മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു. സ്വയം ആരാധിക്കാനുള്ള പ്രേരണ മനുഷ്യനു് എക്കാലത്തും കഷ്ടപ്പാടുകൾ വരുത്തിവച്ചിട്ടുണ്ട്. ദൈവത്തിനു് ഈ ആരാധന ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ, സൃഷ്ടിക്കാനുള്ള പ്രേരണ അനുഭവപ്പെടുകയും സൃഷ്ടിക്കുന്നതു്, താനും തന്റെ സൃഷ്ടിയുമായുള്ള അന്യോന്യബന്ധവും പ്രവൃത്തിയുംകൊണ്ടു്, നിലനിർത്തു

കയുംചെയ്യുന്ന ഒരു ദൈവികഭാവന, ജഡപ്രകൃതിയുടെ ചലനത്തിന് ആദ്യപ്രേരണനല്കിയിട്ടുണ്ട്. പൂർണ്ണമായും പിൻമാറിയ, അരിസ്റ്റോട്ടിലിൻെറ ദൈവത്തെപ്പോലെ തികച്ചും സ്വയംപര്യാപ്തവും വേറിട്ടതും ആയ ദൈവത്തിന്റെ ഭാവനയേക്കാൾ അനേകംമടങ്ങ് സമ്പന്നമാണ് ഇതെന്ന് നമുക്ക തോന്നിപ്പോകുന്നു.

സൃഷ്ടികഥയെപ്പോലെതന്നെ, ബാബിലോണിയൻ സാഹിത്യത്തിൽ ലോകത്തേയും മനുഷ്യവർഗ്ഗത്തേയും നശിപ്പിച്ച ഒരു മഹാപ്രളയത്തെപ്പററി അനേകം പാഠാന്തരങ്ങൾ ഉണ്ട്. ഇവയിൽ ഏററവും അവസാനത്തേതിൽ ഈ കഥ ഗിൽഗമേഷിൻെറ ധീരകൃത്യങ്ങളെപ്പററിയുള്ള നീണ്ട കവിതയിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇതു നമുക്ക് പിന്നീട് പ്രത്യേകം ചർച്ചചെയ്യാം. പ്രളയത്തിൻെറ കഥ ആദ്യം ഗിൽഗമേഷ് സംഭവപരമ്പരയിൽ ഉണ്ടായിരുന്നില്ലെന്ന്, ഇതു കൃത്രിമമായിട്ടാണ് അതിൽ ചേർത്തിട്ടുള്ളതെന്ന വസ്തുതയിൽനിന്ന് മനസ്സിലാക്കാം. രക്ഷപ്പെട്ട ഏകവ്യക്തി പ്രളയകഥ ഗിൽഗമേഷിനോട് വിവരിച്ചു പറയുന്നതായിട്ടാണ് കാണിച്ചിരിക്കുന്നതു്. കൂടാതെ, പഴയ പാഠാന്തരം മാത്രമായുള്ള ക്രി. മു. 2100-ലെ ഒരു സ്മാരകശിലയും കണ്ടുകിട്ടിയിട്ടുണ്ട്.

ഉന്നതഭാഗധേയങ്ങൾക്കായി സൃഷ്ടിക്കപ്പെട്ട മനുഷ്യവർഗ്ഗം ദുർമ്മാർഗ്ഗങ്ങളിലേക്കു തിരിയുകയും എൻലിൽ എന്ന ദൈവം അവരെ നശിപ്പിക്കാൻ തീരുമാനിക്കയും ചെയ്യുന്നു. മനുഷ്യവംശത്തെ മുഴവൻ നശിപ്പിക്കാൻ അദ്ദേഹം മഹാപ്രളയത്തെ നിയോഗിക്കുന്നു. മനുഷ്യൻ എത്രതന്നെ ചീത്തയായി പെരുമാറിയാലും അവനോട് എപ്പോഴും ദയവുണ്ടായിരുന്ന നാഗരികതയുടെ ദൈവം, ഇയ, ഭൂമുഖത്തുനിന്ന് മനുഷ്യവംശം സമൂലം തുടച്ചുമാററപ്പെടാതിരി

ക്കാനായി ഒരാളെയും അയാളുടെ ഭാര്യയേയും പ്രളയത്തിൽ നിന്നു് രക്ഷപ്പെടുത്താൻ തീർച്ചയാക്കി. എൻലിലിനോടുള്ള ഈ അനുസരണക്കേടു് രഹസ്യമായി സൂക്ഷിക്കാനുള്ള വ്യഗ്രതനിമിത്തം ആ മനുഷ്യനു് നേരിട്ടു് മുന്നറിവു നൽകാൻപോലും ഇയ തുനിഞ്ഞില്ല. അദ്ദേഹം ആ മനുഷ്യൻെറ പുൽക്കുടിലിൽപ്പോയി ഉപദേശം കുടിലിനു് രഹസ്യമായി പറഞ്ഞുകൊടുക്കുന്നു: 'ജീവിതാനുഭവമുള്ളവൻ' എന്നൎത്ഥംവരുന്ന ഉററ്നാപിഷ്ടിം എന്ന പേരോടുകൂടിയ ആ മനുഷ്യൻ ഇതു് ശ്രദ്ധിക്കുകയും ഒരു വലിയ വള്ളം നിൎമ്മിക്കുകയും ചെയ്യുന്നു. വള്ളമുണ്ടാക്കുന്നതിന്റെ വിശദമായ വൎണ്ണന മെസൊപൊട്ടേമിയൻ ജീവിതത്തിന്റെ രസകരമായ വശങ്ങൾ വെളിപ്പെടുത്തുന്നുണ്ടു്. അങ്ങനെ മഹാപ്രളയം ലോകത്തിൻെറമേൽ നിപതിക്കുന്ന കഥ ആ മനുഷ്യൻ നേരിട്ടു വിവരിക്കുന്നു. വിധിദിനം ഉദയം ചെയ്തതോടെ ഒരു കാളമേഘം സ്വൎഗ്ഗത്തിൻെറ അസ്തിവാരത്തിൽനിന്നും ഇഴഞ്ഞിറങ്ങി. അതുവരെ പ്രകാശമയമായിരുന്നതെല്ലാം ഇരുണ്ടു. ഒരുനിമിഷം മിന്നൽ, ദൈവങ്ങളുടെ ദീപയഷ്ടി, തെളിഞ്ഞു് അതിന്റെ അഭൗമമായ വെളിച്ചംകൊണ്ടു് ഭൂമിയെ അല്പം പ്രകാശമാനമാക്കും. അതവസാനിച്ചാൽ അദദ് എന്ന ദൈവത്തിന്റെ വമ്പിച്ച അലർച്ച, ഇടി, ഭൂമിയിൽനിന്നും സ്വൎഗ്ഗത്തിലേക്കും തിരിച്ചും പ്രതിധ്വനിക്കും. സഹോദരനു് സഹോദരനെ തിരിച്ചറിയാൻ കഴിയാത്തത്ര പൂൎണ്ണാന്ധകാരമായി വെളിച്ചംമുഴുവൻ മാററപ്പെടും. സമുദ്രം മത്സ്യമുട്ടകളെപ്പോലെ മനുഷ്യരുടെ ശവശരീരങ്ങളെക്കൊണ്ടുനിറഞ്ഞു. ആ വമ്പിച്ച ജലപ്രളയം ഭൂമിയെ മുഴുവൻ ആമഗ്നമാക്കിയതിനുശേഷം സ്വൎഗ്ഗത്തെപ്പോലും ഭീഷണിപ്പെടുത്തത്തക്ക നിലയിൽ ഉയൎന്നു. ദൈവങ്ങൾ സുരഗണങ്ങളുടെ പിതാ

വായ അനുവിൻെറ ഏറ്റവും ഉയരെയുള്ള സ്വൎഗ്ഗത്തിലേ ക്കു് ഓടി; "പ്രളയത്തിലാണ്ട നഗരത്തിൻെറ കോട്ടമതി ലിൽ പട്ടികൾ" എന്നപോലെ കുത്തിയിരുന്നു. ഉററ്നാ പിഷ്ടിമിനു് കൊടുങ്കാറ്റിൻെറ ആരംഭംമാത്രമെ കാണാൻ കഴിഞ്ഞുള്ളു. കൂടുതൽ നോക്കാൻ ഭയപ്പെട്ടു് അവൻ കപ്പ ലിൽ കയറി വാതിലടച്ചു.

കാററും പ്രളയററും, ആറു രാവും പകലും തകൎത്തു. കൊടുങ്കാററു് ഭൂമിയെ കുലുക്കി മറിച്ചു. ഏഴാംദിവസം പു ലൎന്നപ്പോഴേക്കും ഒരു സൈന്യത്തെപ്പോലെ പടവെട്ടിയി രുന്ന ചുഴലിക്കാറ്റിൻെറയും പ്രളയത്തിൻെറയും കോപം അടങ്ങി. സമുദ്രം ശാന്തമായി, ദുഷിച്ചകാററു ശമിച്ചു, പ്ര ളയമവസാനിച്ചു. ഉററ്നാപിഷ്ടിം ധൈൎയ്യമവലംബി ച്ചു് സമുദ്രത്തിലേക്കു നോക്കി. അതു് നിശ്ശബ്ദമായിരുന്നു. എങ്കിലും മനുഷ്യവൎഗ്ഗം മുഴുവൻ ചെളിയായിക്കഴിഞ്ഞി രുന്നു. സമുദ്രത്തിൻെറ ചക്രവാളത്തിൽ ലോകം അടക്ക പ്പെട്ടിരുന്നു. പ്രളയത്തെ അതിജീവിച്ച അയാൾ പരീക്ഷ ണാൎത്ഥം പക്ഷികളെ പറത്തിവിട്ടു. മണിക്കൂറുകളോളം പറന്നതിനുശേഷം അവ കപ്പലിൽത്തന്നെതിരിച്ചെത്തി. കാരണം, ഇരിക്കാൻ മറ്റൊരിടവും ഇല്ലായിരുന്നു. വെള്ളം സാവധാനത്തിൽ ഇറങ്ങി. അങ്ങനെയിരിക്കവെ, ഒരു പക്ഷി മടങ്ങി എത്താതിരുന്നപ്പോൾ അയാൾക്കു മനസ്സി ലായി, ഇറങ്ങിക്കൊണ്ടിരിക്കുന്ന വെള്ളത്തിൽനിന്നും ഭൂ മി ഒരിക്കൽക്കൂടി പൊന്തിവന്നുകൊണ്ടിരിക്കുകയാണെ ന്നു്. കപ്പൽ ഒരു ഉയൎന്ന പൎവ്വതത്തിൻെറ മുകളിൽ ഉറച്ചു.

ഒരാൾ ജീവനുംകൊണ്ടു് രക്ഷപ്പെട്ടിട്ടുണ്ടെന്നു് എൻ ലിൽ മനസ്സിലാക്കുന്നു. അദ്ദേഹം കുപിതനായി. എന്നാൽ കുറച്ചുപേരുടെ പാപങ്ങൾക്കു് മനുഷ്യവൎഗ്ഗത്തെ മുഴുവൻ നശിപ്പിക്കരുതെന്നു പറഞ്ഞു് ഇയ അദ്ദേഹത്തെ സമാ-

ധാനിപ്പിക്കുന്നു: "പാപിയുടെമേൽ അയാളുടെ പാപം അടിച്ചേല്പിക്കുക, ദ്രോഹിയുടെമേൽ ദ്രോഹം ചെയ്യുക; എന്നാൽ എല്ലാം അടിയോടെ തുടച്ചു മാറ്റാതിരിക്കാൻ ദയയുണ്ടാകണം, എല്ലാം വേരോടെ നശിപ്പിക്കാതിരിക്കാൻ കരുണയുണ്ടാകണം." മററു ദൈവങ്ങളും ഈ അപേക്ഷയെ പിൻതാങ്ങി. കാരണം മനുഷ്യൻ നശിച്ചാൽ തങ്ങളെ പൂജിക്കാൻ മററാരുമില്ലെന്നു് അവർ മനസ്സിലാക്കി. രക്ഷപ്പെട്ട ഏകവ്യക്തി, തനിക്കു ലഭിച്ച കാരുണ്യം ഘോഷിക്കാൻ പർവ്വതത്തിൻെറമുകളിൽ ദൈവങ്ങൾക്കുവേണ്ടി ബലികൾ നടത്തുന്നതോടെ അവസാനം എൻലിലിൻെറ കോപം ശമിക്കുന്നു.

സൃഷ്ടിയെയും പ്രളയത്തെയും പററിയുള്ള കവിതകൾ കൊടുങ്കാററുകളുടെയും യുദ്ധങ്ങളുടെയും ശബ്ദായമാനമായ ഇതിഹാസമൂശയിൽ വാർത്തെടുത്തതാണെങ്കിൽ, ഇഷ്ടാറിൻെറയും താമൂസിൻെറയും കഥ വികാരാത്മകവും സംഗീതാത്മകവും ആയ സംഭവങ്ങളുടെ സമാഹാരമാണു്. ഇയയുടെ പുത്രനാണു് താമൂസ്. ലോകം മുഴവൻ തണൽ പരത്തുന്നുവെന്നു വിശ്വസിക്കപ്പെടുന്ന എറിഡു എന്ന വൻവൃക്ഷത്തിൻെറ ചുവട്ടിൽ ആട്ടിൻകൂട്ടത്തെ മേയ്ക്കുന്ന ഇടയനാണു് അദ്ദേഹം. ഇഷ്ടാർ എന്ന ദേവത അദ്ദേഹത്തിൽ അനുരക്തയാവുന്നു. എന്നാൽ ഒരു കാട്ടുപന്നി അദ്ദേഹത്തെ കുത്തിക്കൊല്ലുന്നു. മരണാനന്തരമുള്ള ഇരുണ്ട ലോകത്തിലേയ്ക്കു പോകുന്ന താമൂസിനെ പിന്തുടരുന്ന നിരാശ്രയയായ ഇഷ്ടാർ അവസാനം അദ്ദേഹത്തെ ഭൂമിയിലേയ്ക്കു മടക്കിക്കൊണ്ടുവരുന്നു.

കാലാവസ്ഥയ്ക്കനുസൃതമായ സസ്യജീവിതചക്രത്തിൻെറ പ്രതീകമാണു് ഈ പുരാണകഥ. പ്രകൃതിയിലെ സസ്യജീവിതത്തിൻെറയും മനുഷ്യരുടെയും മൃഗങ്ങളുടെയും

വർഗ്ഗപോഷണശേഷിയുടെയും ദേവതയാണ് ഇഷ്ടാർ. പ്രകൃതി പുഷ്പിച്ചുനില്ക്കുന്ന അരവർഷം അവർ ഭൂമിയിൽ ചെലവഴിക്കുന്നതായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. പ്രകൃതി നിശ്ചലമായതുപോലെതോന്നുന്ന ബാക്കിസമയം അരാലു എന്ന മരണാനന്തരലോകത്തിൽ അവർ ബന്ധിക്കപ്പെട്ടിരിക്കും. അതുകൊണ്ട്, അരാലുവിലേയ്ക്കുള്ള അവരുടെയാത്ര ഒരു പ്രകൃതിപുരാണകഥയാണ്. അതു വേനൽക്കാലം വർഷക്കാലമായി മാറുന്നതു സൂചിപ്പിക്കുന്നു. അവരുടെ തിരിച്ചുവരവ് വർഷം വേനലായി മാറുന്നതും. ഇഷ്ടാർ വർഗ്ഗപോഷണശേഷിയുടെ ദേവതതന്നെയായിരുന്നുവെന്നതു്, ജലസേചനത്തിന്റെ ദേവതയെന്ന നിലയിൽ അവർക്ക് ആദരങ്ങൾ അർപ്പിച്ചുകൊണ്ടുള്ള കീർത്തനങ്ങളിൽനിന്നു മനസ്സിലാക്കാം. "ജീവൻതരുന്ന ചാലുകളൊന്നും നിന്നെക്കൂടാതെ തുറക്കുന്നില്ല, അടയുന്നുമില്ല. പരന്നുതാമസിക്കുന്ന ജനങ്ങളുടെ ദാഹംമാററുന്ന തോട്ടകളൊന്നും നിന്നെക്കൂടാതെതുറക്കുന്നില്ല, അടയുന്നുമില്ല." പ്രസവസമയത്തു വിഷമങ്ങളുണ്ടാകുമ്പോൾ സ്ത്രീകൾ പ്രാർത്ഥിക്കുന്നതു് ഇഷ്ടാറിനോടാണ്. ചില പാഠാന്തരങ്ങളിൽ അവർ താമൂസിന്റെ മാതാവായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. മററുചിലവയിൽ അദ്ദേഹത്തിന്റെ സഹോദരിയായും. ഇവയെല്ലാം ഒരേ ആഖ്യാനത്തിൽ കൂട്ടിക്കുഴച്ചിട്ടുള്ളതു ചിലപ്പോഴൊക്കെ സംഭ്രമജനകമാണ്. എന്നാൽ അവളെ മകന്റെ മരണത്തിൽ സന്തപിക്കുന്ന മാതാവായി ചിത്രീകരിച്ചിട്ടുള്ളതു്, നഷ്ടപ്പെട്ട കാമുകനെ ഓർത്തു വിലപിക്കുന്ന യുവദേവതയുടെ ചിത്രീകരണംപോലെതന്നെ സുന്ദരമാണ്. വർഗ്ഗപോഷണത്തിന്റെയും ഐശ്വര്യത്തിന്റെയും ദേവതയെന്ന നിലയിൽ ഇഷ്ടാർ പിന്നീട്ട് യുദ്ധദേവതയായിത്തീർന്നു. അതോടെ അവളുടെ

പ്രകൃതി വ്യത്യാസപ്പെട്ടു. അമ്പും വില്ലും ധരിച്ച് കാലു കൾ ഒരു മൃഗരാജന്റെ പുറത്തുവച്ചുകൊണ്ടു സിംഹാസ നത്തിന്മേലിരിക്കുന്ന ഒരു ഭയങ്കര ദേവതയായി അവൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അനേകം കാമുകന്മാരെ ആ കർഷിക്കുന്നതും എന്നാൽ അവരോടൊന്നും ശരിയായ അടു പ്പമില്ലാത്തതുമായ, അടങ്ങാത്ത വികാരങ്ങളുടെ ദേവത യായിത്തീർന്നു അവൾ. ക്ഷേത്രങ്ങളിലെ ദേവദാസികൾ അവളെ തങ്ങളുടെ ദേവതയായി സ്വീകരിച്ചു. ചില വ്യാ ഖ്യാനങ്ങളിൽ അവർ സ്വന്തം കാമുകനായ താമൂസിന്റെ ഘാതകിയായി കാണിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ അവയെപ്പററി അറിയാവുന്നതിനാൽ പിന്നീടുള്ള കൂട്ടി ച്ചേർക്കലുകൾ നമുക്കു വിസ്മരിക്കാം. മൂലകഥയിലെ പാവ നമായ ചിന്താഗതി പിൻതുടരാം.

താമൂസിന്റെ അനേകം പേരുകളിലൊന്ന് അദ്ദേഹ ത്തെ "ചേതനയുടെ ശിശുവോ ആഴത്തിന്റെ ജീവനോ" ആയി വിവരിക്കുന്നുണ്ട്. മനുഷ്യദൃഷ്ടിയിൽനിന്നും അപ്ര ത്യക്ഷമായതിനുശേഷവും തുടർന്നു ജീവിക്കുന്ന ദൈവമാണ ദ്ദേഹം. വസന്തകാലത്തെ സൂര്യദേവതയായിരുന്ന അദ്ദേ ഹത്തിന്റെ തിരോധാനം ദുഃഖകാരണമായിരുന്നു. തിരി ച്ചുവരവ് അനുയോജ്യമായി ആഘോഷിക്കപ്പെടുകയും ചെയ്തിരുന്നു. വേനൽക്കാലാന്ത്യത്തിലെ അദ്ദേഹത്തിന്റെ മരണം സൂചിപ്പിക്കുന്ന ക്രിയാവിധിയിൽ, സസ്യദേവത യുടെ വേർപാടു കുറിച്ചിരുന്നത് നദീജലത്തിൽ ധാന്യ ങ്ങളും ചെടികളും വലിച്ചെറിഞ്ഞാണ്. ആ അവസര ത്തിൽ പാടുന്ന പ്രാർത്ഥനകളിൽ, ഉഴവുചാലിൽ കിടന്നു വെള്ളം വലിച്ചെടുത്തിട്ടില്ലാത്ത വിത്തിനോടും പാടത്തു വിരിയാത്ത മൊട്ടിനോടും വെള്ളച്ചാലിൽ കിളിർക്കാത്തമു ളയോടും വേരുമുറിച്ചുകളഞ്ഞ തൈമരത്തോടും ആരും

നനയ്ക്കാത്ത പൂച്ചട്ടിയിലെ ചെടിയോടും വെള്ളമില്ലാത്ത തോട്ടത്തിലെ പൂപ്പടർപ്പിനോടും അദ്ദേഹത്തെ ഉപമിച്ചിരിക്കുന്നു. ഈ കാലം മുഴുവൻ ഏക്കൽവെള്ളം കൊണ്ടുവരാത്ത നദിക്കും വളരാത്ത ചെടികൾക്കും പ്രസവിക്കാത്ത കന്നുകാലികൾക്കും വേണ്ടി നാട്ടിലെങ്ങും ദുഃഖഗീതികൾ പാടിയിരുന്നു.

"ഖിന്നരായ ആട്ടിൻകുട്ടികൾ, അവരെ
ആരു സ്വസ്ഥരാക്കും?
ഉപേക്ഷിതരും ദുഃഖിതരുമായ ആട്ടിൻകുട്ടികൾ,
അവക്ക് ആരു തീറ്റ നൽകും?
കിളിക്കു കൂട്ടുവയ്ക്കാൻ ചെടികളിൽ ഇലച്ചിൽഇല്ല...
പുൽത്തകിടികൾ വിലപിക്കുന്നു; പൂന്തോട്ടത്തിന്റെ
ഔദാര്യമുണ്ടായിട്ടും ഫലവൃക്ഷങ്ങൾ വളരുന്നില്ല,
കൊട്ടാരം വിലപിക്കുന്നു; ജീവിതം
അധികനാളേയ്ക്കില്ല."

ഈ ദേവന്റെ ഒരു മരപ്രതിമ ചെറിയൊരുവള്ളത്തിൽ പ്രതിഷ്ഠിച്ച് യൂഫ്റട്ടീസിലോ ട്റൈഗ്രിസിലോ മുങ്ങാനനുവദിച്ചിരുന്നു. താണാലും അദ്ദേഹം തിരിച്ചുവരുമെന്ന ആശയും പ്രതീക്ഷയും ജനങ്ങളിൽ തങ്ങിനിന്നു. നദിയിലേയ്ക്കു ധാന്യമെറിയുമ്പോൾ അവർ പാടി: "മുങ്ങിപ്പോയ ധാന്യത്തിൽ അദ്ദേഹമുണ്ട്." വള്ളം മുങ്ങുമ്പോൾ പ്രാർത്ഥനാഗാനം ഭാവിയിലേയ്ക്കാണു ദൃഷ്ടികളയയ്ക്കുന്നത്: "മുങ്ങുന്നവള്ളത്തിൽ അദ്ദേഹം ചെറുതായി സ്ഥിതിചെയ്യുന്നു; വിളവിൽവലുതായും." അതിനാൽ കാർഷികക്രിയാവിധികളിൽ ജനങ്ങൾ അദ്ദേഹത്തോടു തിരിച്ചുവരാൻ അഭ്യർത്ഥിച്ചു:

"മൈതാനത്തിലെ കന്നുകാലികളുടെ കരച്ചിൽ
അവസാനിപ്പിക്കുക,
ആലകളിലെ ആട്ടിൻകുട്ടികൾക്കുള്ള പാല്
തിരെ്യനൽകുക!"

പുരാണകഥയിൽ, ഇഷ്ടാർ സ്വന്തം കാമുകനെത്തേടി മരിച്ചവരുടെ ലോകത്തിലേയ്ക്കു് ഇറങ്ങിപ്പോകുന്നതായി വിവരിച്ചിരിക്കുന്നു. ഈ യാത്രയുടെ വിവരണം മരണത്തിനുശേഷമുള്ള ദുഃഖംനിറഞ്ഞ ജീവിതത്തെ മെസൊപൊട്ടേമിയക്കാർ എങ്ങനെയാണു് ഭാവനചെയ്തിരുന്നതെന്നു് വെളിപ്പെടുത്തും. ഇഷ്ടാർ, തിരിഞ്ഞുനോക്കാൻ പാടില്ലാത്ത വഴിയിലേയ്ക്കു തിരിയുന്നതായും അകത്തു പ്രവേശിക്കുന്നവക്കു പുറത്തുപോകാൻ മാഗ്ഗമില്ലാത്ത വീട്ടിലേയ്ക്കു്—ഇരുട്ടുനിറഞ്ഞ ആ കെട്ടിടത്തിൽ താമസിക്കുന്നവക്കു് മണ്ണും ചെളിയും മാത്രമാണാഹാരം—പോകുന്നതായും ദുഃഖഗീതങ്ങൾ ചിത്രീകരിക്കുന്നു. ഈ പ്രദേശത്തെ പ്രധാനദേവത ഇഷ്ടാറിൻെറ സഹോദരി എറെഷ്കിഗാലാണു്. ജീവജാലങ്ങളുടെയിടയിൽ എപ്പോഴും ആവത്തിച്ചുകൊണ്ടിരിക്കുന്ന മരണത്തിൽ സദാ സങ്കടപ്പെടുന്നദുഃഖദേവതയായി അവൾ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു:

"ഭാര്യമാരെ വിട്ടുപോയ പുരുഷന്മാക്കുവേണ്ടി
ഭത്താക്കന്മാരുടെ ആലിംഗനത്തിൽനിന്നു
വിട്ടുവിക്കപ്പെട്ട ഭാര്യമാക്കുവേണ്ടി
കാലത്തിനുമുമ്പുതന്നെ ആയുസ്സുനഷ്ടപ്പെട്ട
കുഞ്ഞുങ്ങൾക്കുവേണ്ടി
ഞാൻവിലപിക്കുന്നു."

തൻെറ സഹോദരി, വസന്തത്തിൻെറയും വഗ്ഗവദ്ധനാശക്തിയുടെയും ഊജ്ജസ്വലമായ ജീവിതത്തിന്റെയും

ദേവത, ഈ ബീഭത്സലോകത്തിൽ താമസിക്കാനെത്തിയിട്ടുണ്ടെന്നു കേട്ട് അവൾ അത്ഭുതപ്പെട്ടുകയും അവളെ തിരിച്ചുപോകാനായി പ്രേരിപ്പിക്കാൻ ദൂതന്മാരെ അയയ്ക്കുകയും ചെയ്യുന്നു. പക്ഷേ, ഇഷ്ടാർ കുലുങ്ങുന്നില്ല. അവസാനം അങ്ങോട്ടു പ്രവേശിപ്പിക്കപ്പെട്ടപ്പോൾ അവൾക്കു മരിച്ചവരുടെ ലോകത്തിലെ കർശനമായ നിയമങ്ങൾ അനുസരിക്കേണ്ടിവരുന്നു. നഗ്നരല്ലാതെ ആരും അവിടെ പ്രവേശിക്കരുതെന്നാണ് ചിരപുരാതനമായ വ്യവസ്ഥ. മരിക്കുമ്പോൾ മനുഷ്യനു ഭൗതികമായ സ്വത്തുക്കൾ ഒന്നും കൊണ്ടുപോകാൻ സാധ്യമല്ലെന്ന വസ്തുതയാണ് ഇതിൽ പ്രതീകാത്മകമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ദേവത ഏഴു പ്രവേശനദ്വാരങ്ങളിലൂടെ കടന്നുപോയി. ഓരോന്നിലുംവച്ചു കാവൽക്കാരൻ അവളുടെ ഏതെങ്കിലും വസ്ത്രമോ ആഭരണമോ അഴിച്ചെടുത്തു. ഇഷ്ടാറിന്റെ ഈ സാവധാനത്തിലുള്ള വസ്ത്രാക്ഷേപം, വേനൽക്കാലം അവസാനിക്കുന്നതോടെ പ്രകൃതിക്കു ക്രമത്തിലുണ്ടാകുന്നമാറ്റം—വൃക്ഷങ്ങളുടെ പച്ചപ്പുതപ്പിന്റെ അന്തർദ്ധാനം, വിവിധവർണ്ണത്തിലുള്ള പുഷ്പമാലകളുടെ നിറംമങ്ങൽ—സൂചിപ്പിക്കുന്നു.

ഇഷ്ടാർ ഈ ഇരുണ്ടലോകത്തിൽ ജീവിതം തുടരുന്നതോടെ ലോകം കുഴപ്പത്തിലകപ്പെടുന്നു. ഹിന്ദുപുരാണങ്ങളിൽ വിവരിച്ചിട്ടുള്ള ശിവൻ കാമദേവനെ ദഹിപ്പിച്ചപ്പോഴത്തെ അവസ്ഥയെ ഇതു് അനുസ്മരിപ്പിക്കുന്നു. ചെടികൾ ചെടികൾക്കു ജീവൻ നൽകിയില്ല. സസ്യജീവിതം ചേതനയററു. പുതിയ തലമുറകളെ സൃഷ്ടിക്കാൻ മൃഗങ്ങൾക്കു പ്രേരണയൊന്നും അനുഭവപ്പെട്ടില്ല.

"തെരുവുകളിൽ തരുണിയെ പുരുഷന്മാരാരും
സമീപിച്ചില്ല;
പുരുഷൻ സ്വന്തം മുറിയിൽക്കിടന്നുറങ്ങി.
തരുണിയും തന്നെ കിടന്നുറങ്ങി."

ദൈവങ്ങൾ ഭയചകിതരായി. മൃതലോകത്തു പ്രവേശിക്കുന്ന ആരും മടങ്ങിപ്പോവരുതെന്നാണു് അലംഘനീയമായ നിയമമെങ്കിലും ഇഷ്ടാറിനെ വിട്ടയയ്ക്കാൻ അവർ എറെഷ്കിഗാലിനെ പ്രേരിപ്പിക്കുന്നു. പക്ഷേ, താമൂസിനെ ഒരുമിച്ചു കൊണ്ടുപോകാനനുവദിച്ചല്ലാതെ ഭൂമിയിലേയ്ക്കു മടങ്ങാൻ ഇഷ്ടാർ വിസമ്മതിക്കുന്നു. അവസാനം ദൈവങ്ങൾ സമ്മതിച്ചു. ഏഴു പ്രവേശനദ്വാരങ്ങളിൽക്കൂടി തിരി കടന്നതോടെ ഇഷ്ടാറിനു തൻെറ വസ്ത്രങ്ങളും ആഭരണങ്ങളും മടക്കിക്കിട്ടി. തളിരിലകളിലും പൂമൊട്ടുകളിലും തുടങ്ങി, ലോകംമുഴുവൻ പുഷ്പോത്സവംകൊണ്ടു വസന്തത്തിൻെറ പുനരാഗമനം ആഘോഷിക്കുന്നതിൽ അവസാനിക്കുന്ന, പ്രകൃതിയുടെ സാവധാനത്തിലുള്ള പുനരുജ്ജീവനത്തിൻെറ പ്രതീകമാണു് ഇതു്.

അദ്ധ്യായം നാല്

## വീരപുരുഷ ചരിതം

വഴ്ഗപുരാണങ്ങളിൽനിന്നു ഭൗതിക സാഹിത്യത്തിന്റെ ആരംഭത്തിലേയ്ക്കു നാം കടക്കുകയാണ്. അവിടെ ഏതെങ്കിലും ദേവനല്ല മനുഷ്യനാണ് കഥാനായകൻ. സാഹിത്യനിർമ്മാതാവിന്റെ അഹംബുദ്ധിയുടെ ആവിർഭാവവും ഈ പരിവർത്തനകാലത്ത് അനുഭവപ്പെട്ടുന്നുണ്ട്. അഷ്ഠർബനിപലിന്റെ ഗ്രന്ഥാലയത്തിൽനിന്നു കണ്ടുകിട്ടിയ ഗിൽഗമേഷിന്റെ വീരചരിതങ്ങളുടെ കർത്താവ്, ആപദ്യം പഠിച്ച് കഥാപുരുഷന്റെ ചരിത്രത്തെ സ്വയം മനസ്സിലാക്കുന്ന ഒരാൾക്കുണ്ടാകുന്ന ഗുണങ്ങളെപ്പറ്റി ഊന്നിപ്പറഞ്ഞുകൊണ്ടാണ് കഥ ആരംഭിക്കുന്നതു്. ഗ്രന്ഥകർത്താവ് വായനക്കാരനെ വശീകരിക്കുന്ന ഏററവും പഴയ ഉദാഹരണങ്ങളിൽ ഒന്നാണിതു്.

എറെക്‌നഗരം ശത്രുക്കൾ വളയുന്നതിന്റെ അവസാനഘട്ടമാണ് പദ്യത്തിന്റെ പ്രാരംഭത്തിൽ വിവരിച്ചിട്ടുള്ളതു്. വളയപ്പെട്ട നഗരത്തിൽ അരാജകത്വവും അനർത്ഥവും നടമാട്ടുകയാണ്. പശുക്കൾ, പശുക്കുട്ടികളെ കുത്തിമാററുന്നു; പുരുഷന്മാർ മൃഗങ്ങളെപ്പോലെ അലറുന്നു; യുവതികൾ മാടപ്രാവുകളെപ്പോലെ കരയുന്നു. പട്ടണത്തിലെ പരദൈവങ്ങൾപോലും നിസ്സഹായരായിത്തീൎന്നു. അവർ മക്ഷികങ്ങളായിമാറി തെരുവുകളിൽ ആർത്തിരമ്പുന്നു. ഗ്രന്ഥത്തിന്റെ കളിമൺചതുരങ്ങൾ ഇവിടെ ഉടഞ്ഞുപോയിട്ടുണ്ടു്. പിന്നീട് കഥതുടരുമ്പോൾ, നഗരം ശത്രുക്കളാൽ ചുററപ്പെട്ടതായല്ല, ഗിൽഗമേഷ് ഭരിക്കുന്ന

തായാണു് നാം കാണുന്നതു്. നഗരത്തെ ആക്രമിച്ച സേനകളുടെ നായകനായ ഗിൽഗമേഷ് അതിനെ കീഴടക്കി ഒരു ഉറച്ചഭരണം ഏർപ്പെടുത്തിയതായിരിക്കാം; അഥവാ ഗിൽഗമേഷ് മുന്നോട്ടുവന്നു നഗരത്തെ ശത്രുക്കളിൽനിന്നു രക്ഷിച്ചതിനു പ്രതിഫലമായി, അയാളെ ഭരണാധികാരിയായി തിരഞ്ഞെടുത്തതായിരിക്കാം.

ലോകത്തിലെവിടെയുമുള്ള പരിവർത്തനകാലത്തെ സാഹിത്യത്തിലെന്നപോലെ, കഥാനായകൻ മനുഷ്യനാണെങ്കിലും, പ്രാബല്യത്തിൽ ദൈവതുല്യനാണു്. പൗരാണികദേവന്മാരിൽ ചിലർക്കുള്ള ചില ദുർബ്ബലതകളും അയാൾക്കുണ്ടു്. ഉയരംകൂടി, കോമളഗാത്രനും ബലവാനുമായ ഗിൽഗമേഷ് ഉത്സാഹാധിക്യത്താൽ ഒരു വലിയ നിർമ്മാണപ്രവൃത്തിയിലേർപ്പെടുന്നു. രാവും പകലും ഇടതടവില്ലാതെ നഗരത്തിനുചുററും മതിലുകൾ കെട്ടുന്ന പ്രവൃത്തിയെടുപ്പിച്ചു് തങ്ങളുടെ മക്കളെ മൃതപ്രായരാക്കിയെന്നു പിതാക്കന്മാർ ആക്ഷേപം പുറപ്പെടുവിക്കുവാൻ തുടങ്ങി. ഇതിലും ഗുരുതരമായ ആക്ഷേപങ്ങളും കേട്ടുതുടങ്ങി—ഭർത്താക്കന്മാരിൽനിന്നു് അപഹരിക്കപ്പെടാത്ത ഭാര്യമാരോ, അമ്മമാർക്കു കന്യകമാരായ പുത്രിമാരോ ഇല്ലെന്നു്. പൊറുതിമുട്ടിയ നഗരവാസികൾ, ഗിൽഗമേഷിനോടു തുല്യനായ മറെറാരു പുത്രനെ സൃഷ്ടിക്കുവാൻ, അയാളുടെ മാതാവെന്നു വിശ്വസിച്ചുവരുന്ന അരുരു എന്ന ദേവതയോടു് പ്രാർത്ഥിക്കുന്നു. സഹോദരനുമായി സദാ യുദ്ധംചെയ്യേണ്ടിവരുന്ന ഗിൽഗമേഷ് നഗരവാസികളെ വെറുതെ വിട്ടേക്കുമെന്നാണു് അവർ പ്രതീക്ഷിച്ചതു്.

വരാഹത്തിൻെറ ശക്തിയും, സിംഹത്തിന്റെ കുഞ്ചിരോമവും, പക്ഷിയുടെ വേഗതയുമുള്ള ഒരു മനുഷ്യനായി എംഗിഡുവിനെ ദേവത സൃഷ്ടിക്കുന്നു. ഈ പുതിയ സൃഷ്ടി

പ്രകൃതിയുടെ ഒരു യഥാൎത്ഥസന്തതിയായിരുന്നു. അവൻ മനുഷ്യസഹവാസം വജ്ജിച്ച് ഒരു പൗരാണിക ടാർസനെപ്പോലെ മൃഗങ്ങളുടെകൂടെ വസിച്ചു. അവൻ മാൻപേടകളോടൊപ്പം പുല്ലുതിന്നു. ആരണ്യാരുവികളിലും തടാകങ്ങളിലും ചെന്നു മററുമൃഗങ്ങളോടൊപ്പം നീർകുടിച്ചു. ജലജന്തുക്കളോടൊന്നിച്ചു കളിച്ചുമദിച്ചു. അവനെ പിടിക്കുവാൻ ഗിൽഗമേഷ് വലയുമായി ഒരു വേടനെ അയയ്ക്കുന്നു. എന്നാൽ എംഗിഡു എപ്പോഴും രക്ഷപ്പെട്ടും. സ്ത്രീകളുടെ അനപേക്ഷണീയമായ ആകർഷണീയതയുടെ അടിമയായ ഗിൽഗമേഷ്, എംഗിഡുവിനെ വശീകരിക്കുവാൻ ഒരു സ്ത്രീയെ അയയ്ക്കുന്നു. എംഗിഡു കാട്ടരുവിയിലേയ്ക്കു വരുമ്പോൾ അവൾ സൗന്ദര്യം പ്രദർശിപ്പിക്കുന്നു. അവനെ വ്യാമോഹിപ്പിച്ചു മെരുക്കിയെടുക്കുന്നു. എന്നാൽ ഏഴുരാത്രികൾക്കുശേഷം അവനു പുതിയ അനുഭവങ്ങളോടു വിരക്തി തോന്നിത്തുടങ്ങി. അവൻെറ സ്നേഹിതന്മാരായ മൃഗങ്ങളുടെ അടുക്കലേയ്ക്കു മടങ്ങിയെത്തുവാൻ അവനാഗ്രഹിക്കുന്നു. എന്നാൽ ആ സ്ത്രീ അവനെ എറെക്കിലേയ്ക്കു പോകുവാൻ പ്രേരിപ്പിക്കുന്നു. രണ്ടു വീരപുരുഷന്മാർ തമ്മിലുള്ള സംഘട്ടനം അനിവാര്യമായിത്തീരുമ്പോൾ, അവരുടെ മാതാവു് അതൊരിക്കലും ഇഷ്ടപ്പെട്ടുന്നില്ല. ഒരു സമരം യഥാർത്ഥത്തിൽ നടക്കുന്നപക്ഷം വിജയം സുനിശ്ചിതമല്ലെന്നു കാണിക്കുന്ന സ്വപ്നങ്ങൾ എംഗിഡുവും ഗിൽഗമേഷും കാണുന്നു. നക്ഷത്രങ്ങൾ തൻെറമേൽ വീഴുന്നതായാണു് ഗിൽഗമേഷ്കണ്ട സ്വപ്നം. ഇതിനെക്കുറിച്ചു് അവൻെറ അമ്മയോടു പറഞ്ഞപ്പോൾ, എംഗിഡുവുമായി രമ്യതപ്പെട്ടുവാൻ അവനെ ഉപദേശിക്കുന്നു.

രണ്ടുപേരും ആത്മാൎത്ഥ സ്നേഹിതന്മാരായിത്തീരുന്നു. എറെക്കിനെ ഭീതിപ്പെട്ടുത്തിക്കൊണ്ടിരുന്ന എലത്തിലെ

രാജാവിൻെറനേരെ രണ്ടുപേരുംകൂടി നടത്തിയ പടയേറ്റ ത്തെക്കുറിച്ചു പ്രതിപാദിക്കുന്ന പദ്യത്തിൻെറ അടുത്ത ഭാഗം പൂൎണ്ണമല്ല. ഈ ഉദ്യമത്തിൽനിന്നും അവർ വിജയ ശ്രീലാളിതരായി പാരിതോഷികങ്ങളോടുകൂടി തിരിച്ചു വരുന്നു. ഗിൽഗമേഷ് തൻെറ യുദ്ധാവരണം മാററിവച്ച് വെള്ളങ്കി ധരിക്കുന്നു. കിരീടവും മററു രാജകീയ ചിഹ്ന ങ്ങളും അണിയുകയും ചെയ്യുന്നു. വിജയകോലാഹലത്തിൽ കഥാനായകനെ കാണുന്ന ഇഷ്ടാർ അവനിൽ അനുരക്ത യായിത്തീരുന്നു. ആദ്യം, തൻെറ മൃതിയടഞ്ഞ പ്രാണനാ ഥനെപ്പററി ദുഃഖിച്ചുകൊണ്ടിരിക്കുന്ന ഒരു ശുദ്ധകന്യകയാ യിരുന്ന ഇഷ്ടാർ, ഒടുവിൽ, അത്യധികം കാമാസക്തിയു ള്ള ഒരു ദേവതയായി മാറുന്നതു് നാമിവിടെ ഓക്കണം. ഗിൽഗമേഷിനെ ഇഷ്ടാർ സമീപിച്ച് വലിയ ലജ്ജകൂടാ തെതന്നെ ഇപ്രകാരം അഭ്യൎത്ഥിക്കുന്നു: “വന്നാലും, എൻെറ പതിയായിരുന്നാലും. അങ്ങയുടെ പ്രേമം എനിക്കു ദാന മായിത്തരിക. അങ്ങെൻെറ ഭൎത്താവായിരിക്കണം. ഞാൻ അങ്ങയുടെ ഭാൎയ്യയുമായിരിക്കാം. സ്വൎണ്ണചക്രമുള്ള, രത്ന ഖചിതമായ ഒരു രഥത്തിൽ ഞാൻ അങ്ങയെ ആസനസ്ഥ നാക്കും. അങ്ങയെ കയററിയ രഥം, ഗംഭീരസിംഹങ്ങളെ ക്കൊണ്ടു വലിപ്പിച്ച്, അങ്ങ് പരിമളം വീശുന്ന നമ്മു ടെ ഭവനത്തിൽ പ്രവേശിക്കും. സമുദ്രംവരെയുള്ള എല്ലാ രാജ്യങ്ങളും അങ്ങയുടെ പാദങ്ങളെ ആശ്ലേഷിക്കും. എ ല്ലാ രാജാക്കന്മാരും അങ്ങയുടെമുൻപിൽ തലകുനിക്കും. പ ൎവ്വതങ്ങളിൽനിന്നും സമതലങ്ങളിൽനിന്നും സമ്മാനങ്ങൾ കൊണ്ടുവന്നു അവർ അങ്ങയ്ക്കു കാഴ്ചവെയ്ക്കും.” എന്നാൽ, ഗിൽഗമേഷ്, അവളുടെ നിരവധി കാമുകന്മാരെയും, അ വരോരോരുത്തരോടുമുള്ള അവളുടെ കൂറില്ലായ്മയേയും ക റിച്ച് ഓക്കുന്നു. ഇഷ്ടാർ ഒരിക്കൽ സ്നേഹിച്ചിരുന്ന,

അവളുടെ പിതാവിന്റെ തോട്ടക്കാരൻെറ ദുഃഖപര്യവസായിയായ വിധിയെ ഗിൽഗമേഷ് വിവരിക്കുന്നു. എല്ലാദിവസവും അവൾക്കു അവൻ വിലപിടിച്ച സമ്മാനങ്ങൾ കൊണ്ടുവന്നുകൊടുത്തു. അവളുടെ ഭക്ഷണപാത്രം വിശിഷ്ടഭോജ്യങ്ങൾകൊണ്ടു നിറച്ചു. അവൻെറ പ്രേമം അവനെ അവളുടെ ഒരു ദാസനുതുല്യനാക്കിത്തീർത്തു. എന്നാൽ അവൾക്കവനെ മടുത്തപ്പോൾ, അവൾ അവനെ കിടക്കയിൽനിന്നെഴുന്നേല്ക്കുവാൻ സാധിക്കാത്തവിധത്തിൽ ഒരു മുടന്തനാക്കിത്തീർത്തു. പിന്നീടവൾ ഒരു ആട്ടിടയനോടുകൂടെയാണു് കുറേക്കാലം രമിച്ചതു്. അവസാനം, അവന്റെ സ്വന്തം ഇടയച്ചെറുക്കൻ അവനെ വേട്ടയാടുന്നതിനും, അവൻെറ സ്വന്തം വേട്ടനായ്ക്കൾ അവനെ കടിച്ചുകീറുന്നതിനും അവൾ അവനെ ഒരു പുള്ളിപ്പുലിയാക്കി മാററി. അവളുടെ കാമാസക്തിക്കു മറ്റൊരു ബലിയാടാകുവാൻ തയ്യാറില്ലെന്നു ഗിൽഗമേഷ് അവളോടു തുറന്നു പറയുന്നു. കോപിഷ്ടയായ ഇഷ്ടാർ, ദേവന്മാരുടെ തലവനായ അവളുടെ അച്ഛൻ അനുവിനോടു പ്രതികാരത്തിനുവേണ്ടി അഭ്യർത്ഥിക്കുന്നു. അദ്ദേഹം അതിനു വിസമ്മതിക്കുകമാത്രമല്ല, അവളെ ശകാരിക്കുകകൂടി ചെയ്യുന്നു: "ഗിൽഗമേഷ് ഇപ്പോൾ നിൻെറ വിശ്വാസവഞ്ചനകളും, അപഖ്യാതികളും പറഞ്ഞതനിലയ്ക്കു നിനക്കു വെറുതേ ഇരുന്നുകൂടേ?" അവളുടെ ആഗ്രഹം സാധിച്ചുകൊടുത്തില്ലെങ്കിൽ, ഭൂലോകത്തൊട്ടാകെ പ്രേമത്തിനും അഭിലാഷത്തിനുമുള്ള ആവേശം ഇല്ലായ്മചെയ്യുമെന്നും, അങ്ങനെ എല്ലാ ജീവജാലങ്ങളേയും നശിപ്പിച്ചുകളയുമെന്നും കുപിതയായ ഇഷ്ടാർ ഭീഷണിപ്പെടുത്തുന്നു. അനുവിനു വഴങ്ങിക്കൊടുക്കാതെ തരമില്ലെന്നായി. ഗിൽഗമേഷിനെ ആക്രമിക്കുവാൻ ഒരു കൂറ്റൻ കാളയെ സൃഷ്ടിക്കുന്നു. എന്നാൽ, എംഗിഡു കാള

യുടെ കുടൽ ചീന്തി പുറത്തെടുത്തു്, കാളയെപ്പോലെ അവളെയും അങ്ങനെ ചെയ്യുമെന്നുള്ള ഭീഷണിയോടുകൂടി കുടൽമാല ഇഷ്ടാറിൻെറനേരെ വലിച്ചെറിഞ്ഞു.

ഈ വിജയം ഗിൽഗമേഷിനെ ഉന്മത്തനാക്കിത്തീക്കുന്നു. ആത്മപ്രശംസയിൽ മതിമറന്നു് അയാൾ ഇപ്രകാരം പാടുന്നു:

"വീരരിൽ തേജസ്വി ആരു്?
മനുഷ്യരിൽ പ്രബലൻ ആരു്?
വീരരിൽ തേജസ്വി ഗിൽഗമേഷ്,
മനുഷ്യരിൽ പ്രബലൻ ഗിൽഗമേഷ്."

ജീവിതചക്രം നിർദ്ദയമാംവണ്ണം ചുറ്റിക്കൊണ്ടിരിക്കുന്നു. മരണഹേതുകമായ ഒരു രോഗം എംഗിഡുവിനു വരുത്തി ഇഷ്ടാർ പകരംവീട്ടുന്നു. ജീവിതത്തിൻെറ അന്തിമോദ്ദേശ്യത്തെക്കുറിച്ചുള്ള ഒരു ബോധം ഏററവും പ്രിയപ്പെട്ട സഹോദരൻെറ മരണത്തോടുകൂടി ഗിൽഗമേഷിനു പെട്ടെന്നുണ്ടാകുന്നു. "ഞാൻ സ്നേഹിക്കുന്ന എൻെറ സഹോദരൻ മണ്ണായിത്തീന്നു. ഞാൻ സ്നേഹിക്കുന്ന എംഗിഡു മണ്ണായിത്തീന്നു... ഞാൻ മരണത്തെ ഭയപ്പെടുന്നു. ഞാൻ ഭൂമിയിൽ നീണ്ടുനിവന്നു കിടക്കുന്നു. ഞാനും അവനെപ്പോലെ ദീർഘനിദ്രയിലാണ്ടുപോകുകയില്ലയോ? ഞാനും നിത്യതയിലേയ്ക്കുയരുകയില്ലയോ?"

മരണത്തിൻെറ ഗൂഢാത്ഥത്തെക്കുറിച്ചു് ഗിൽഗമേഷ് ചിന്തിക്കുവാനും, മരണവക്ത്രത്തിൽനിന്നും വിമുക്തിനേടുവാൻ മാഗ്ഗമൊന്നുമില്ലേയെന്നു പരിഭ്രമത്തോടുകൂടി അന്വേഷിക്കുവാനും തുടങ്ങി. പ്രളയത്തെ അതിജീവിച്ചതുകൊണ്ടു് ദേവന്മാർ സനാതനത്വം നൽകിയ ഉറ്റ്നാപിഷ്ടിമിൻെറ അനന്തരഗാമിയാണു് ഗിൽഗമേഷ് എന്നു

നാം ഇപ്പോഴാണ് മനസ്സിലാക്കുന്നത്. മരണത്തെ ജയിക്കുവാനുള്ള രഹസ്യം മനസ്സിലാക്കുന്നതിനു് തന്റെ പ്രപിതാമഹനെ അന്വേഷിച്ചുപോകുവാൻ ഗിൽഗമേഷ് തീർച്ചപ്പെടുത്തുന്നു.

അയാളുടെ സാഹസയാത്രകൾ ഇവിടെയാണ് തുടങ്ങുന്നത്. ആകാശംമുട്ടുന്ന തലകളും, പാതാളംവരെ എത്തുന്ന വക്ഷസ്സുകളുമുള്ള രണ്ടു രാക്ഷസന്മാർ കാവൽനില്ക്കുന്ന ഒരു മലയിടുക്കിൽക്കൂടി അയാൾ മറുപുറം കടക്കുന്നു. പന്ത്രണ്ടുമൈൽ നീളമുള്ള ഒരു ഇരുളടഞ്ഞ തുരങ്കത്തിൽക്കൂടി വലിയൊരു സമുദ്രതീരത്തെത്തുന്നു. വെള്ളത്തിനുമീതെ വളരെ വിദൂരത്തായി സമുദ്രത്തിന്റെ കന്യകാദേവതയായ സബിതുവിന്റെ സിംഹാസനം കാണുന്നു. സമുദ്രം തരണംചെയ്യുവാൻ സഹായിക്കണമെന്ന് അയാൾ ദേവതയോട്ട് ഉറക്കെ വിളിച്ചുപറയുന്നു: "ഇതു നിർവ്വഹിച്ചുതന്നില്ലെങ്കിൽ, ഞാൻ ഇവിടെക്കിടന്നു മരിക്കും." സബിതുവിനു് അയാളോട്ട് അനുകമ്പതോന്നുന്നു. ഈ വ്യർത്ഥമായ ഉദ്യമത്തിൽനിന്നു് അയാളെ പിൻതിരിപ്പിക്കുവാൻ ദേവത ശ്രമിക്കുന്നു: "അല്ലയോ ഗിൽഗമേഷ്, നീ എന്തിനാണ് എല്ലാ വഴിക്കും ഓടുന്നതു്? നീ അന്വേഷിക്കുന്ന ജീവിതം കണ്ടെത്തുകയില്ല. ദൈവം മനുഷ്യരെ സൃഷ്ടിച്ചപ്പോൾ മരണവും അവക്കു വിധിച്ചു. നിത്യജീവിതം ദേവന്മാർക്കു വേണ്ടി സൂക്ഷിക്കുകയും ചെയ്തു. അല്ലയോ ഗിൽഗമേഷ്, നീ സുഖമായി ഭക്ഷണം കഴിക്കുക. ദിനരാത്രങ്ങളിൽ സന്തോഷിക്കുക, നൃത്തംവെയ്ക്കുക, പാട്ടു പാടുക. നിൻെറ വസ്ത്രങ്ങൾ ശുഭ്രമാക്കിവെയ്ക്കുക, ശുദ്ധജലത്തിൽ കുളിക്കുക. നിൻെറ കരങ്ങൾഗ്രഹിക്കുന്ന കുട്ടിയെ ശ്രദ്ധിക്കുക. ഒരു ഭാര്യ നിന്റെ മാർത്തട്ടിൽ ആനന്ദിക്കട്ടെ. അതാണ് പുരുഷധർമ്മം."

എന്നാൽ ഗിൽഗമേഷ് തൻെറ അന്വേഷണം പൂത്തിയാക്കുവാൻതന്നെ ശപഥം ചെയ്തിരിക്കുകയാണ്. ചിരംജീവിയായ ഉറ്റ്നാപിഷ്ടിം അധിവസിക്കുന്ന പ്രശാന്തദ്വീപിലേയ്ക്കു കൊടുങ്കാററുള്ള കടലിൽക്കൂടി നാല്പതുദിവസം യാത്രചെയ്യുവാൻ സബിത്തു അവനെ അനുവദിക്കുന്നു. ഇവിടെ പ്രളയത്തിൻെറ കഥയെ ഗിൽഗമേഷിൻെറ കഥയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. പ്രളയത്തെ അതിജീവിച്ച ആൾ നമ്മുടെ കഥാനായകനെ ഇവിടെവച്ചാണ് പ്രളയകഥ പറഞ്ഞുകേൾപ്പിക്കുന്നതു്. ഫലം ഭക്ഷിച്ചാൽ യൗവനം പൂർവ്വാധികം വീണ്ടുകിട്ടുന്ന ഒരു ചെടി പ്രപിതാമഹൻ ഗിൽഗമേഷിനു നൽകുന്നു. കഥാനായകൻ വീട്ടിലേയ്ക്കുള്ള ദീർഘമായ മടക്കയാത്ര തുടങ്ങി. കുളിക്കുന്നതിനുവേണ്ടി വഴിയിൽ താമസിക്കുകയും, കുളിച്ചുകൊണ്ടിരിക്കുമ്പോൾ ചെടി ഒരു സർപ്പം മോഷ്ടിക്കുകയുംചെയ്യുന്നു. നിരാശനായി അയാൾ എറെക്കിലേയ്ക്കു മടങ്ങുന്നു. ഒരു നിമിഷനേരത്തേയ്ക്കു അവനോടു സംസാരിക്കാനെങ്കിലും എംഗിഡുവിനു ജീവൻ തിരിച്ചുകിട്ടണമെന്നു് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. എംഗിഡുവിൻെറ നിഴൽ അയാളുടെ മുൻപിൽ വരുമ്പോൾ മരിച്ചവരുടെ അവസ്ഥയെപ്പററി പറയുവാൻ അതിനോടാവശ്യപ്പെടുന്നു. ആ രഹസ്യങ്ങൾ മനസ്സിലാക്കിയാൽ ഗിൽഗമേഷ് ബോധരഹിതനായിത്തീരുമെന്നുപറഞ്ഞു് എംഗിഡു വിസമ്മതിക്കുന്നു. ഗിൽഗമേഷ് വീണ്ടും നിർബ്ബന്ധിക്കുമ്പോൾ മൃതലോകത്തിൻെറ ശൂന്യതയെപ്പററി എംഗിഡു അവനെ പറഞ്ഞുകേൾപ്പിക്കുന്നു. അപൂർണ്ണമായ ഈ പുരാണകഥ ഈ സങ്കടകരമായവിവരണത്തോടുകൂടി അവസാനിക്കുന്നു.

ഈ കാവ്യത്തിനു് ഏതാണ്ടു് ക്രി. മു. 3000 കൊല്ലത്തെ പഴക്കമുണ്ടു്. ഇതൊരു പൂർണ്ണമായ പൗരാണികകഥ

യാണു്. യുലീസസ്സിൻെറ സാഹസസഞ്ചാരങ്ങളെക്കുറി ക്കുന്ന ഗ്രീക്കുകവിതയുടെ മാതിരിയിൽ എഴുതിയിട്ടുള്ളതു മാണു്. ആക്രമണം, യുദ്ധം, ദ്വന്ദ്വയുദ്ധം മുതലായവയുടെ കോലാഹലംകൊണ്ടു് അതു നിറച്ചിരിക്കുന്നു. ജയത്തിന്റെ വിജയഭേരിയും, മരണത്തിൻെറ സ്തംഭിപ്പിക്കുന്ന ഭീകരത്വവും അതിൽ കാണാം. ഗിൽഗമേഷിനെ കാവ്യത്തിൽ പരിചയപ്പെടുത്തുന്നതുതന്നെ മൂന്നിൽ രണ്ടുഭാഗം ദൈവമായും, ഒരു ഭാഗം മനുഷ്യനായുമാണു്. ഈ വിഹിതം ഒരു പക്ഷേ, അതിശയോക്തിയായിരിക്കാം. അല്ലെങ്കിൽ മുഖസ്തുതിയായിരിക്കാം. കാരണം, അയാൾ നമ്മെപ്പോലെതന്നെ ഒരു മനുഷ്യനാണു്. മനുഷ്യക്കു് സ്വാഭാവികമായുണ്ടാകുന്ന തെററുകൾക്കു വിധേയനുമാണു്. വിജയം അയാളെ വഴിതെററിക്കുന്നു. അയാളുടെ വികാരങ്ങൾ തൃപ്തിപ്പെടുത്തുവാൻവേണ്ടി അധികാരത്തെ അയാൾ ദുരുപയോഗപ്പെടുത്താതിരിക്കുന്നുമില്ല. എന്നിരുന്നാലും, എല്ലാമനുഷ്യരിലുമുള്ളതുപോലെ അല്പം ദൈവികത്വം അയാളിലുമുണ്ടു്. കുറുള്ള സ്നേഹബന്ധം പുലത്തുന്നതിനു് അയാൾക്കു കഴിവുണ്ടു്. ആപത്തു്, ജീവിതത്തിൻെറ പരമോദ്ദേശ്യങ്ങളെ അയാളിൽ തട്ടിയുണത്തുന്നു. സാധാരണമട്ടിലുള്ള ജീവിതംകൊണ്ടു് അയാൾ തൃപ്തനാകുന്നില്ല. ഉത്തരം കണ്ടുപിടിക്കുവാൻ അയാൾ അന്തമില്ലാത്ത ക്ലേശങ്ങൾ സഹിക്കുന്നു. കാര്യങ്ങൾ അതേമട്ടിൽ വിടുന്നതിനും ആഹ്ലാദം നിറഞ്ഞ ഒരു ജീവിതത്തിലേക്കു തിരിച്ചുവരുന്നതിനുമുള്ള സബിതുവിൻെറ അഭ്യത്ഥന അയാളിൽ യാതൊരു വ്യത്യാസവും വരുത്തുന്നില്ല. അയാൾക്കു് ഉത്തരം കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ലെങ്കിലും, അതിനുള്ള പരിശ്രമത്തിൽ അയാളുടെ ജീവിതം അത്ഥവത്തായിത്തീൎന്നു. അത്തരത്തിൽ,പൂത്തിയാകാത്ത ഒരന്വേഷണമായ മാനവചരിത്ര

ത്തിൻെറ ചിഹ്നമായി അതു മാറുകയും ചെയ്യുന്നു. അ യാൾക്കു് കവി നൽകുന്ന മഹത്തായ പ്രശംസയോടു് നമു ക്കും യോജിക്കുവാൻ കഴിയും. "ഭൂമിയുടെ അററംവരെയുള്ള എല്ലാ കാര്യങ്ങളും അവൻ കണ്ടു, അവൻ ഉല്ലംഘിച്ചു, എ ല്ലാം അറിയുന്നതിനു ശ്രമിച്ചു. എല്ലാററിനേയും ആവര ണംചെയ്യുന്ന ബുദ്ധിയുടെ ശക്തിയാൽ അവൻ എല്ലാ ര ഹസ്യങ്ങളിലും സൂക്ഷിച്ചുനോക്കി. ഒളിവായിരുന്നതു് അ വൻ കണ്ടു, മൂടപ്പെട്ടതു് അവൻ അഴിച്ചു. ബുദ്ധിമുട്ടുകളും ദു രിതങ്ങളും സഹിച്ചുകൊണ്ടു് വളരെദൂരം പോയി."

പ്രാചീനസാഹിത്യത്തിൽ ഭൗതികപുരാണങ്ങളുടെ തുടക്കം ഗിൽഗമേഷിൻെറ കവിതമുതൽക്കാണു്. മെസൊ പൊട്ടേമിയൻകാലത്തുതന്നെ മററു കല്പിതകഥകളും പ്രേമ ഗാനങ്ങളും പ്രചാരത്തിൽ വന്നുതുടങ്ങിയതായി കാണാം. കല്പിതകഥകളിൽ ദേവന്മാരെപ്പററി പ്രതിപാദിക്കുന്നു ണ്ടെങ്കിലും, സൃഷ്ടിയേയും, പ്രളയത്തേയും പററിയുള്ള പു രാണങ്ങളിൽനിന്നു് അവ വ്യത്യസ്തമാണെന്നു കാണു വാൻ പ്രയാസമില്ല. മതപരമായ ഭാവനയല്ല, ഭൗതികമാ യ ഭാവനയാണു മുന്നിട്ടുനില്ക്കുന്നതു്. എറെഷ്കിഗാലിന്റെ കഥ ഇതിനൊരു ഉത്തമോദാഹരണമാണു്. പാതാളലോ കത്തിലെ ഒരു ഭീകരദേവതയായിരുന്ന അവളെ നിർബ്ബ ന്ധബുദ്ധിയായ ഒരു ഭത്താവു് മെരുക്കിയെടുക്കുന്നു. ദേവ ന്മാർ ഒരിക്കൽ ഒരു സദ്യനടത്തി. ഭയജനകമായ അവ ളുടെ ആസ്ഥാനം വിടാൻകഴിയാഞ്ഞതിനാൽ, അവൾക്കു വേണ്ടി മാററിവെച്ചിട്ടുള്ള ഭക്ഷണം കൊണ്ടുപോകുന്നതി നു് ഒരു ദൂതനെ അയയ്ക്കണമെന്നു് അറിയിച്ചു. ഇപ്രകാരം അവൾ ചെയ്തു. അവളുടെ ദൂതനെ സ്വീകരിക്കുവാൻ എ ല്ലാ ദേവന്മാരും എഴുന്നേററുനിന്നു. ഒരാൾമാത്രം ഈ ബഹു മതി നൽകുന്നതിനു വിസമ്മതിച്ചു. ദൂതൻ ഈ വിവരം

ദേവതയെ അറിയിച്ചപ്പോൾ കോപിഷ്ഠയായിത്തീൎന്ന ദേവത കുററക്കാരനെ കൊല്ലുന്നതിനുവേണ്ടി അവളുടെ കൈയിൽ ഏല്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു് ദൂതനെ സ്വൎഗ്ഗത്തിലേയ്ക്കു മടക്കി അയയ്ക്കുന്നു. കുററക്കാരനെ കണ്ടുപിടിക്കുന്നതിനുവേണ്ടി എല്ലാ ദേവന്മാരെയും അടുത്തു വിളിച്ചപ്പോൾ ഒരാൾമാത്രം മുൻപോട്ടുവരാതെ മാറിനിന്നു. നെറിഗൽ എന്നുപേരായ ഈ ദേവനെ, ദൂതൻ കണ്ടുപിടിച്ച് നരകത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവൻ അവൾക്കു കീഴ്വഴങ്ങുവാൻ ഒട്ടും കൂട്ടാക്കിയില്ല. ഭീഷണിപ്പെടുത്തിയിരുന്നമാതിരി അവനെ കൊല്ലുന്നതിനുപകരം, അവൻ എറെഷ്കിഗാലിനെ തലമുടിക്കുത്തിനുപിടിച്ചു സിംഹാസനത്തിൽനിന്നു വലിച്ചുതാഴെയിട്ടു. നെറിഗൽ അവളെ കൊല്ലുവാൻ ഭാവിക്കുമ്പോൾ, അവൾ അവൻെറ ദയയ്ക്കുവേണ്ടി അഭ്യൎത്ഥിക്കുന്നു. "എന്നെ കൊല്ലരുതേ, ഞാൻ അങ്ങയോടു സംസാരിക്കട്ടെ" എന്നു നിലവിളിച്ചു. അവൻ തലമുടിയിലെ പിടി അയച്ചപ്പോൾ അവൾ തുടൎന്നു പറഞ്ഞു: "അങ്ങ് എൻെറ ഭൎത്താവായിരിക്കണം; ഞാൻ അങ്ങയുടെ ഭാൎയ്യയായിരിക്കും. വിശാലമായ ഭൂമിയുടെ അധികാരം ലഭിക്കുവാൻ ഞാൻ അങ്ങയെ സഹായിക്കും. അറിവിൻെറ ചിഹ്നം അങ്ങയുടെ കൈയിൽ ഞാൻ ഏല്പിക്കും. അങ്ങ് നാഥനും ഞാൻ നാഥയുമായിരിക്കും." അതോടുകൂടി നെറിഗൽ അവളെ സ്വീകരിക്കുകയും ചുംബിക്കുകയും ചെയ്യുന്നു. അവളുടെ കണ്ണുനീർ തുടച്ചുകളഞ്ഞുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "വളരെ മാസങ്ങളായി നീ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതിനു് ഇപ്പോൾ അംഗീകാരം ലഭിക്കുന്നു." വളരെക്കാലമായി ദേവത അയാളോടു് സ്നേഹം പുലൎത്തിയിരുന്നുവെന്നോ, അഥവാ ഇപ്രകാരം ഉണ്ടെന്നുള്ള അടിസ്ഥാനത്തിൽ അവളെ ക്ഷോഭിപ്പിക്കു

വാൻ ആഗ്രഹിച്ചുവെന്നോ ആണ് അയാളുടെ വാക്കുക ളിൽനിന്നു ധ്വനിക്കുന്നതു്. അയാളുടെ സ്വഭാവം ഇതിനകം മനസ്സിലാക്കിയതുകൊണ്ടു് അവൾക്കു് അതു രോഷത്തോടെ നിഷേധിക്കുവാൻ സാദ്ധ്യവുമല്ല.

മനുഷ്യൻ എപ്പോഴും പക്ഷികളുടെ സ്വാതന്ത്ര്യത്തെ അസൂയപ്പെടാറുണ്ടു്. സങ്കല്പത്തിലൂടെയോ, അതികഠിനമായ പരീക്ഷണങ്ങൾ മുഖേനയോ ആകാശത്തിലേയ്ക്കു പറന്നുയരുവാൻ പരിശ്രമിക്കാറുണ്ടു്. ഇത്തരത്തിലുള്ള ഒരു സങ്കല്പകഥയിൽ എററാനയുടെ സ്നേഹിതനായിരുന്ന ഒരു ഗരുഡൻ അയാളെ സ്വർഗ്ഗത്തിലേയ്ക്കു വഹിച്ചുകൊണ്ടുപോകാമെന്നു് ഏൽക്കുന്നു. അയാൾ ആ വാഗ്ദാനം സ്വീകരിച്ചു് ഗരുഡൻെറ പക്ഷങ്ങളിൽ പററിപ്പിടിച്ചിരുന്നു. അവൻ ഭൂമിയിൽനിന്നു മുകളിലേയ്ക്കുയർത്തപ്പെട്ടു. അവർ രണ്ടുപേരുംകൂടി വളരെദൂരം മുകളിലേയ്ക്കുയന്നപ്പോൾ, ഗരുഡൻ എററാനയോടു ഭൂമിയിലേയ്ക്കു നോക്കുവാൻ പറഞ്ഞു. അവർ മുകളിലേയ്ക്കുയരുന്തോറും ഭൂമി ചെറുതായിച്ചെറുതായി വന്നുകൊണ്ടിരുന്നു. അവർ മുകളിലേയ്ക്കു പറന്നുകൊണ്ടിരിക്കുമ്പോൾ മൂന്നുഘട്ടത്തിൽ ഗരുഡൻ അവനോടു് ഭൂമിയിലേയ്ക്കു സൂക്ഷിച്ചുനോക്കുവാൻ പറഞ്ഞു. ഗരുഡൻ ഓരോ പ്രാവശ്യം സംസാരിച്ചപ്പോഴും ഭൂമിയെ പുതിയ വസ്തുക്കളോടു താരതമ്യപ്പെടുത്തി. രണ്ടു മണിക്കൂറിനുശേഷം ഗരുഡൻ പറഞ്ഞു: "നോക്കു, എൻെറ സ്നേഹിതാ, ഭൂമിയുടെ ആകൃതി! ഭൂമി ഒരു പവ്വതംപോലെയായി. കടൽ ഒരു തടാകമായി മാറി." എററാനയെ രണ്ടുമണിക്കൂർകൂടി മുകളിലേയ്ക്കു കൊണ്ടുപോയതിനുശേഷം ഗരുഡൻ പറഞ്ഞു: "കടൽ ഇപ്പോൾ ഭൂമിയുടെ അരഞ്ഞാണമാണു്." വീണ്ടും രണ്ടുമണിക്കൂർകൂടി മുകളിലേയ്ക്കു പറന്നു ഗരുഡൻ തുടന്നു: "കടൽ ഒരു തോട്ടക്കാരൻെറ ചാലായി മാറിയിരിക്കുന്നു."

പിന്നീട്ട് ഒരുയർന്ന സ്ഥാനത്തു് ഭൂമി ഒരു പൂച്ചെടിത്തടമായി കാണപ്പെട്ടു. ദൃഷ്ടിഗോചരമായ ഭാവനയ്ക്കു ഒരുത്തമോദാഹരണമാണു് മേൽപ്പറഞ്ഞ സങ്കല്പകഥ.

മൃഗങ്ങളെക്കുറിച്ചുള്ള സങ്കല്പകഥകളും മെസൊപൊട്ടേമിയയിൽ പ്രചാരത്തിലിരുന്നിരുന്നു. അതിലൊന്നിൽ ഒരു കഴുകൻ ഒരു പാമ്പിൻെറ മുട്ടകൾ നശിപ്പിച്ചുകളയുന്നു. പാമ്പു് ഒരു ദേവതയോടു് അപേക്ഷിക്കുന്നു. കഴുകനെ ശിക്ഷിക്കുവാൻ പ്രയാസമാണു്. കാരണം, അതിനെപ്പോഴും പറന്നു മാറുവാൻ കഴിയും. എന്നാൽ ദേവത പാമ്പിനോടു ഒരുപായം പറഞ്ഞുകൊടുക്കുന്നു: "പർവ്വതകൊടുമുടിയിൽ ഒരു ചത്തകാട്ടുകാളയുടെ ശരീരം കിടക്കുന്നുണ്ടു്. വേഗംപോയി കാളയുടെ തൊക്കിനകത്തു് ഒളിച്ചിരിക്കുക." കഴുകൻ താഴോട്ടു പറന്നുവന്നു് സാവധാനത്തിലുള്ള തീററയ്ക്കുവേണ്ടി ചത്തകാളയുടെ പുറത്തിരിക്കുന്നു. ഈ അവസരംനോക്കി പാമ്പു് അവനെ പിടികൂടി കൊത്തിക്കൊല്ലുന്നു.

മെസൊപൊട്ടേമിയയിലെ പ്രേമഗാനങ്ങൾ കാലപ്പഴക്കത്തിൽ നമുക്കു നഷ്ടപ്പെട്ടു. മൃദുലവികാരങ്ങളോ, മൃദുലവികാരങ്ങൾക്കൊള്ളുന്ന ഗാനങ്ങളോ ആ രാജ്യത്തിലെ ജനങ്ങൾക്കു് വൈദേശികമായിരുന്നില്ല. ക്രി. മു. 2100–ാമാണ്ടു് ഒരാൾ അയാളുടെ പ്രാണനാഥയ്ക്കെഴുതിയ എഴുത്തിൽ ഇപ്രകാരം കാണാം: "ബിബിയയ്ക്കു്....ഷമാഷും മർദുക്കും നിനക്കു നിത്യആരോഗ്യം കൈവരുത്തട്ടെ.... നിൻെറ ദേഹസ്ഥിതിയെക്കുറിച്ചന്വേഷിക്കുവാൻ ഞാനൊരു ദൂതനെ അയച്ചിരുന്നു. നിനക്കു സുഖമാണോ എന്നു് എന്നെ അറിയിച്ചാലും. ഞാൻ ബാബിലോൺനഗരത്തിൽ എത്തിയിട്ടുണ്ടു്. എന്നാൽ നിന്നെ കാണുന്നില്ല. ഞാൻ വളരെ ദുഃഖിതനാണു്." ചില പ്രേമഗീതങ്ങ

ളുടെ ഒന്നാമത്തെ വരികൾ അവിടവിടെയായി അവശേഷിച്ചിട്ടുണ്ട്. "എൻെറ പ്രേമം ഒരു ദീപമാകുന്നു....." അഥവാ "എൻെറ ഹൃദയം സന്തോഷംകൊണ്ടും ആഹ്ലാദംകൊണ്ടും തുള്ളിക്കുതിക്കുന്നു." ഇതെല്ലാം ഭംഗിയുള്ളതും ഹൃദയംകവരുന്നതുമായ നഷ്ടപ്പെട്ട ഗീതങ്ങളുടെ അവശിഷ്ടങ്ങളാണ്.

അദ്ധ്യായം അഞ്ച്

## മനുഷ്യനും ജീവിതവും

ഈ പൗരാണിക നാഗരികതയിലെ മനുഷ്യൻെറ ജീവിതം, പ്രത്യാശ, നിരാശ, പുനഃസഖ്യം മുതലായവയെക്കുറിച്ച് ഏറ്റവും സൂക്ഷ്മമായ വിവരണങ്ങൾ ധാരാളമായി ഇന്നും അവശേഷിക്കുന്ന രേഖാസാഹിത്യങ്ങളിൽനിന്നു ലഭിക്കുന്നുണ്ട്.

ഇതിൽ അധികഭാഗവും രാജാക്കന്മാരുടെ വീരപരാക്രമങ്ങളെ സ്മരിക്കുന്ന സ്തുതികളാണ്. പ്രതീക്ഷപോലെ ഇത്തരത്തിലുള്ള സാഹിത്യങ്ങൾ സുന്ദരഭാഷണങ്ങളാകുന്നു. യഥാർത്ഥരൂപമല്ല, വിചിത്രമായ ഒരു മൂട്ടപടം മാത്രമേ നാം അതിൽക്കൂടി ദർശിക്കുന്നുള്ളു. എന്നാൽ ഒരു സാഹിത്യചരിത്രത്തിൽ അതിനു പ്രാധാന്യമുണ്ട്. കാരണം, ശുദ്ധ ആലങ്കാരികശാസ്ത്രത്തിൻെറ പരിണാമത്തെ ഇതു കുറിക്കുന്നു. ഇത്തരത്തിലുള്ള നശ്വരമായ സാഹിത്യം കൊണ്ടുപജീവിക്കേണ്ടിവരുന്ന സാഹിത്യകാരന്മാരുടെ മതിയായ കഴിവിനെ ഇതു തെളിയിക്കുന്നു. ക്രി. മു. 1115 മുതൽ 1102 വരെ അസീരിയ ഭരിച്ചിരുന്ന റ്റിഗ്ലത് പിലേസ്സർ രാജാവിൻെറ സ്മാരകശിലാലിഖിതം നല്ലൊരു മാതൃകയാണ്. "റ്റിഗ്ലത് പിലേസ്സർ, പ്രബലനായ രാജാവ്, ഭൂമിയൊക്കെയുടെയും ഏകച്ഛത്രാധിപതി, നാലുദേശങ്ങളുടെയും അധീശൻ, രാജാധിരാജൻ, ദേവാധിദേവൻ, രാജാക്കന്മാരിൽ അഗ്രഗണ്യൻ, ഷമാഷിൻെറ കല്പനപ്രകാരം നല്ലപ്പെട്ട ജ്വലിക്കുന്ന ചെങ്കോൽകൊണ്ടു് രാഷ്ട്രങ്ങളെയും എൻലിലിൻെറ പ്രജകളെയും അടക്കിവാഴുന്ന മഹാ

പുരോഹിതൻ, സകലരാജാക്കന്മാരേക്കാൾ പേരു വാഴ്ത്തപ്പെട്ട യഥാൎത്ഥ ലോകനാഥൻ, അഷ്യൂറിനാൽ കരങ്ങളെ നയിക്കപ്പെട്ടുന്നവനും നാലു ദേശങ്ങളുടെയും നിയന്ത്രിതാവായി പേരു പ്രഖ്യാപിക്കപ്പെട്ടവനുമായ അത്യുന്നത ന്യായാധിപൻ, വിദൂരദിഗ്വിജയി, നാലുദേശങ്ങളിലും വ്യാപിക്കുന്ന ശോഭയേറിയ ഉജ്ജ്വല ദിനം, അതിഭയങ്കരമായ കൊടുങ്കാററുപോലെ ശത്രുക്കളുടെമേൽ പതിക്കുന്ന ഇടിത്തീ..." ഇത്തരത്തിലുള്ള സാഹിത്യം ഹാസ്യമായി കരുതുന്നവർ ഇക്കാര്യത്തിൽ നമ്മളും പൗരാണികരേക്കാൾ മെച്ചപ്പെട്ടവരല്ലെന്നു് ഓൎക്കണം. ഇനിയും ബോദ്ധ്യപ്പെടാത്തവർ ഇന്ത്യൻ നാട്ടുരാജാക്കന്മാരുടെ ബഹുമാനസൂചകമായ സ്ഥാനപ്പേരുകളും, ജന്മദിനവേളകളിൽ എന്തെങ്കിലും മെച്ചംകിട്ടിയിരുന്ന ജനങ്ങൾ അവരുടെമേൽ ചൊരിയുന്ന ആശംസകളും ഓൎക്കുന്നതു നന്നു്.

നേരേമറിച്ചു്, രേഖാസാഹിത്യത്തിൽ ഗണ്യമായ ഒരുഭാഗം ജനങ്ങളെയും അവരുടെ സ്വഭാവത്തെയും ആദൎശങ്ങളെയുംകുറിച്ചു് അതിസൂക്ഷ്മമായ വിവരങ്ങൾ നല്കുന്നവയാണു്. വടക്കുകിഴക്കു മദ്ധ്യധരണ്യാഴിവരെ എല്ലാ രാജ്യങ്ങളും കീഴടക്കുകയും, തെക്കുകിഴക്കു പേർഷ്യൻ ഉൾക്കടലിൽ തൻെറ ഉടവാൾ ദിഗ്വിജയത്തിൻെറ ചടങ്ങായി മുക്കുകയും ചെയ്തു്, ചരിത്രത്തിലെ ഒന്നാമത്തെ വലിയ സാമ്രാജ്യം സ്ഥാപിച്ച അക്കാഡിലെ രാജാവായിരുന്ന സാർഗോൺ ഒന്നാമൻെറ (ക്രി. മു. 2872–2817) ജനനം വളരെ എളിമയിൽനിന്നായിരുന്നു. അദ്ദേഹത്തിന്റെ അമ്മ ഒരു ദേവദാസിയായിരുന്നു. അച്ഛൻ ആരായിരുന്നുവെന്നു ആൎക്കും നിശ്ചയമില്ല. ഒരു പ്രഭുപാരമ്പൎയ്യം കെട്ടിച്ചമയ്ക്കാതെ തൻെറ ജനനം സ്പഷ്ടമായി സമ്മതിക്കുന്ന സമ്പ്രദായത്തിൽനിന്നുതന്നെ ഒരു സാമ്രാജ്യം കെട്ടിപ്പടുക്ക

ത്തക്ക ദൃഢസ്വഭാവത്തിന്റെ ഏതാണ്ടൊരു രൂപം വെളിപ്പെടുന്നു. അദ്ദേഹത്തിന്റെ ശിലാരേഖയിൽ ഇപ്രകാരം കാണാം: "എന്റെ അമ്മ ദരിദ്രയായിരുന്നു. എന്റെ അച്ഛനെ ഞാൻ അറിഞ്ഞില്ല. യൂഫ്റട്ടീസ്നദീതീരത്തുള്ള അസുപിരാനു ആണ് എന്റെ നഗരം. പാവപ്പെട്ട എന്റെ അമ്മ എന്നെ ഗർഭംധരിച്ചു. രഹസ്യമായി എന്നെ പ്രസവിച്ചു. ചുള്ളികൾകൊണ്ടുണ്ടാക്കിയ ഒരു കൊട്ടത്തോണിയിൽ എന്നെ കിടത്തി; കീല്കൊണ്ടു വാതിൽ ബന്ധിച്ചു; എന്നെ പുഴയിലൊഴുക്കി. നദിയിൽ ഞാൻ ആണ്ടുപോയില്ല. ജലസേചകനായ അക്കിയുടെ അരികിൽ ഞാൻ ഒഴുകിയെത്തി... അക്കി എന്നെ കരയ്ക്കുകയററി... അക്കി എന്നെ പുത്രനെപ്പോലെ കരുതി വളർത്തിക്കൊണ്ടുപോന്നു."

പ്രതീക്ഷിക്കുന്നതുപോലെതന്നെ, ഈ സ്മാരകലിഖിതങ്ങളിലധികവും യുദ്ധത്തേയും ആക്രമണങ്ങളേയുംപററി പ്രതിപാദിക്കുന്നവയാണ്. സമുദ്രതീരംവരെ തന്റെ സാമ്രാജ്യം വികസിപ്പിക്കുവാനുള്ള അഭിവാഞ്ഛ ഈ പ്രദേശങ്ങളിലെ മിക്ക രാജാക്കന്മാർക്കും ഉണ്ടായിരുന്നതായി കാണുന്നു. "എന്റെ ഭരണത്തിന്റെ പ്രാരംഭവർഷത്തിൽ വെള്ളപ്പൊക്കകാലത്തു യൂഫ്റട്ടീസ്നദിയുടെ മറുകര ഞാൻ കടന്നു." എന്ന് അസീറിയയിലെ ഷാൽമനേസർ മൂന്നാമൻ (ക്രി. മു. 858–824) എഴുതിയിരിക്കുന്നു. "സൂര്യാസ്തമനക്കടലി(മദ്ധ്യധരണ്യാഴി)ന്റെ തീരംവരെ ഞാൻ മുന്നോട്ടുനീങ്ങി. ആ കടലിൽ ഞാൻ എന്റെ ആയുധം ശുദ്ധിയാക്കി." വിധി അവരെ മററൊരുവിധത്തിൽ പഠിപ്പിക്കുന്നതുവരെ നമ്മുടെ ശതാബ്ദത്തിലെ പരാക്രമികളായ ജേതാക്കൾ വിചാരിച്ചിട്ടുള്ളതുപോലെ, ദേവന്മാർ തന്നെ ഒരു ഉന്നതകാര്യത്തിനു തിരഞ്ഞെടുത്തിരിക്കുകയാ

ണെന്നു് അക്കാലത്തെ ജേതാവും വിചാരിച്ചുപോന്നു. റ്റിഗ്ലത്പിലേസ്സർ ഇപ്രകാരമെഴുതിയിരിക്കുന്നു: "എൻെറ രാജ്യം വലുതാക്കി, ശക്തിയും അധികാരവും എനിക്കു തന്നു് അഷ്ശൂറും മററു ദേവന്മാരും എന്നോട്ട് അവരുടെ രാജ്യത്തിൻെറ അതിർത്തികൾ വികസിപ്പിക്കണമെന്നു് ആജ്ഞാപിച്ചു. അവരുടെ മഹായുധമായ യുദ്ധത്തിൻെറ കൊടുങ്കാററു് അവരെന്നെ ഏല്പിച്ചു." യുദ്ധംചെയ്തു മുന്നേറുന്ന സേനകളോടൊപ്പം തങ്ങളുടെ ദേവന്മാരും ഉണ്ടെന്നുള്ള ദർശനങ്ങൾ ചിലരാജാക്കന്മാർ കണ്ടിട്ടുണ്ട്. കൂരിരുളടഞ്ഞ രാത്രിയിൽ അർബേലയിലെ മഹാക്ഷേത്രത്തിൽ വസിക്കുന്ന ഇഷ്ടാർ, അസീറിയയിലെ രാജാവായ അഷ്ശൂർബനിപലിനു (ക്രി. മു. 669–626) പ്രത്യക്ഷപ്പെട്ടു് ഇപ്രകാരം ഉറപ്പുനൽകി: "മുലകുടിപ്പിക്കുന്ന മാതാവിനെപ്പോലെ എൻെറ കാൽമുട്ടുകളിൽ ഞാൻ നിന്നെ ഉയർത്തും. എൻെറ സ്തനങ്ങൾക്കിടയിലെ ഒരു രത്നംപോലെ ഞാൻ നിന്നെ കരുതും." സൈന്യങ്ങൾക്കും അവൾ പ്രത്യക്ഷപ്പെട്ടു് അവരോടായി ഇപ്രകാരം പറഞ്ഞു: "എൻെറ കൈകൾ വളർത്തിയ രാജാവായ അഷ്ശൂർബനിപലിൻെറ മുമ്പിൽ ഞാൻ നടക്കും." അവിശ്വസനീയമായ ക്രൂരതയോടുകൂടിയാണു്, പ്രത്യേകിച്ച് നിർദ്ദയരായ അസീറിയക്കാർ, ആക്രമങ്ങൾ നടത്തിയിരുന്നതു്. 'എല'ത്തിനെതിരായി നടത്തിയ ആക്രമണം അഷ്ശൂർബനിപൽ ഇപ്രകാരമാണു് വിവരിക്കുന്നതു്: "എലത്തിലെ ജില്ലകൾ ഒരുമാസം ഇരുപത്തഞ്ചുദിവസത്തെ മുന്നേററദൂരത്തോളം ഞാൻ ശൂന്യമാക്കി. മണ്ണിൻെറ ഫലപുഷ്ടി നശിപ്പിക്കുന്നതിനു് ഉപ്പും കാരമുള്ളും ഞാനവിടെ വിതറി. എലത്തിലെ ക്ഷേത്രങ്ങളുടെ ഉന്മൂലനാശം ഞാൻ വരുത്തി. ദേവന്മാരെയും ദേവതകളെയും ഞാൻ കാററിൽപ്പറത്തി. ഇതുവരെയും

അന്യർ പ്രവേശിക്കാത്ത അവരുടെ പവിത്രവാടികളിൽ എന്റെ ഭീകരസേനകൾ പ്രവേശിച്ചു. അവരതിന്റെ പരമരഹസ്യം ദർശിച്ചു. അവയെ അഗ്നിക്കിരയാക്കി. എന്റെ പ്രപിതാമഹന്മാർ സമാധാനത്തിൽ വിട്ടിരുന്ന അഷൂറിനെ വന്ദിക്കാത്ത അവരുടെ പണ്ടുള്ള രാജാക്കന്മാരുടെ ശവകുടീരങ്ങൾ ഞാൻ വെട്ടിത്തുറന്നു നശിപ്പിച്ചു. അവരുടെ എല്ലുകൾ ഞാൻ അസീരിയയിലേക്കു കൊണ്ടുപോന്നു. മരണാനന്തരമുള്ള പുണ്യകർമ്മങ്ങളും ജലനിവേദ്യവും ഞാൻ അവർക്കു നിഷിദ്ധമാക്കി. അങ്ങനെ അവരുടെ ആത്മാവിനു ശാന്തിയില്ലാതാക്കി. ഏലത്തിലെ വയലുകളിലെ മനുഷ്യശബ്ദവും, കാലിക്കൂട്ടങ്ങളുടെ കുളമ്പടികളും, ആഹ്ലാദത്തിന്റെ ആർപ്പുവിളികളും അവസാനിപ്പിച്ച്, അവ കഴുതകൾക്കും മാനുകൾക്കും മററു കാട്ടുമൃഗങ്ങൾക്കുമായി വിട്ടുകൊടുത്തു.'' ക്രി. മു. 884–859 വരെ അസീരിയ ഭരിച്ചിരുന്ന അഷൂർനാസിർപൽ അദ്ദേഹത്തിന്റെ പരാക്രമങ്ങളിലൊന്നിനെക്കുറിച്ച് ഇപ്രകാരമെഴുതിയിരിക്കുന്നു: ''പർവ്വതശിഖരങ്ങൾ ആക്രമിച്ച് ഞാനവരെ കീഴ്പെടുത്തി. ഉന്നതസാനുക്കളിൽവെച്ച് ഞാനവരെ കൊന്നൊടുക്കി. കമ്പിളിരോമംപോലെ അവരുടെ രക്തത്തിൽ പർവ്വതം ഞാൻ മുക്കി. ശേഷിച്ചവരെക്കൊണ്ടു പർവ്വതത്തിന്റെ ചെങ്കുത്തായഭാഗങ്ങളും പിടവുകളും ഞാൻ അന്ധകാരമയമാക്കിത്തീർത്തു. വെന്തുനീറിയ ആ നാട്ടിന്റെമേൽ എന്റെ നിഴൽ വിശ്രമിച്ചു. എന്റെ കോപശമനത്തിൽ ഞാൻ സംതൃപ്തി കണ്ടെത്തി.'' ഈ ആക്രമണങ്ങളുടെ മൃഗീയമായ നിഷ്ഠുരതയും, ഒരുനാളും തൃപ്തിപ്പെടുത്തുവാൻ സാദ്ധ്യമല്ലാതായിത്തീർന്ന രക്തദാഹത്തിനും നിനവേഹിലെ ചുവർശില്പങ്ങൾ സാക്ഷ്യം വഹിക്കുന്നു.

രക്തദാഹശമനത്തിനല്ലാതെ, പ്രയാസങ്ങളെ അഭിമുഖീകരിച്ചു് അവയെ തരണംചെയ്തു് ആക്രമണത്തിനുപുറപ്പെട്ടുവാനുള്ള അഭിവാഞ്ഛയാൽ പ്രേരിതനായ ഒരാളെ വളരെ അപൂർവ്വമായേ നാം കാണുന്നുള്ളു. ക്രി. മു. 722–705 വരെ അസീറിയ ഭരിച്ചിരുന്ന സാർഗോൺ രണ്ടാമൻ പർവ്വതപ്രാന്തങ്ങളിൽവെച്ചു നടത്തിയ ഒരു ആക്രമത്തിൻെറ വിവരണം മുഗൾസാമ്രാജ്യസ്ഥാപകനായ ബാബറുടെയോ, സീസറുടെയോ ഓർമ്മക്കുറിപ്പുകളെ അനുസ്മരിപ്പിക്കുന്നവയാണു്: "പർവ്വതനിരകളുടെമേൽ ശൂലംപോലെ ഉയർന്നുനിൽക്കുന്ന ഒരു വലിയ കൊടുമുടി മുന്നേററത്തിനു തടസ്സമുണ്ടാക്കുന്നതായി" അദ്ദേഹം കാണുന്നു. "അതിൻെറ ശൃംഗം ഉയരത്തിൽ ആകാശം താങ്ങിനില്ക്കുന്നതായിത്തോന്നുന്നു. അതിൻെറ അടിഭാഗം പാതാളമദ്ധ്യംവരെ എത്തിയിരിക്കുന്നു. മത്സ്യത്തിൻെറ നട്ടുമുള്ളുപോലെ അതു ഇരുഭാഗങ്ങളിലും സ്ഥലംവിട്ടുന്നില്ല. മുമ്പിലും പിറകിലും ആരോഹണം അസാദ്ധ്യമാണു്. പാർശ്വഭാഗങ്ങളിൽ വിടവുകൾ വാപിളന്നു നില്ക്കുന്നു. ആകെക്കൂടിയുള്ള കാഴ്ച ഭയം ഉളവാക്കിയിരുന്നു. ഇയ എനിക്കു നല്കിയ ആന്തരികപ്രചോദനത്തിൻെറ ഫലമായി ഞാൻ എൻെറ കാലാൾപ്പടകൾക്കു ശക്തിയേറിയ ഓടിൻെറ മൺകൊത്തികൾ നല്കിയിരുന്നു. കൽപ്പണിക്കാരൻെറ കല്ലുളിപോലെ അവർ ആ മഹാമേരുവിൻെറ പാറക്കെട്ടുകൾ ചെറുകഷണങ്ങളാക്കി ചിതറിച്ചു. അവർ മാർഗ്ഗം സുഗമമാക്കി. ഞാൻ എൻെറ സേനകളെ നയിച്ചു. രഥങ്ങൾ, കാലാൾപ്പടകൾ, എൻെറ അംഗരക്ഷാസേനകൾ ഇവയെല്ലാം കരുത്തുള്ള കഴുകന്മാരെപ്പോലെ പർവ്വതത്തിനു മുകളിൽക്കൂടി ഞാൻ പറപ്പിച്ചു. ദേഹാദ്ധ്വാനം ചെയ്യുന്നവരോടും മാർഗ്ഗം തെളിക്കുന്നവരോടും എന്നെ

അനുഗമിക്കുവാൻ ആജ്ഞാപിച്ചു. പർവ്വതശിഖരങ്ങളിൽ തിന്നുവളരുന്ന കാട്ടാടുകൾപോലെ ഒട്ടകങ്ങളും ചുമട്ടുകഴുതകളും പർവ്വതശൃംഗങ്ങളിലേയ്ക്കു കയറി. ഘനോപകരണങ്ങളോടുകൂടിയ സൈന്യങ്ങൾ കീഴ്ക്കാംതൂക്കായ ചെരിവുകൾ നിഷ്പ്രയാസം കയറുന്നതിനു് ഞാൻ വഴിതെളിച്ചു. ഈ പർവ്വതശിഖരത്തിൻെറ ശൃംഗത്തിൽ ഞാൻ താവളമടിച്ചു.''

ഈ പൗരാണികയുഗത്തിൽ കൊല, കൊള്ള, കൊള്ളിവെയ്പു് മുതലായവ നടത്തിക്കൊണ്ടിരുന്നില്ലെങ്കിൽ സന്തുഷ്ടനാകാത്ത ഒരു കാട്ടാളനെപ്പോലെ മനുഷ്യനെ നാം കണക്കാക്കിയാൽ നമുക്കു് തെററുപററും. ഹിററ്ലറുടെ കൊലയറകളുടെ ഭീകരതയോടു കിടപിടിക്കത്തക്കതായിരുന്നോ അസീരിയൻകാട്ടാളത്വമെന്നു സംശയിക്കേണ്ടിയിരിക്കുന്നു. നമ്മളിൽ പലരേയുംപോലെതന്നെ മെസൊപൊട്ടേമിയക്കാരും കലഹങ്ങളിലും കൊലപാതകങ്ങളിലും ഉള്ള വിരക്തി അടിക്കടിയായി പ്രകടിപ്പിച്ചിട്ടുണ്ടു്. യുദ്ധത്തിൻെറ കാര്യം പോകട്ടെ. മൃദുലപ്രകൃതിക്കാരായ ചിലക്കു് നഗരത്തിലെ ബഹളംപോലും വെറുപ്പുളവാക്കിയിരുന്നുപോൽ: ''മനുഷ്യകലഹമാണു് നഗരമെന്നു്'' ഒരു ശിലാഫലകത്തിൽ പറയുന്നു. ധനികനായ ഒരു തോട്ടമുടമസ്ഥനെഴുതിയ കത്തിൽ ഇപ്രകാരം കാണുന്നു: ''ഞങ്ങളുടെ തോട്ടം ലോകത്തിൽവെച്ചേററവും വിശിഷ്ടമായതാണെന്നു് എനിക്കു തോന്നുന്നു. അതു ബാബിലോൺ നഗരത്തിനു് ഏററവും അടുത്തു സ്ഥിതിചെയ്യുന്നതുകൊണ്ടു് ഒരു വലിയ നഗരത്തിൻെറ സകലഗുണങ്ങളും ഞങ്ങൾക്കാസ്വാദിക്കാൻ കഴിയും. അതേസമയം വീട്ടിലേയ്ക്കു മടങ്ങിവന്നു് നഗരത്തിലെ തിക്കും തിരക്കും ഒഴിവാക്കുവാനും സാധിക്കും.'' യുദ്ധപ്രിയരായ അസീരിയൻ രാജാ

ക്കന്മാരെ, യുദ്ധംചെയ്യുവാൻ, ദർശനങ്ങളിലൂടെ ഉഗ്രദേവതകൾ പ്രേരിപ്പിച്ചിരുന്നുവെങ്കിൽ, ശാന്തസ്വഭാവികളായ രാജാക്കന്മാൎക്കു് പൊതുനിൎമ്മാണപ്രവൎത്തനങ്ങളിൽ ഏർപ്പെട്ടുവാൻ പ്രേരകമായ സ്വപ്നങ്ങളും ഉണ്ടായിട്ടുണ്ടു്. ലഗാഷിലെ സമാധാനപ്രിയനായ ഗുഡിയ ഒരു ദർശനത്തെക്കുറിച്ചു് ഇപ്രകാരം വെളിപ്പെടുത്തുന്നു: "ആകാശത്തെപ്പോലെ ശോഭയും ഭൂമിയെപ്പോലെ സന്തുഷ്ടിയുമുള്ള ഒരു മനുഷ്യൻ സ്വപ്നത്തിൽ എന്റെ അടുക്കൽവന്നു. അവനണിഞ്ഞിരുന്ന കിരീടത്തിൽനിന്നു് അവനൊരു ദേവനാണെന്നു് ഞാൻ മനസ്സിലാക്കി. അവന്റെ പാർശ്വത്തിൽ സഹായിയായി കൃഷ്ണവൎണ്ണത്തിലുള്ള ദിവ്യചണ്ഡമാരുതപ്പക്ഷിയും ഉണ്ടായിരുന്നു. അവനു മുൻപിലും പിറകിലും കൊടുങ്കാററടിച്ചിരുന്നു. അവന്റെ ഇടത്തും വലത്തും സിംഹങ്ങൾ നില്ക്കുന്നുണ്ടായിരുന്നു. അവന്റെ ഭവനം നിൎമ്മിക്കുവാൻ അവൻ എന്നോടാജ്ഞാപിച്ചു." ദേവാലയത്തിന്റെ നിൎമ്മാണം ഗുഡിയ നടത്തി. അതു പൂൎത്തിയായപ്പോൾ അദ്ദേഹം അതിൽ സന്തുഷ്ടിപ്രകടിപ്പിച്ചു. "ഭൂമിയിൽനിന്നു് ആകാശത്തേക്കുയൎന്നുനില്ക്കുന്ന ദിവ്യദേവാലയം വാസരാംബരത്തിന്റെ ശോഭയാൽ ദീപ്തിമത്തായ പ്രകാശരശ്മികളോടുകൂടി തിളങ്ങി. അതു ദിഗന്തങ്ങളിൽ പ്രകാശംപരത്തി." ദേവാലയപരിസരങ്ങളിൽ അരമനകൾ നിൎമ്മിച്ചപ്പോൾ അവ കണക്കിലധികം വലുതാകാതിരിക്കാൻ രാജാക്കന്മാർ ശ്രദ്ധിച്ചു. തന്റെ അരമനനിൎമ്മാണത്തെക്കുറിച്ചു് അഷൂർബനിപലിന്റെ വിവരണത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "അരമനയുടെ വെൺമാടങ്ങൾ ഞാൻ ഉയൎത്തി. എന്നാൽ, എന്റെ നാഥന്മാരായ മഹൽദേവതകളുടെവിഗ്രഹങ്ങളെ ഞാൻ ഭയപ്പെട്ടു. തന്മൂലം ആ എട്ടുപ്പവളരെയധികംഉയൎത്തിയില്ല."

രസാവഹമായ ഒരു രേഖയിൽ അഷൂർബനിപലിൻെറവളരെ വ്യത്യസ്തങ്ങളായ താൽപര്യങ്ങളെക്കുറിച്ചു നാം വായിക്കുന്നു. അദ്ദേഹത്തെ ഒരു കാട്ടാളയോദ്ധാവായി തള്ളിക്കളയുന്നതു തികച്ചും തെററായിരിക്കുമെന്നു നമുക്കതിൽനിന്നു മനസ്സിലാക്കാം. യുദ്ധശാസ്ത്രത്തിലും സമാധാനസംരക്ഷണത്തിലും അദ്ദേഹം ഒരുപോലെ ശ്രദ്ധചെലുത്തിയിരുന്നതായി കാണാം. "താഴെപ്പറയുന്നപോലെയായിരുന്നു എൻെറ ദിനചര്യകൾ: നിയന്ത്രണാധീനമാകുവാൻവേണ്ടി ഞാൻ കുതിരപ്പുറത്തുകയറി ബുദ്ധിപൂർവ്വം അവയെ ഓടിച്ചിരുന്നു. ഞാൻ വില്ലുകുലച്ചു് അമ്പെയ്തു. വിറയ്ക്കുന്നകുന്തം ഞാൻ എറിഞ്ഞു. ഒരു തേരാളിയെപ്പോലെ കടിഞ്ഞാൺപിടിച്ചുകൊണ്ടു് ഞാൻ രഥം തെളിച്ചു. ഒരു ആയുധനിർമ്മാതാവിനെപ്പോലെ പരിചകളും കവചങ്ങളും ഈററകൊണ്ടുണ്ടാക്കുന്നതിൻെറ മേൽനോട്ടം ഞാൻ വഹിച്ചു. അതേസമയം ഞാൻ ഔചിത്യത്തോടുകൂടി രാജോചിതമായ വിധത്തിൽ നടന്നു." കീഴുദ്യോഗസ്ഥന്മാരിൽനിന്നു കാര്യക്ഷമമായ സേവനം ലഭിക്കുന്നതിനുള്ള ഉത്തമമാർഗ്ഗം അവരുടെ പ്രവൃത്തികളിൽ പരിപൂർണ്ണപ്രാവീണ്യം തന്നത്താൻ നേടുകയാണെന്നു്, റഷ്യയിലെ മഹാനായ പീററർ ചക്രവർത്തിയെപ്പോലെ, അദ്ദേഹവും വിശ്വസിച്ചിരുന്നതായി തോന്നുന്നു. അതുകൊണ്ടാണു് അദ്ദേഹം ആയുധനിർമ്മാതാവിൻെറ പ്രവൃത്തി പഠിച്ചതു്. അദ്ദേഹത്തിൻെറ സ്വയാദ്ധ്യയനം ഇതുകൊണ്ടവസാനിക്കുന്നില്ല. ആദിമകാലങ്ങളിൽ വളരെ പ്രയാസമേറിയ ഒരു കലയായ സാഹിത്യകലയും അദ്ദേഹം അഭ്യസിച്ചു. അക്കാലത്തെ ഏററവും വലിയ പ്രാക്കാലീനവിഷയപണ്ഡിതനായിത്തീർന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വിശിഷ്ടഗ്രന്ഥാലയത്തിൻെറ കണ്ടുപിടുത്തമാണു് ആ രാജ്യ

ത്തിൻെറ പരിപൂണ്ണചരിത്രപുനർനിമ്മാണത്തിൽ ആധുനികഗവേഷകന്മാരെ സഹായിച്ചതു്. സമകാലീനരേഖകൾ മാത്രമല്ല, പൗരാണികരേഖകളും ശേഖരിക്കുന്നതിനു് അദ്ദേഹം എടുത്തിട്ടുള്ള നടപടികളുടെ ഒരു വിവരണം അദ്ദേഹംതന്നെ നമുക്കു നല്കിയിട്ടുണ്ടു്. ശിലാഫലകങ്ങൾ തേടിപ്പിടിക്കുന്ന പ്രവൃത്തി രാജ്യത്തുള്ള എല്ലാ ഉദ്യോഗസ്ഥന്മാരെയും ചുമതലപ്പെടുത്തി. മെസൊപ്പൊട്ടേമിയൻ നാഗരികത മുഴുവനും നമുക്കു പുരാണചരിത്രമായതിനാൽ, സുമേറിയയുടെയും അക്കാഡിൻെറയും ആരംഭങ്ങൾ അഷൂർബനിപലിനെ സംബന്ധിച്ചിടത്തോളം, നമുക്കദ്ദേഹത്തിൻെറ കാലമെന്നപോലെ, പൗരാണികമായിരുന്നുവെന്ന വസ്തുത നാം വിസ്മരിക്കുവാനിടയുണ്ടെന്നു് ഓമ്മിക്കണം. ചില ആധുനികഗവേഷകന്മാരുടെ അശ്രാന്തപരിശ്രമത്തോടു സാമ്യപ്പെടുത്തേണ്ടതാണു് ഗവേഷണത്തിലുള്ള അദ്ദേഹത്തിൻെറ ക്ഷമ. പാണ്ഡിത്യത്തോടുള്ള യഥാത്ഥസ്നേഹം മാത്രമായിരിക്കണം, അദ്ദേഹത്തിൻെറ ഉദ്യമത്തിൽ അദ്ദേഹത്തെ സഹായിച്ചിരിക്കുക. ഈ വസ്തുത അദ്ദേഹത്തിൻെറ ഒരു വിവരണത്തിൽനിന്നു തെളിയുന്നുണ്ടു്. "സുമേറിയൻ ഭാഷയിൽ നിഗൂഢമായിരുന്ന സുന്ദരസാഹിത്യങ്ങളും ഗ്രഹിക്കുവാൻ പ്രയാസമായിരുന്ന അക്കാഡ്ഭാഷയും വിവേചനംചെയ്തു മനസ്സിലാക്കുന്നതു് എൻെറ ജോലിയായിരുന്നു." രാജാവിന്റെ അന്ത്യദിനങ്ങളെ തിക്തീകരിച്ച അസ്വാസ്ഥ്യത, മെസൊപ്പൊട്ടേമിയൻ ജീവിതത്തിലും ചരിത്രത്തിലും ഒളിഞ്ഞുകിടക്കുന്ന ധാർമ്മികവാദമുഖങ്ങളിലേയ്ക്കു വെളിച്ചംവീശുന്നു. അദ്ദേഹത്തിൻെറ മരണശേഷം നമുക്കു ലഭിച്ചിട്ടുള്ള ശിലാഫലകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും, മനുഷ്യനും ദൈവത്തിനും നിര

പ്പായി ഞാൻ പ്രവത്തിച്ചു. രോഗവും ദുരിതവും എന്തിനെ ന്നെ ബാധിച്ചു? എൻെറ നാട്ടിലെ കലഹങ്ങളും, എൻെറ കുടുംബത്തിലെ ഭിന്നിപ്പും എനിക്കു് ഒഴിവാക്കുവാൻ കഴി യുകയില്ല. അലട്ടിക്കൊണ്ടിരിക്കുന്ന ദുഷ്പ്രീത്തികൾ എ പ്പോഴും എന്നെ ഞെരുക്കിക്കൊണ്ടിരിക്കുന്നു. മാനസിക വും ശാരീരികവുമായ രോഗങ്ങൾ എന്നെ പീഡിപ്പിക്കു ന്നു. ദുരിതരോദനങ്ങളോടുകൂടി ഞാനെൻെറ ദിനങ്ങൾ ക ഴിച്ചുകൂട്ടുന്നു. നഗരദേവതയുടെ ഉത്സവദിനത്തിൽ ഞാൻ അതീവദുഃഖിതനാണു്. മരണം എന്നെ പിടികൂടി കീഴ് പോട്ടു വഹിച്ചുകൊണ്ടുപോകുന്നു. വേദനകൊണ്ടും ദുഃഖം കൊണ്ടും ദിനരാത്രങ്ങളിൽ ഞാൻ ഉറക്കെ കരയുകയാണു്. ഞാൻ സങ്കടത്തോടുകൂടി പ്രാത്ഥിക്കുകയാണു് 'എൻെറ ദൈവമേ, പാപിയായ എന്നെ നിൻെറ വെളിച്ചം കാണു ന്നതിനനുവദിക്കുക,' രാജാവു്, തൻെറ ഭരണകാലത്തു ചെയ്തിട്ടുള്ള അതിഭയങ്കരമായ യുദ്ധങ്ങൾ, കൂട്ടക്കൊല, കൂട്ടത്തോടെയുള്ള അടിമപ്രവർത്തനങ്ങൾ ഇവയ്ക്കെല്ലാം ശിക്ഷയാണു് ഈ അവസാനകാലത്തെ മനസ്താപമെന്നു് നാം കരുതുന്നെങ്കിൽ, നാം കുട്ടികളെപ്പോലെ നിർമ്മലഹൃദ യരായിരിക്കണം. എന്നാൽ, മററു ദേവന്മാരോടു് അസൂയ യും, മററു ദേവന്മാരെ വന്ദിക്കുന്നവരുടെ നരബലിയും ആ വശ്യപ്പെടുന്ന ഒരുഗ്രകാട്ടാളദേവനായിരുന്നു അദ്ദേഹത്തി ൻെറ ദേവനെന്ന വസ്തുത നിലനില്ക്കുന്നു. അദ്ദേഹം കലഹ ങ്ങളുടെ ദേവനായിരുന്നു. കലഹത്തിനു വീണ്ടും കലഹ ങ്ങളെ സൃഷ്ടിക്കുന്ന സ്വഭാവമുണ്ടു്. സൈറസ് എന്ന പേ ഷ്യക്കാരൻ, അവസാനമായി സാമ്രാജ്യം കീഴടക്കിയ പ്പോൾ, തൻെറ മുൻഭൃത്യന്മാരുടെ പിഴകൾനിമിത്തം അ വരെ പുറംതള്ളിയ മർദൂക് എന്ന ദേവൻെറ പുതിയ വാ ത്സല്യശിഷ്യനായി തന്നത്താൻ കരുതിയതു് പ്രാധാന്യ

മുള്ള ഒരുകാൎയ്യമാണു്. വാസ്തവത്തിൽ മറ്റേതൊരു മെസൊപൊട്ടേമിയൻ രാജാവിനെക്കാളും സൈറസ് ഒരു ജേതാവെന്ന നിലയ്ക്കു കൂടുതൽ മനുഷ്യത്വം കാണിച്ചു. രാജാക്കന്മാരുടെ പിറകിലുണ്ടായിരുന്ന പുരോഹിതന്മാരുടെ നേരെ ജനങ്ങൾ തിരിഞ്ഞു. പേർഷ്യക്കാരനു നഗരവാതിലുകൾ തുറന്നുകൊടുക്കുന്നതിൽ അവർ ഒററുനിന്നു. അച്ചടക്കമുള്ള പേർഷ്യൻസേനകൾ അവരുടെ നേതാവിന്റെ നിയന്ത്രണത്തിൽ, നഗരത്തെ കൂട്ടക്കൊലയിൽനിന്നും, കൊള്ളയിൽനിന്നും ഒഴിവാക്കി. "തന്റെ ഹൃദയത്തിനിണങ്ങിയ ഒരു നീതിമാനായ രാജാവിനെ മർദ്ദുക് അന്വേഷിക്കുകയും, അവനെ കരങ്ങളിൽ സ്വീകരിക്കുകയും ചെയ്തു," എന്നു തന്റെ വിജയശിലാഫലകത്തിൽ സൈറസ് എഴുതിയപ്പോൾ, അദ്ദേഹം അതിരുകവിഞ്ഞ ആത്മപ്രശംസ ചെയ്യുകയായിരുന്നില്ല. മെസൊപൊട്ടേമിയൻ നഗരങ്ങളിൽ പലതും അന്യോന്യം സംഘട്ടനംമൂലം, തോൽവിയുടെ ദുരന്തഫലങ്ങൾ പലപ്രാവശ്യവും അനുഭവിക്കുവാൻ ഇടവന്നിട്ടുണ്ടു്. ശാരീരികമായ മുറിവുകളേക്കാൾ ആഴമേറിയതു്, ജനങ്ങളുടെ വിശ്വാസത്തിൽ അവർക്കു പററിയ ക്ഷതങ്ങളായിരുന്നു. തങ്ങളുടെ ഉഗ്രദേവതകൾ അജയ്യരായിരുന്നുവെന്നു കരുതിയിരുന്നവർ, അവരുടെ വിഗ്രഹങ്ങളെ ആക്രമികൾ മലീമസമാക്കുന്നതു കാണുകയുണ്ടായി. മുൻകാലങ്ങളിൽ അവർ നടത്തിയ വിജയകരങ്ങളായ യുദ്ധങ്ങൾ അവരുടെ ദേവന്മാരുടെ മഹത്വത്തിനുവേണ്ടി ആയിരുന്നതുകൊണ്ടു്, അവർ കൊലയും കൊള്ളയും നടത്തിയപ്പോൾ അതു തെററാണെന്നുള്ള ബോധം അവർക്കുണ്ടായിരുന്നില്ല. തന്മൂലം അവരുടെ കഴിഞ്ഞുപോയ കാലത്തെ തെററുകൾക്കുള്ള ശിക്ഷയാണു് അവർ ഇപ്പോൾ അനുഭവിക്കുന്നതെന്ന തത്വശാസ്ത്രപരമായ മനസ്സമാധാനവും

അവർക്കു നിഷേധിക്കപ്പെട്ടു. ചരിത്രത്തോട്ട് ധാർമ്മികമായ ഒരു സമീപനത്തിൻെറ അഭാവത്തിൽ ഉണ്ടായിട്ടുള്ള മനോവ്യഥയോട്ടുകൂടിയ ഈ പരിഭ്രാന്തി, ഏലത്തിലെ പട്ടാളക്കാർ നശിപ്പിച്ചുകളഞ്ഞ ഊർരാജ്യത്തിൻെറ തലസ്ഥാനമായ സിൻനഗരത്തിനുവേണ്ടിയുള്ള വിലാപത്തിൽനിന്നുതന്നെ വ്യക്തമായി കാണാം. "എൻെറ നഗരം ആക്രമിച്ചു നശിപ്പിച്ചുകളഞ്ഞു; കാരണംകൂടാതെ എൻെറ നഗരം ആക്രമിക്കപ്പെട്ടു. ദുഷ്ടനെതിരായി ഉച്ചരിക്കപ്പെട്ട രക്ഷാവചനങ്ങളുടെ ശക്തിയും, അതിഭയങ്കരമായ കൊടുങ്കാററും നിനക്ക് സഹായമായിത്തീന്നില്ല. ഊറിലുള്ള എൻെറ ഭവനമായ സിനേ, നിൻെറ നാശം അതിദാരുണമാണ്."

മനഃപൂർവ്വവും, അനർഹവും, ദേവന്മാരുടെ നിഷ്കരുണമായ ഉപേക്ഷയും നിമിത്തമാണ് ഊറിൻെറ വിധി ഇപ്രകാരമായിത്തീന്നതെന്നു ജനങ്ങൾ തെററിദ്ധരിച്ചു. ബാബിലോണിൻെറ കീഴിൽ അടിമത്വവും രാജ്യഭ്രഷ്ടും സഹിച്ചവരാണ് ജൂതന്മാർ. അവരുടെ പുരോഹിതനായ നാഹം അവസാനനിമിഷങ്ങൾ കണ്ടപ്പോൾ ഇപ്രകാരം ശപിച്ചു: "നഗരമേ, രക്തം സർവ്വത്ര ചിന്തിയ, സർവ്വത്ര വ്യാജവും കൊള്ളയും നിറഞ്ഞ നീ നശിക്കട്ടെ." പഴയ സാമ്രാജ്യത്തിന്റെ അധഃപതനത്തിൽ ദൈവകോപം സൈറസ് കണ്ടു.

ദൈവത്തെക്കുറിച്ചുള്ള സൈറസിന്റെഭാവന കുറേക്കൂടി പ്രബുദ്ധമായിരുന്നു. ദൈവത്തെപ്പററിയുള്ള ഭാവനയും, സാമൂഹ്യനീതിയും ഒന്നാണെന്നു ധരിക്കുവാനുള്ള ആന്തരിക പ്രചോദനമുണ്ടായിട്ടുള്ള ചില മെസൊപൊട്ടേമിയൻ രാജാക്കന്മാരുടെ കാര്യം നമുക്കു പര്യാലോചിക്കാം. പ്രബുദ്ധരായ ഈ രാജാക്കന്മാരിൽ ഏററവും ആദ്യത്തെ ആൾ

ക്രി. മു. 2900—ൽ ഭരിച്ചിരുന്ന ലഗാഷിലെ ഉറുക്കാജിന ആയിരുന്നു. അദ്ദേഹം "തൻെറ ജനങ്ങൾക്കു സ്വാതന്ത്ര്യം കൊടുത്തു"വെന്നു് അവകാശപ്പെട്ടു. അദ്ദേഹത്തിൻെറ പരിഷ്കാരങ്ങൾ ഈ അവകാശത്തെ ന്യായീകരിക്കുന്നുണ്ടു്. പാവങ്ങളെയും നിസ്സഹായരേയും ചൂഷണംചെയ്യുവാൻ ധനവാന്മാരും ഉദ്യോഗസ്ഥന്മാരും മതാധികാരികളും ചേൎന്നു് ഗൂഢാലോചന നടത്തുന്നുവെന്നു് അദ്ദേഹം കണ്ടു. നിസ്സാരവിലയ്ക്കു ഭൂമിയും വസ്തുക്കളും നല്കുവാൻ സാധുക്കളെ നിർബ്ബന്ധിക്കുന്നതിനു ജന്മികളായ ഭൂവുടമകൾക്കു കഴിയുമായിരുന്നു. അതുകൊണ്ടു് രാജാവു് താഴെപ്പറയുന്ന നിയമം നടപ്പിൽവരുത്തി: "രാജാവിന്റെ പ്രജയ്ക്കു് ഒരു നല്ല കഴുതക്കുട്ടി ജനിക്കുകയും അയാളുടെ മുതലാളൻ അതു് 'ഞാൻ വാങ്ങിക്കൊള്ളാ'മെന്നു പറയുകയും, അഥവാ ഒരു ധനവാൻെറ മന്ദിരത്തിനടുത്തു രാജാവിൻെറ പ്രജയുടെ ഒരു ഭവനമുണ്ടായിരിക്കുകയും, ധനവാൻ അതു 'വാങ്ങിക്കൊള്ളാ'മെന്നു പറയുകയും ചെയ്യുന്നപക്ഷം, ഉടമസ്ഥനായ നിൎദ്ധനനു് അതു വില്ക്കാതിരിക്കുന്നതിനുള്ള അവകാശമുണ്ടു്, അഥവാ അവൻ വില്ക്കുവാൻ തയ്യാറാണെങ്കിൽ തൻെറ മുതലാളനോടു് 'എൻെറ കുടുംബവും എന്റെ മനസ്സും തൃപ്തിപ്പെടുന്നതുവരെ വെള്ളിനാണ്യത്തിൽ വിലതരിക' യെന്നു പറയാം." പാവങ്ങളുടെ പക്കൽനിന്നു പുരോഹിതന്മാർ വളരെയധികം പണം ചൂഷണംചെയ്തിരുന്നതായി രാജാവു കണ്ടുപിടിച്ചു. അദ്ദേഹം അതു നിൎത്തൽ ചെയ്തു. "പാവങ്ങളുടെ മാതാവിൻെറ തോട്ടത്തിലെ മരങ്ങൾ മുറിക്കുകയും ഫലങ്ങൾ പറിച്ചെടുക്കുകയും ചെയ്യുന്നതു് പുരോഹിതന്മാരുടെ ഒരു പതിവായിരുന്നു. പാവങ്ങളുടെ മാതാവിൻെറ തോട്ടത്തിൽ അയാൾ പിന്നീടു് കടന്നിട്ടില്ല. അയാൾ അവളുടെ വൃക്ഷങ്ങൾ മുറിക്കുകയോ,

ഫലങ്ങൾ എടുത്തുകൊണ്ടുപോകുകയോ ചെയ്തിട്ടില്ല.'' ശവസംസ്കാരത്തിനു പുരോഹിതന്മാർ ഈടാക്കിവന്നിരുന്ന പ്രതിഫലം അതിരുകവിഞ്ഞതായിരുന്നു. രാജാവ് അതു അഞ്ചിൽ ഒന്നായി കുറച്ചു. ധനവാന്മാരും ഉദ്യോഗസ്ഥന്മാരും പുരോഹിതന്മാരും തമ്മിലുള്ള കൂട്ടുകെട്ട് അദ്ദേഹത്തിൻെറ ശ്രദ്ധയിൽ എളുപ്പത്തിൽപ്പെട്ടു. "ദേവാലയങ്ങളിലെ കാളകളെ ഉദ്യോഗസ്ഥന്മാരുടെ ഭൂമികളിലേയ്ക്കു വെള്ളം തേകുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. ദേവാലയങ്ങളുടെ വയലുകളിൽനിന്നു കിട്ടിയിരുന്ന ധാന്യങ്ങൾ ഉദ്യോഗസ്ഥന്മാക്കും പുരോഹിതന്മാർ പങ്കുവെച്ചിരുന്നു.'' ഈ നടപടികളെയെല്ലാം അദ്ദേഹം നിരോധിച്ചു. കീഴ്ക്കോടതികളിൽ നീതിന്യായപാലനം നടത്തിയിരുന്ന പുരോഹിതന്മാർ വളരെ അഴിമതിക്കാരായിക്കണ്ടു. ധനവാനുമാത്രം കൈക്കൂലികൊടുക്കുവാൻ കഴിഞ്ഞിരുന്നതുകൊണ്ടു്, നിയമം, പാവങ്ങളെ മർദ്ദിച്ചൊതുക്കുന്നതിനുള്ള ധനവാന്മാരുടെ ഒരായുധമായിത്തീർന്നു. ഇത്തരത്തിലുള്ള അഴിമതികൾ ഉറുക്കാജിന ഉന്മൂലനം ചെയ്തു. പ്രതിഭാശാലിയായിരുന്ന ഈ രാജാവിനു ന്യായമായി ഇപ്രകാരം അവകാശപ്പെടാം: "മുൻപ് അടിമത്തമാണ് ഉണ്ടായിരുന്നതു്, ഇപ്പോൾ സ്വാതന്ത്ര്യം സ്ഥാപിച്ചുകഴിഞ്ഞു.'' മുന്നൂറു വത്സരങ്ങൾക്കുശേഷം ലഗാഷ് ഭരിച്ചിരുന്ന നീതിമാനായ ഗുഡിയയും സാമൂഹ്യനീതിക്കുവേണ്ടിയുള്ള ഇതേ ആവേശത്താൽ പ്രേരിതനായിരുന്നു. അദ്ദേഹത്തിൻെറ ശിലാഫലകം അദ്ദേഹത്തിൻെറ ആദശ്ങ്ങളെ ചുരുക്കത്തിൽ ഉപസംഹരിക്കുന്നു: "ഏഴുകൊല്ലക്കാലത്തേയ്ക്കു ഭൃത്യ, യജമാനത്തിയോടു തുല്യയായിരുന്നു. അടിമ അവൻെറ ഉടമയോടൊപ്പം നടന്നുപോയി. എൻെറ പട്ടണത്തിലെ ബലഹീനൻ ബല

വാൻെറ അട്ടക്കൽ വിശ്രമിച്ചു." അദ്ദേഹത്തിന്റെ മരണ ശേഷം കൃതജ്ഞതനിറഞ്ഞ ജനങ്ങൾ അദ്ദേഹത്തെ ദൈവത്തെപ്പോലെ ആരാധിച്ചുപോന്നു. ഊറിൽ അവിടത്തെ ഏറ്റവും മഹാനായ ഊർ എംഗ്ഗർ രാജാവും (ക്രി. മു. 2450—നോടടുത്തു ഭരിച്ചിരുന്നു) അദ്ദേഹത്തിൻെറ പുത്രൻ ഡുംഗിയും (ക്രി. മു. 2400) ഇതേ പാരമ്പര്യംതന്നെ തുടൎന്നുപോന്നു. ഊർ എംഗ്ഗർ പശ്ചിമേഷ്യയിൽ മിക്കഭാഗങ്ങളും കീഴടക്കി. എന്നാൽ അദ്ദേഹവും അദ്ദേഹത്തിൻെറ പുത്രനും ന്യായമായാണു് രാജ്യഭരണം നടത്തിയതു്. സാമൂഹ്യനീതിയും ദൈവസങ്കല്പവും തമ്മിലുള്ള വ്യക്തമായ ബന്ധം ഊർ എംഗ്ഗറിൻെറ പ്രഖ്യാപനങ്ങളിൽ കാണാം. "ഷമാഷിൻെറ ന്യായപ്രമാണങ്ങൾവഴി ഞാൻ എന്നെന്നേയ്ക്കുമായി ന്യായമേർപ്പെട്ടത്തി."ഡുംഗി 58 കൊല്ലം രാജ്യംഭരിച്ചു. അവരുടെ പുരാതന പറുദീസ വീണ്ടെടുത്ത ദൈവത്തെപ്പോലെ ജനങ്ങൾ അദ്ദേഹത്തെ വന്ദിച്ചുപോന്നു.

ക്രി. മു. 2123 മുതൽ 2081 വരെ ബാബിലോണിയ ഭരിച്ചിരുന്ന ഹമ്മൂറബിയുടെ നിയമസംഹിതയിൽ ഈ പാരമ്പര്യം അതിൻെറ പൂൎണ്ണരൂപത്തിൽ കാണാം. സന്മാൎഗ്ഗതത്വങ്ങളുടെ പരമകാഷ്ഠയാണു് ദൈവത്തെക്കുറിച്ചുള്ള സങ്കല്പമെന്നും നിയമങ്ങൾ ദൈവത്തിൻെറ വിധികളാണെന്നും ജനസേവനത്തിലാണു് ദൈവത്തെ പ്രതിനിധാനം ചെയ്യുന്ന രാജാധികാരം പൂൎത്തീകരിക്കുന്നതെന്നും അദ്ദേഹത്തിൻെറ നിയമസംഹിതയുടെ മുഖവുരയിൽ വ്യക്തമാക്കിയിരിക്കുന്നു. "ദേവന്മാരായ അനുവും ബെല്ലും, വാഴ്ത്തപ്പെട്ട രാജകുമാരനും, ദൈവാരാധകനുമായ ഹമ്മൂറബിയെ വിളിച്ചു് ഇപ്രകാരം പറഞ്ഞു: "രാജ്യത്തൊട്ടാകെ നീതിന്യായം പാലിക്കുക, ദുഷ്ടന്മാരെയും ദുഷ്പ്രവൃത്തിക

ളെയും ഇല്ലായ്മചെയ്യുക, ബലവാൻ ബലഹീനനെ മർദ്ദിക്കുന്നതു തടയുക, ഭൂമിയിൽ വിജ്ഞാനം പരത്തുക, ജനങ്ങളുടെ ഐശ്വര്യം അഭിവൃദ്ധിപ്പെടുത്തുക.' ബെല്ലിനാൽ വിളിക്കപ്പെട്ട ന്യായാധിപനായ ഹമൂറബി ഞാനാണു്—ജനങ്ങളുടെ ന്യായാധിപനും ദൈവത്തിനു ഇഷ്ടമായ പ്രവൃത്തികൾ ചെയ്യുന്ന ദാസനും. ഞാൻ സമ്പൽസമൃദ്ധി കൈവരുത്തി, ജനങ്ങൾക്കു വെള്ളം ധാരാളമായി വിതരണം ചെയ്തു; ആപത്തുകാലത്തു ഞാനവരെ സഹായിച്ചു." ഇന്നത്തെ നിയമനിർമ്മാണങ്ങളുടെ വെളിച്ചത്തിൽ ഇതിൻെറ കുറവുകൾ എന്തുതന്നെയായിരുന്നാലും, നിയമത്തിൻെറ മുൻപിൽ "മനുഷ്യരെല്ലാരും ഒന്നുപോലെ" എന്നതത്വം സ്ഥാപിക്കുന്നതിനു പ്രസ്തുത നിയമസംഹിത വളരെയധികം സഹായിച്ചിട്ടുണ്ടു്. "അവശതാപരിഹാരത്തിനു ഹർജ്ജികളുമായി വരുന്ന എല്ലാവരും നീതിമാനായ രാജാവിൻെറ മുൻപിൽ എന്നപോലെ എൻെറ പ്രതിമയുടെ മുൻപിൽ വരട്ടെ. എൻെറ സ്മാരകത്തിൽ കൊത്തിയിട്ടുള്ള ശിലാലിഖിതങ്ങൾ വായിച്ച് ആ വിലയേറിയ സൂക്തികൾ മനസ്സിലാക്കട്ടെ. അവൻെറ സങ്കടങ്ങൾക്കു് എൻെറ ശിലാലിഖിതങ്ങളിൽ പരിഹാരം കണ്ടെത്തട്ടെ. അവൻെറ അവകാശങ്ങൾ അവൻ മനസ്സിലാക്കുമാറാകട്ടെ. അവന്റെ മനസ്സു് സന്തോഷംകൊണ്ടു നിറയട്ടെ. അതിനുശേഷം അവൻ ഇപ്രകാരം വിളിച്ചുപറയട്ടെ: 'ഹമൂറബി തൻെറ പ്രജകൾക്കു പിതാവായ ഒരു നാഥനാകുന്നു. അദ്ദേഹം ഭൂമിയിൽ ശുദ്ധമായ ഒരു ഭരണസമ്പ്രദായം ഏർപ്പെടുത്തി." അഷൂർബനിപലിൻെറ ഗ്രന്ഥാലയത്തിലുള്ള ഒരു ശിലാഫലകത്തിലെ ലിഖിതങ്ങളിൽ, ദൈവികനീതിയുടെ പ്രതിഫലനമാണു് സാമൂഹ്യനീതിയെന്ന പ്രബുദ്ധാശയം അവസാനമായി സ്പഷ്ടരൂപം കൈക്കൊ

ണ്ടിട്ടുള്ളതു കാണാം. "രാജാവ് നിയമം അനുസരിച്ചി ല്ലെങ്കിൽ, അദ്ദേഹത്തിൻെറ പ്രജകൾ നശിച്ചുപോകും. രാജാവിൻെറ അധികാരവും നഷ്ടപ്പെട്ടും. തൻെറ രാജ്യത്തെ നിയമം അദ്ദേഹം പാലിക്കുന്നില്ലെങ്കിൽ, വിധിയുടെ നാഥനായ ഇയ വിധി വ്യത്യാസപ്പെട്ടത്തി അദ്ദേഹത്തെ പുറംതള്ളും."

പൗരജീവിതത്തിൽനിന്നു്, ഭൂമിയിലെ മനുഷ്യജീവിതത്തിൻെറ നിലനില്പു്, ദുഃഖം, സന്തോഷം, അവസാനവിധി മുതലായ പ്രശ്നങ്ങളിലേയ്ക്കു പ്രവേശിക്കാം. സുമേറിയക്കർക്ക് ചരിത്രപ്രാധാന്യത്തെക്കുറിച്ച് അപൂർണ്ണങ്ങളായ അറിവുണ്ടായിരുന്നു. ഒരു സുമേറിയൻഗീതം പ്രാചീനമനുഷ്യൻെറ ജീവിതത്തെക്കുറിച്ച് ഇപ്രകാരം സങ്കൽപദൃഷ്ട്യാ കാണുന്നു. "സൃഷ്ടിയിലെ ആദിമമനുഷ്യന്ന ഭക്ഷിക്കുന്നതിനുള്ള അപ്പത്തെക്കുറിച്ചോ, ധരിക്കുന്നതിനുള്ള വസ്ത്രത്തെക്കുറിച്ചോ അറിവുണ്ടായിരുന്നില്ല. മനുഷ്യൻ കൈയും കാലും കുത്തിയാണു് ഭൂമിയിൽ നടന്നിരുന്നതു്. അവൻ ആട്ടുകളെപ്പോലെ വായ്കൊണ്ടു് ചെടികൾ കടിച്ചുതിന്നു. മലിനവെള്ളം കുടിച്ചു." ഈ പ്രാകൃതജീവിതത്തോട്ടു് താരതമ്യപ്പെട്ടുത്തുമ്പോൾ, നാഗരികതചത്തിൻെറ വളർച്ചയെക്കുറിച്ചു് അവർക്ക് ഒരു രൂപം ലഭിക്കത്തക്കവിധത്തിൽ അവരുടെ ജീവിതം അത്രകണ്ടു് പരിഷ്ക്കരിച്ചതായിരുന്നു. എന്നാൽ ആൻറിഗണി എന്ന നാടകമെഴുതിയ സോഫോക്ലീസിനെപ്പോലെ, പല അപകടങ്ങളിൽനിന്നും മനുഷ്യൻ തൻെറ ജീവനെ സുരക്ഷിതമാക്കിയിട്ടുണ്ടെങ്കിലും മരണവക്ത്രത്തിൽനിന്നുമാത്രം രക്ഷനേടുവാൻ അവന്നു കഴികയില്ല എന്നു് അവർ മനസ്സിലാക്കി. മരണമില്ലാത്ത അവസ്ഥ ദേവന്മാർ തങ്ങൾക്കായി സൂക്ഷിച്ചിരിക്കുകയാണെന്നു സബിതു, ഗിൽഗമേഷി

നോട്ട് പറയുന്നു. ഒരു സുഖജീവിതത്തിലൂടെ ജീവിതത്തിൻെറ പ്രയാസങ്ങൾ മറന്നുകളയുവാൻ അവൾ അവനെ ഉപദേശിക്കുന്നു. എന്നിരുന്നാൽത്തന്നെയും, മെസൊപൊട്ടേമിയക്കാക്ക് ബലഹീനരോടും, നിർദ്ധനരോടും കടമപ്പെട്ട ഒരു ഉയന്ന ജീവിതത്തിലേയ്ക്കുള്ള അഭിവാഞ്ഛ അനുഭവപ്പെട്ടിരുന്നു. ഹൃദയശുദ്ധി, കോപത്തിൽനിന്നുള്ള ആത്മസംയമനം, ദൈവഭക്തി എന്നീ ഗുണങ്ങളെ അവർ വിലമതിക്കുകയും ചെയ്തിരുന്നു.

ഈ ഉന്നതജീവിതത്തിൻെറ അടിസ്ഥാനങ്ങളെക്കുറിച്ചുള്ള അന്നത്തെ അന്വേഷണങ്ങൾക്ക് ഒരു വ്യക്തമായ ഉത്തരം ലഭിച്ചിരുന്നില്ല. പിന്നീടുള്ള മനുഷ്യചരിത്രത്തിലും അത്തരത്തിലുള്ള ഒരുത്തരം ലഭിക്കുന്നുമില്ല. ദൈവികതത്വത്തെക്കുറിച്ചുള്ള ഉന്നതസങ്കല്പങ്ങളാൽ പ്രചോദിതനായി നടപ്പിൽവരുത്തിയ സാമൂഹ്യനീതിയുടെ ചിട്ടകളാൽ, "ആകാശവും ഭൂമിയുംപോലെ സ്ഥിരമായ ഒരു രാജ്യം സ്ഥാപിക്കപ്പെട്ട"മെന്നു ഹമുറബി വിശ്വസിച്ചു. എന്നാൽ നമ്മുടെ ഈ ഭൂഗോളത്തിൽ ശാശ്വതമായൊരു സാമ്രാജ്യവുമില്ല. ഉറുക്കാജിനയുടെ കാര്യത്തിൽ ഇതു കുറേക്കൂടി വ്യക്തമായിക്കാണാം. അദ്ദേഹം ന്യായമായി രാജ്യപരിപാലനം ചെയ്തുപോന്നുവെങ്കിലും, നഗരം ലുഗാൽസാഗിസി എന്നൊരുവനാൽ ആക്രമിക്കപ്പെട്ട് രാജ്യത്തുനിന്ന് അദ്ദേഹം നിഷ്കാസനം ചെയ്യപ്പെട്ടു. എന്നാൽ പിന്നീട് സാർഗോൺ ഒന്നാമൻ, ആക്രമിയെ തോല്പിച്ച് ചങ്ങലയിലിട്ടു നിപ്പൂറിലേയ്ക്കു കൊണ്ടുപോയി. ലാഭത്തെമാത്രം അടിസ്ഥാനപ്പെടുത്തിയുള്ള ധാർമ്മികബോധവും സന്മാർഗ്ഗഗുണങ്ങളും അവസാനമായി വിശകലനം ചെയ്തുനോക്കുമ്പോൾ തീരെനിസ്സാരമായതാണെന്നു കാണാം. സാമ്രാജ്യികജീവിതം നയിച്ചിട്ടും ഒടുവിൽ കഷ്ടതയനുഭവി

ക്കേണ്ടിവരുന്ന ഈ വിധിവൈപരീത്യം നിരവധി കാവ്യങ്ങളുടെ മൂലവസ്തുവാണു്. എന്നാൽ വ്യക്തികളുടെ സ്വാനുഭവങ്ങളിൽനിന്നു് അതു പുറപ്പെട്ടപ്പോൾ അതിനു ഏകാഗ്രതയും, കവിതാപരമായ തീവ്രതയും ലഭിക്കുന്നു.

മറ്റാരെക്കാളും കൃത്യനിഷ്ഠയോടെ ദൈവത്തിൻെറ കല്പനകൾ താൻ അനുസരിച്ചുവെങ്കിലും, നിരവധികാലക്കേടുകൾ നിമിത്തം താൻ നശിക്കാൻ ഇടയായെന്നു് ബാൽട്ടാ അടുംവ എന്ന കവി തൻെറ ഒരു കാവ്യത്തിൽ വിലപിക്കുന്നുണ്ടു്. തൻെറ മാതാപിതാക്കന്മാരും വസ്തുക്കളും തനിക്കു നഷ്ടപ്പെട്ടു. അൽപമെന്തെങ്കിലും ശേഷിച്ചതു് കള്ളന്മാർ മോഷ്ടിച്ചുകൊണ്ടുപോകയും ചെയ്തു. നിപ്പൂറിലെ രാജാവായിരുന്നുവെന്നു കരുതപ്പെടുന്ന തബ്ബിഉത്തുൽ എൻലിൽ ഇതേവിധത്തിലുള്ള വിധിയെക്കുറിച്ചു് കണ്ണുനീരൊഴുക്കുന്നുണ്ടു്. അദ്ദേഹത്തിൻെറ ജീവിതകാലം മുഴുവനും, വിശ്വസ്തതയോടെ അദ്ദേഹം ദൈവത്തോടുപ്രാർത്ഥിക്കുകയും, കാഴ്ചകൾ അർപ്പിക്കുകയും ചെയ്തിരുന്നു. പാരമ്പര്യദേവന്മാരെക്കുറിച്ചു് അതേവിശ്വാസംതന്നെ ജനങ്ങളിൽ വളർത്തുവാൻ പരിശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ വാദ്ധക്യകാലത്തു് അദ്ദേഹത്തെ ഏററവുമധികം വേദനിപ്പിക്കുന്ന ഒരു രോഗംവന്നുബാധിച്ചു. ബൊദ്‌ലെയറുടെ കഷ്ടാനുഭവങ്ങളുടെ വിവരണങ്ങളെപ്പോലെ അദ്ദേഹത്തിൻെറ ദുരിതങ്ങളുടെ വിവരണവും ഏററവും സ്പഷ്ടവും ഹൃദയസ്പൃക്കായതുമാണു്.

“ആപത്തു് എന്നെ ഒരു വലപോലെ ആവരണംചെയ്തു;
എൻെറ കണ്ണുകൾ തുറന്നിരിക്കുന്നു, എന്നാൽ കാഴ്ചയില്ല;
എൻെറ ചെവികൾ തുറന്നിരിക്കുന്നു, എന്നാൽ
കേൾക്കുന്നില്ല;

എന്റെ ജനനേന്ദ്രിയങ്ങൾ മലീമസമാക്കപ്പെട്ടു;
രോഗം എന്റെ കുടലിലെ ഗ്രന്ഥികളെ
അസഹ്യപ്പെടുത്തുന്നു;
ആസന്നമരണം എന്റെശരീരം കറുപ്പുവർണ്ണമാക്കി;
ദിവസംമുഴുവനും കാലൻ എന്നെ പിൻതുടരുന്നു;
എന്റെ അവയവങ്ങൾ ചീന്തി വേർതിരിക്കപ്പെട്ടന്നു;
അവ ഇഷ്ടാനുസരണം പ്രവർത്തിക്കുന്നില്ല;
എന്റെ കാഷ്ഠത്തിൽ ഒരു കാളയെപ്പോലെ രാത്രിയിൽ
ഞാൻ കഴിച്ചുകൂട്ടുന്നു;
ഒരാടിനെപ്പോലെ ഞാനെന്റെ വിസർജ്ജനങ്ങളിൽ
കിടന്നു് ഉരുളുന്നു;
ദിനംമുഴുവൻ ദീർഘനിശ്വാസങ്ങളും, രാത്രിമുഴുവൻ
രോദനങ്ങളും;
മാസങ്ങൾ — കരയുന്നു; വർഷങ്ങൾ — ദുഃഖിക്കുന്നു;
ശവക്കുഴി തുറക്കപ്പെട്ടു, എന്റെ ശവസംസ്കാരത്തിനു
തയ്യാറായിക്കഴിഞ്ഞു;
മരിച്ചുകഴിഞ്ഞില്ലെങ്കിലും, മുറവിളികഴിഞ്ഞിരിക്കുന്നു;
എന്റെ രാജ്യത്തെ ജനങ്ങൾ എന്നെപ്പററി 'ഹാ കഷ്ടം'
എന്നു പറഞ്ഞുകഴിഞ്ഞിരിക്കുന്നു;
ദൈവത്തിന്റെ കരങ്ങൾ ശക്തങ്ങളാണു്;
എനിക്കിനിമേൽ സഹിക്കുവാൻ സാദ്ധ്യമല്ല."

അവിശ്വാസിയായ ഗുബാറുവും, ഒരു ഗുരുവും തമ്മിൽ സംഭാഷണരൂപേണയുള്ള മറെറാരു കാവ്യത്തിൽ, ഇസ്രയേലിന്റെ ഒരു ദീർഘദർശിയെപ്പോലെ, ലോകത്തിൽ എവിടെയും ജയിച്ചുനില്ക്കുന്ന 'ദുഷ്ടത'യെ ഗുരു അപലപിക്കുന്നുണ്ടു്. "കൊലപാതകത്തിൽ വൈദഗ്ദ്ധ്യംനേടിയ മഹാന്റെ പ്രവർത്തനത്തെ ജനങ്ങൾ പുകഴ്ത്തുന്നു.

ജീവസന്ധാരണത്തിനു മാർഗ്ഗമില്ലാത്തവരുടെ ആദായത്തെ അവർ കൊള്ളയടിക്കുകയും, കുററങ്ങളിൽ മികച്ചുനില്ക്കുന്ന ജേതാക്കൾക്കു് അധികാരം നൽകുകയും ചെയ്യുന്നു. പാവങ്ങളുടെ ഭക്ഷണം, ശക്തന്മാർ എടുക്കുവാൻ അവർ അനുവദിക്കുന്നു. അവരുടെ സഹായംകൊണ്ടു് ശക്തന്മാരെ വീണ്ടും ശക്തന്മാരാക്കിത്തീർക്കുകയും ബലഹീനരെ നശിപ്പിച്ചുകളയുകയും ചെയ്യുന്നു.''

ഇതിൻെറയെല്ലാം പരിഹാരം എവിടെയാണു് കിടക്കുന്നതു്? ഈ പൗരാണിക സംസ്കാരം അതിനു നൽകിയിട്ടുള്ള ഉത്തരങ്ങൾ പിന്നീടുള്ള ചരിത്രകാലഘട്ടങ്ങളിലും വിവിധ സ്വഭാവമുള്ള മനുഷ്യർ നൽകിയ ഉത്തരങ്ങൾപോലെതന്നെ വിഭിന്നമാണു്. അധർമ്മം തഴച്ചുവളരുകയും, സന്മാർഗ്ഗികവും ഭക്തിജനകവുമായ ജീവിതം നയിച്ചിട്ടും ദുരിതമനുഭവിക്കേണ്ടിവരികയും ചെയ്യുന്ന ഈ വൈരുദ്ധ്യങ്ങൾ ഉണ്ടായിട്ടുപോലും വിശ്വാസം നിലനിൽക്കുന്നതു് മനുഷ്യജ്ഞാനത്തിനു് അതീതമായ ഒരു നിഗൂഢശക്തിയുണ്ടെന്നുള്ള അടിസ്ഥാനത്തിലാകുവാനേ തരമുള്ളു. നിപ്പൂറിലെ പീഡിതനായ രാജാവു് ഇതേ നിഗമനത്തിൽ തന്നെയാണു് എത്തിച്ചേരുന്നതു്. ''ഈശ്വരകല്പിതം ആരറിവൂ? വിധിഹിതമാരറിവൂ? മൂഢർ ദൈവമാർഗ്ഗം എങ്ങനെ ഗ്രഹിക്കും?''

എന്നാൽ ഈ വിധിവൈപരീത്യങ്ങൾ, ഇഹലോകജീവിതത്തിൻെറ അത്യാഗ്രഹത്തോടുകൂടിയോ പരലോകത്തിലോ അവസാനിക്കുമെന്നു് അദ്ദേഹം വിശ്വസിക്കുന്നു. ''എൻെറ കണ്ണുനീരു തോരുന്ന ഒരു ദിവസമുണ്ടാകുമെന്നെനിക്കറിയാം; സംരക്ഷിക്കുന്ന അശരീരികളുടെ കാരുണ്യമുള്ള ഒരു ദിനം. അന്നു ദൈവം കാരുണ്യവാനായിരിക്കും.''

എന്നാൽ ഗുബാറുവിൻെറ മനോഭാവം മററുതരത്തിലാണ്. ദൈവമില്ലെന്നുതന്നെ അയാൾ വിശ്വസിക്കുന്നു. അഥവാ ഉണ്ടെങ്കിൽത്തന്നെ മനുഷ്യൻെറ ദുരിതങ്ങളിൽനിന്നു സ്വയം ഒഴിഞ്ഞുമാറിനിൽക്കുന്നു. "നിൻെറ ഹൃദയം ദുഃഖംകൊണ്ടു് അമരട്ടെ. ആകാശത്തിന്റെ മദ്ധ്യംപോലെ ദൈവത്തിൻെറ ഹൃദയവും വിദൂരമാണ്." എപ്പോഴും ധനവാൻെറയും ശക്തൻെറയും ഭാഗത്തായ ദേവന്മാരോടും പുരോഹിതന്മാരോടും അയാൾക്കു യാതൊരു ബന്ധവുമില്ല.

"അവർ ഇടതടവില്ലാതെ കളവും അസത്യവും മാത്രമേ
ജനങ്ങൾക്കു നൽകുന്നുള്ളു.
അവർ മഹദ്വചനങ്ങളിൽ ധനികന്നനുകൂലമായി
പറയുന്നു.
അവർ കള്ളനെപ്പോലെ ബലഹീനനെ പീഡിപ്പിക്കുന്നു.
അവർ ഒരു വിറപ്പിക്കലിൽ അവനെ നശിപ്പിച്ചു
കളയുന്നു, അവർ
തീനാളംപോലെ അവനെ ഊതിക്കെടുത്തുന്നു."

ദോഷവശത്തെ പ്രത്യേകം ഗൗനിക്കുന്ന ഈ ഇരുളടഞ്ഞ മനോഭാവത്തിൽനിന്നു് യുക്തിപൂർവ്വമായ വിശദീകരണത്തിൻെറ വെളിച്ചത്തിലേയ്ക്കു് ഒരു മാർഗ്ഗം കണ്ടുപിടിക്കുവാൻ മററു ചിലർ ശ്രമിക്കാറുണ്ടു്. ബാൽട്ടാ അഡ്രുംവതൻെറ വിധിയെപ്പററി സങ്കടപ്പെട്ടപ്പോൾ, അയാളുടെ കഷ്ടപ്പാടു് ഏതോ ചില രഹസ്യപാപത്തിൻെറ ശിക്ഷയാണെന്നു സ്നേഹിതന്മാർ അയാളോടു പറയുന്നു. ശിക്ഷ ജാഗരൂകനായ ഒരു ദേവൻെറ നേരിട്ടുള്ള പ്രവൃത്തിയുടെ ഫലമായിരിക്കാം; അഥവാ, പ്രകൃതിയുടെ നിയമങ്ങൾക്കു

വിധേയമായിരിക്കാം. പകയും അന്യായവും ജനങ്ങളെ വെറുപ്പിക്കുന്നു. സ്നേഹത്തിനുമാത്രമേ ഒരുകുടുംബമായി അവരെ ഒന്നിച്ചുചേർക്കുവാൻ കഴികയുള്ളു.

ജീവിതത്തിന്റെ നിഗൂഢാർത്ഥത്തെക്കുറിച്ച് ഭൂരിപക്ഷം ജനങ്ങളുടെയിടയിലും യാതൊരു ഗ്രാഹ്യവുമില്ലെന്നു്, ജീവിതപ്രശ്നങ്ങളെപ്പററി വിചിന്തനം നടത്തിയിട്ടുള്ള പലക്കും പൊതുവെ ഒരു അറിവുകിട്ടിയിട്ടുണ്ടു്. തന്മൂലമാണു് അവർക്കു മാന്യമായി പെരുമാറുവാൻ സാധിക്കാത്തതെന്നും, ഭാഗ്യത്തിന്റെ കാററിൽ കണ്ണോക്കികളെപ്പോലെ ആടുന്നതെന്നും ഈ ചിന്തകർ മനസ്സിലാക്കി. ഭാഗ്യത്തിന്റെ അസ്ഥിരതയെക്കുറിച്ചും മാററങ്ങൾ മുൻകൂട്ടി പ്രവചിക്കുവാൻ സാദ്ധ്യമാകാത്തതിനെക്കുറിച്ചും നിപ്പൂറിലെ രാജാവു് ചൂണ്ടിക്കാണിക്കുന്നുണ്ടു്.

"ഇന്നലെ ജീവിച്ചിരുന്നവൻ ഇന്നു മൃതിയടയുന്നു.
ഞൊടിയിടയ്ക്കുള്ളിൽ അവനു രോഗം ബാധിക്കുന്നു,
പെട്ടെന്നവൻ തകരുകയും ചെയ്യുന്നു.
ഒരു നിമിഷത്തിൽ അവൻ പാട്ടുപാടി വിനോദിക്കുന്നു,
അടുത്തനിമിഷത്തിൽ അവൻ ഒരു ദുഃഖിതനെപ്പോലെ
വിലപിക്കുന്നു."

ഈ പരിവർത്തനങ്ങളെല്ലാം ഒരു ദൃഢചിത്തനുമാത്രമേ തരണംചെയ്യാൻ കഴികയുള്ളു. എന്നാൽ അത്തരത്തിലുള്ള ദൃഢചിത്തത നാം എവിടെയെങ്കിലും കാണുന്നുണ്ടോ?

"മനുഷ്യചിത്തം ദിനരാത്രങ്ങളിൽ മാറിമാറിക്കൊ–
ണ്ടിരിക്കുന്നു.
അവർക്കു വിശക്കുമ്പോൾ അവർ ശവത്തെപ്പോലെയാണു്.
ഉദരപൂരണത്തിനുശേഷം അവർ ദൈവവുമായി
മത്സരിക്കും.

കാര്യങ്ങൾ ശരിക്കുപോകുന്നപക്ഷം അവർ സ്വർഗ്ഗ-
ത്തിലേയ്ക്കു പോകുന്നതിനെക്കുറിച്ച് പ്രലപിക്കുന്നു.
ദുഃഖിതരാകുമ്പോൾ അവർ നരകത്തിലേയ്ക്കു പോകുന്ന-
തായി വിലപിക്കുന്നു."

ധനവാനും ദരിദ്രനും അവസാനം മരണം ഒരുപോലെയാണ്. മുഖം വാടിത്തളരും. മരണനദിയിലൂടെ യാത്ര ചെയ്യേണ്ടിവരും. എന്നാൽ, ജീവിതാവസാനത്തിൽ, കാലചക്രത്തിന്റെ ചുററിത്തിരിയലിൽനിന്നും ജീവിതാനുഭവങ്ങളിൽനിന്നും ശേഖരിച്ചിട്ടുള്ള ഏതെങ്കിലും അർത്ഥം ജീവിതത്തിനുണ്ടാകണമെങ്കിൽ, എന്തെങ്കിലും ഉപകാരപ്രദമായ ലക്ഷ്യത്തെ മുൻനിറുത്തി ജീവിതം നയിച്ചിട്ടുണ്ടായിരിക്കണം. ദ്രവ്യാഗ്രഹം മൂഢത്തരമാണെന്നു പറഞ്ഞു നിപ്പൂറിലെ രാജാവ് അധിക്ഷേപിക്കുന്നു. ജ്ഞാനത്തിന്റെ ഫലമായി മാത്രമേ ഈ ബോധോദയമുണ്ടാകുകയുള്ളു. "ജ്ഞാനം ദുഷ്കരമാണ്, മനുഷ്യർ അതു മനസ്സിലാക്കുന്നില്ല" എന്നു ഗുബാറു പറയുന്നു. എന്നാൽ ബുദ്ധിപൂർവ്വകമായ ജീവിതം മാത്രമേ മനുഷ്യന്റെ ശരിയായ ആദർശമായിരിക്കുകയുള്ളു.

## ഉപസംഹാരം

ശരൽക്കാലത്തു ഇലപൊഴിക്കുകയും, പരവതാനി ചുററും വിരിക്കുകയും, നിഴൽകൊണ്ടു് ഭൂമിയെ മറയ്ക്കുകയും ചെയ്യുന്ന ഒരു മഹാവൃക്ഷത്തെപ്പോലെ കാലം വർഷങ്ങളും, ശതാബ്ദങ്ങളും, സഹസ്രാബ്ദങ്ങളും ഈ പൗരാണിക നാഗരികതയുടെമേൽ പൊഴിച്ച് അതിനെ മൺമറച്ചിരിക്കുന്നു. എന്നാൽ ശാരീരികമായല്ലാതെ മററുപലവിധത്തിലും മരിച്ചുപോയവർക്കു തിരിച്ചുവന്നു നമ്മോടു

കൂടി വസിക്കുവാൻ കഴിയും; അവരുടെ തിരിച്ചുവരവിനു വേണ്ടി നമ്മുടെ ഓർമ്മയെ സ്വാഗതത്തിൻെറ പടിക്കല്ലാക്കുവാൻ നമുക്കു ദയാപൂർവ്വം മനസ്സുണ്ടായിരുന്നാൽ മതി.

മെസൊപൊട്ടേമിയയിലെ സാംസ്കാരികമായ ചില നേട്ടങ്ങൾ പില്ക്കാലങ്ങളിലേക്കു സ്ഥൂലമായി നീണ്ടുകിടപ്പുണ്ടു്. മുസ്ലീംപള്ളികളുടെ ഉത്തുംഗമേടകൾ, ബാബിലോണിയൻ ദേവാലയങ്ങളിലെ ഗോപുരങ്ങളുടെ സാക്ഷാൽ പ്രതിരൂപങ്ങളാണു്. അതുപോലെതന്നെ മദ്ധ്യയൂറോപ്യൻ ശില്പകലയിൽ കാണുന്ന മണിമാളികകളും. കാലയളവുകളും, ആഴ്ചകൾ, ദിവസങ്ങൾ, മണിക്കൂറുകൾ, മിനിററുകൾ ഇവയുടെ വിഭജനങ്ങളും, ബാബിലോണിയയിൽനിന്നാണു് തുടങ്ങുന്നതെന്നു നാം ധരിച്ചിട്ടുണ്ടു്. പുരാതന ഈജിപ്റ്റിലെ ചിത്രലിപികൾ സുമേറിയയിൽനിന്നായിരിക്കണം ലഭിച്ചിട്ടുള്ളതു്. ഈ സ്ഥൂലമായ അവശിഷ്ടങ്ങളേക്കാൾ ഏററവും പ്രധാനമായതു് ഈ രാജ്യത്തെ ജനങ്ങളുടെ അനുഭവങ്ങളും ഇവർ അഭിമുഖീകരിച്ച പ്രശ്നങ്ങളും അതിനു കണ്ടുപിടിച്ച പരിഹാരമാർഗ്ഗങ്ങളുമാണു്. ഇതെല്ലാം, ഭൂമിയിൽ ഏതുഭാഗത്തുമുള്ള ജനങ്ങൾ, ഏതൊരു യുഗത്തിലും, ഒരു മഹൽകുടുംബത്തിലെ അംഗങ്ങളാണെന്നാണു് കാണിക്കുന്നതു്.

പിൽക്കാലത്തുള്ള സാമൂഹ്യവ്യവസ്ഥിതിയുടെ പലരൂപങ്ങളും മെസൊപൊട്ടേമിയയിൽത്തന്നെ പ്രതീക്ഷിച്ചിരുന്നതാണു്. ആദിമകാലങ്ങളിൽ രാജാധികാരം സീമയററതായിരുന്നുവെങ്കിലും, പിൽക്കാലങ്ങളിൽ അതു ദൈവശാസനങ്ങളാൽ പരിമിതമാണെന്നുള്ള ബോധമുണ്ടായി. ഉറുക്കാജിന സാധാരണജനങ്ങളുമായി ഇടപഴകി. ഫ്യൂഡൽപ്രഭുക്കന്മാരിൽനിന്നും പുരോഹിതന്മാരിൽനിന്നുംപാവങ്ങളുടെ രക്ഷിതാവാണു് രാജാവെന്നബോധം

അദ്ദേഹത്തിനുണ്ടായിരുന്നു. വ്യവസ്ഥാപിത രാജാധികാരത്തിലേയ്ക്കും ജനാധിപത്യത്തിലേയ്ക്കുമുള്ള പരിണാമത്തിൽ യൂറോപ്പിലെ അനേകശതാബ്ദങ്ങൾ അതേരൂപം തന്നെയാണാവർത്തിച്ചിട്ടുള്ളത്. യഹോവായുടെ കല്പനകൾ മോശയ്ക്കു ലഭിച്ചതുപോലെ, ഷമാഷിൽനിന്നു നിയമസംഹിത ഹമൂറബിക്കു ലഭിക്കുന്നതായി ശില്പത്തിൽ കൊത്തിയുണ്ടാക്കിയിരിക്കുന്നു. മദ്ധ്യകാലയൂറോപ്പ്, നിയമങ്ങളുടെ ദൈവിക ആവിർഭാവം ഊന്നിപ്പറയുന്നുണ്ട്. സാമൂഹ്യബോധം ഒരുയർന്ന ഘട്ടത്തിൽ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. ഗുബാറുവുമായി സംഭാഷണത്തിലേർപ്പെട്ടുന്ന താപസൻ മനുഷ്യൻെറ ദുർമ്മാർഗ്ഗങ്ങളെക്കുറിച്ച് വിമർശനം നടത്തുമ്പോൾ, ആമോസ്, ഏശായ മുതലായ ദീർഘദർശിമാരുടെ തീവ്ര ഉഗ്രതയെപ്പററി മുൻകൂട്ടി അറിവു നൽകുകയായിരുന്നു.

ക്രിസ്തുമതത്തിൻെറ ആദ്ധ്യാത്മിക ചട്ടക്കൂടിൻെറ നൈയാമികമായ വികസനത്തിലും അതു സാധിച്ച ആത്മീയവിപ്ലവത്തിലും, മെസൊപൊട്ടേമിയയിലെപലപ്രതിദ്ധ്വനികളും മുഴങ്ങിക്കേൾക്കാം. താമൂസിൻെറ മരണം, ഇഷ്ടാറിനെ ദുഃഖിതയായ അമ്മയെപ്പോലെ ചിത്രീകരിക്കുന്നത്, അവസാനമായി ദേവൻെറ ഉയത്തെഴുന്നേല്പ്, ഇവ പിൽക്കാലസംഭവങ്ങളുമായി വളരെയധികം സാമ്യമുള്ള വസ്തുതകളാണ്. മരണാനന്തരം ഭൂഗർഭത്തിലുള്ള ഇരുളടഞ്ഞതും അവ്യക്തവുമായ ഒരു പ്രദേശത്തേയ്ക്കു മൃതിയടഞ്ഞവർ പോകുമെന്നാണ് നിലവിലിരുന്ന സങ്കല്പമെങ്കിലും, ഒരു ഗ്രന്ഥത്തിൽ "മരിച്ചവക്കു വീണ്ടും ജീവൻ നൽകുന്നവനായി" മർദൂക്കിനെക്കുറിച്ച് പറയുന്നുണ്ട്. ദൈവികബലിപീഠത്തിൽ ബാബിലോണിയക്കാർ ആടുകളെ ബലിയർപ്പിക്കുമ്പോൾ ഇപ്രകാരം മന്ത്രോ

ച്ചാരണം ചെയ്തിരുന്നു: "മനുഷ്യനുപകരമാണ് ഈ കുഞ്ഞാട്ട്, അവൻെറ ജീവനുപകരം അവൻ ഈ കുഞ്ഞാടിനെ അർപ്പിക്കുന്നു." യഹൂദമതത്തിൻെറയും ക്രിസ്തുമതത്തിൻെറയും സാദൃശ്യങ്ങൾ ഈ ഉച്ചാരണത്തിൽ അതിശയകരമായി അടങ്ങിയിട്ടുണ്ട്. ഈ സൂചനകൾക്ക് വളരെയധികം ആഴവും അർത്ഥവും ക്രിസ്തുമതത്തിൽ കല്പിച്ചിട്ടുണ്ടെങ്കിലും, അവയുടെ അർത്ഥഗർഭങ്ങളായ തുടക്കങ്ങളെ നാം മറക്കരുത്.

അനേകംപേരുടെ രക്തംചിന്തിയ നെബ്യക്കഡ്നെസ്സറുടെയും, ലോകത്തിനുവേണ്ടി സ്വന്തം രക്തംചിന്തിയ ക്രിസ്തുവിൻെറയും പേരുകൾ ഒററശ്വാസത്തിൽ പറയുന്നത്, ഒരു പക്ഷേ, ദൈവദൂഷണമായിരിക്കാം. എങ്കിലും തൻെറ അടുക്കൽവരുവാൻ വയ്യാത്തവിധത്തിൽ പാപം കൊണ്ടു പങ്കിലമാക്കപ്പെട്ട ആരുംതന്നെയില്ലെന്നു ക്രിസ്തു കരുതിയിരുന്നതിനാൽ, നമുക്കു മറെറാരു സാദൃശ്യംകൂടി നിർദ്ദേശിക്കുവാൻ മുതിരുക. "നിനക്കു നന്നെന്നു്തോന്നുന്നതു് എനിക്കു നൽകുക" എന്നു രാജാവു പ്രാർത്ഥിച്ചപ്പോൾ, സർവ്വവ്യാപിയായ, സർവ്വജ്ഞാനിയായ ശക്തിക്കു കീഴ്പ്പെടുന്നതുകൊണ്ടു് മനുഷ്യൻ വലുതായിത്തീരുന്ന ആദ്ധ്യാത്മികവികസനത്തിൻെറ പരമകാഷ്ഠയെക്കുറിച്ചുള്ള ഒരു അന്തർജ്ഞാനോപലഭ്യമായ അനുഭവം അദ്ദേഹത്തിനുണ്ടായിരുന്നു. "പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു നീക്കേണമേ. എന്നാൽ, എന്റെ ഇഷ്ടമല്ല, നിൻെറഇഷ്ടം നടക്കട്ടെ"യെന്നു് കുരിശിൻെറ ഭീകരനിഴൽ തൻെറമേൽ വീഴുന്നതായി മനസ്സിലാക്കി ക്രിസ്തു പ്രാർത്ഥിച്ചപ്പോൾ ഈ അനുഭവം അതിൻെറ ഉച്ചകോടിയിൽ എത്തിച്ചേർന്നു. ഉന്നതസത്യത്തെക്കുറിച്ചുള്ള വെറും ധാരണയും ജീവിതം നിഷ്കരുണമാംവിധം ഭീഷ

ണിക്കുവിധേയമാകുമ്പോൾ ആ സത്യത്തോടുള്ള അനുസ രണത്തിനും തമ്മിൽ അതിബൃഹത്തായ വ്യത്യാസമുണ്ടു്. എങ്കിലും ഒന്നാമത്തെ അനുശാസനമായ അറിവാകുന്നവി ത്തിൽനിന്നാണു് സ്വഭാവഗുണമാകുന്ന മഹാവൃക്ഷം വ ളരുന്നതു്.

ഐതിഹാസികമായ പാരമ്പര്യമനുസരിച്ച് സൃ ഷ്ടിയുടെയും പ്രളയത്തിന്റെയും സങ്കൽപകഥകൾ പഴയ നിയമപുസ്തകത്തിലേയ്ക്കു് കടന്നുകൂടിയിട്ടുണ്ടു്. എന്നാൽ സൃഷ്ടിയെസംബന്ധിച്ച ഇതിഹാസത്തിന്റെ നിഗൂഢാ ൎത്ഥത്തിനു അടിസ്ഥാനപരമായ മാററം ഉണ്ടായിട്ടുണ്ടു്. മരിച്ച് ഉയൎത്തെഴുന്നേററ താമൂസ് പലരാജ്യങ്ങളും കീഴട ക്കി. അദ്ദേഹം ഈജിപ്തിലെ ഒസിരിയും, ഫ്റിജിയയി ലെ അററിസും, ഫിനീഷ്യയിലെയും ഗ്രീസിലെയും അ ഡോണിസും ആയിത്തീരുന്നു. ഓരോരാജ്യത്തും ഈ ഇ തിഹാസത്തിനു് പ്രാദേശികച്ഛായനൽകി ദേശീയമാക്കി ത്തീൎത്തു. ഫിനീഷ്യയിലെ ലെബനോൺമലകളാണു് താമൂസ് വരാഹവുമായി ഏററുമുട്ടിയസ്ഥലമെന്നു് കരുത പ്പെടുന്നു. ഇപ്പോൾ നഹർ ഇബ്രാഹിം എന്നറിയപ്പെടു ന്ന നദിക്കു് അദ്ദേഹത്തിന്റെ പേരിനെത്തുടൎന്നു് അഡോ ണിസ് എന്നു് വിളിച്ചുവന്നിരുന്നു. ശരൽക്കാലത്തെ മ ഴമൂലം മണ്ണുകലങ്ങി ചുവന്നൊഴുകുന്ന നദിക്കു്, അദ്ദേഹ ത്തിന്റെ രക്തം കലൎന്നതുമൂലമാണു് അപ്രകാരം നിറമു ണ്ടായതെന്നു് പറഞ്ഞുവന്നിരുന്നു.

സാർഗോണിനെ നദിയിൽ ഒഴുക്കിവിട്ടകഥ, മോ ശയെക്കുറിച്ചുള്ള അതേ ഐതിഹ്യത്തിന്റെ മുൻകൂട്ടിയു ള്ള അറിവായി കരുതാം. എറ്റാനയുടെ ആകാശഗമനം, കൃത്രിമചിറകുകളാൽ മേലോട്ടുയൎന്നു്, സൂര്യാതപമേററു്, ചിറകുകരിഞ്ഞു കടലിൽവീണു നശിച്ച ഐകാറസിന്റെ

ഐതിഹ്യമായി വീണ്ടും പുറത്തുവരുന്നു. സർപ്പത്തിൻെറയും കഴുകൻെറയും നീതികഥ അതിൻെറ പൗരാണികരൂപത്തിൽതന്നെ, നമ്മുടെ കാലത്തുപോലും, വിവിധതരത്തിൽ പ്രചരിച്ചുവരുന്നുണ്ട്. ധാർമ്മികാനുശാസനങ്ങൾ രുചികരമാക്കിത്തീർക്കുവാൻ ഈസോപ്പ് മൃഗങ്ങളെക്കുറിച്ചുള്ള സങ്കല്പകഥകൾ ചമച്ചു. ജീവിതപ്രതിഫലനത്തിനുള്ള ഒരുപാധിയായി പതിനേഴാംനൂറ്റാണ്ടിലെ ഫ്റാൻസിൽ ലാ ഫോൻടേയിൻ അതുപയോഗപ്പെടുത്തി. ജീവിതത്തിൻെറ നിഗൂഢാർത്ഥവിമർശനത്തിനു തർബർ അതിനെ ഒരു ഫലിതത്തിനു വഴിയുള്ള ഉപാധിയായി കണ്ടെത്തി.

അവസാനമായി നമുക്കു ഗിൽഗമേഷിൻെറ പുരാണകഥയുണ്ട്. സങ്കീർണ്ണവും, ഇടമുറിയാത്ത ദൃഷ്ടാന്തകഥകളും ഉൾക്കൊള്ളുന്ന കാവ്യങ്ങൾ മെസൊപൊട്ടേമിയൻകവിയുടെ കഴിവുകൾക്കതീതമായിരുന്നുവെങ്കിലും, ദാന്തേയുടെ മഹാകാവ്യത്തിലെ അനശ്വരതയെക്കുറിച്ചുള്ള അന്വേഷണത്തിൽ അവയ്ക്കു് സാമ്യതയുണ്ടായിരുന്നതായി കാണാം. യൂലീസസ്സിനെപ്പോലെതന്നെ, ഗിൽഗമേഷും ശ്രമിക്കുന്നതിനും, ആരായുന്നതിനും, കണ്ടെത്തുന്നതിനും ബദ്ധചിത്തനായിരുന്നു. ഈ അന്വേഷണം മനുഷ്യന്റെ അന്വേഷണമാണ്. നമ്മെസംബന്ധിച്ചിടത്തോളം ഇതിൽ ധാരാളം അർത്ഥമുണ്ട്.

ചാരിതാർത്ഥ്യജനകമായ ഈ ഓർമ്മക്കുറിപ്പുകളോടുകൂടി നമുക്കു് 'മെസൊപൊട്ടേമിയയോടു വിടവാങ്ങുക.

★

## ഗ്രന്ഥകാരനും കൃതിയും

ശ്രീ കൃഷ്ണചൈതന്യ (കെ. കെ. നായർ) 1918-ൽ തിരുവനന്തപുരത്തു ജനിച്ചു. വിജ്ഞാനം, കല, ഈ വിഭാഗങ്ങളിൽ പ്രത്യേകം പ്രാവീണ്യത്തോടുകൂടി 1939-ൽ മദിരാശിസർവ്വകലാശാലയിൽനിന്നും ബിരുദം നേടി. ഇന്ത്യനും, യൂറോപ്യനും, അമേരിക്കനും പത്രങ്ങളിലേയ്ക്കു് വിവിധ വിഷയങ്ങളെ പരാമർശിച്ചു് അദ്ദേഹം ലേഖനങ്ങൾ എഴുതിയിട്ടുണ്ടു്. കുറെ വർഷങ്ങളിലേയ്ക്കു് അദ്ദേഹം ശങ്കേഴ്സ് വീക്ക്‌ലിയിലെ കലാവിമർശകനും, ടൈംസ് ഓഫ് ഇന്ത്യയിലെ യൂറോപ്യൻസംഗീതനിരൂപകനും ആയിരുന്നു. ഭാരതത്തിലെ കലാസമ്പന്നങ്ങളായ പ്രസിദ്ധീകരണങ്ങളിൽ ഏററവും പുരാതനമായ 'രൂപലേഖ'യുടെ എഡിററും അദ്ദേഹമാണു്. ഭാരതീയകലാപ്രദർശനങ്ങൾ നടത്തുന്നതിനു വേണ്ട ഏർപ്പാടുചെയ്യുവാൻ അദ്ദേഹം 1948-ൽ ആഫ്ഗാനിസ്ഥാനിലും 1952-ൽ ചൈനയിലും പോകുകയുണ്ടായി.

പഴയതും പുതിയതുമായ സംസ്കാരങ്ങളുടെ സാഹിത്യചരിത്രങ്ങൾ രത്നച്ചുരുക്കത്തിൽ നല്കുന്ന ഒരു ഗ്രന്ഥപരമ്പരയിലെ ആദ്യത്തെപ്പുസ്തകമാണിതു്. മെസൊപൊട്ടേമിയൻ സംസ്കാരത്തിന്റെ സാഹിത്യമാണു് ഇതിലെ വിഷയം. ആര്യന്മാരുടെ അധിനിവേശത്തിനുമുമ്പുള്ള ദ്രാവിഡസംസ്കാരത്തിനു് അതിവിപുലമായ വ്യാപ്തിയുണ്ടായിരുന്നു. അതിനു മെസൊപൊട്ടേമിയൻ സംസ്കാരവുമായിട്ടുപോലും അടുത്തബന്ധമുണ്ടായിരുന്നു എന്നുള്ളതിനു തെളിവുണ്ടു്. അതുകൊണ്ടു് ഭാരതീയരായ നമുക്കു് മെസൊപൊട്ടേമിയൻ സാഹിത്യചരിത്രത്തെപ്പററി അറിവാൻ പ്രത്യേകം അഭിരുചി ഉണ്ടായിരിക്കും.

ദക്ഷിണഭാരതത്തിലെ നാലു ഭാഷകളിലും ഒരേ സമയത്തു് പ്രസിദ്ധപ്പെടുത്തിക്കൊണ്ടുവരുന്ന ഈ വിശ്വസാഹിത്യചരിത്രസംരംഭത്തെ 'ബുക്ക്ന്യൂസ്' ഇങ്ങനെ സ്വാഗതം ചെയ്തിരിക്കുന്നു: "ചരിത്രപരമായ സത്യസന്ധതയോടും, ഉൾക്കാഴ്ചയോടും, വെളിച്ചംവീശുന്ന വിമർശനപ്രാഭവത്തോടുംകൂടെയാണു് യത്നം കൈകാര്യം ചെയ്തിരിക്കുന്നതു്. പതിനഞ്ചു പുസ്തകങ്ങൾവരെ വളർന്നുപോയേക്കാവുന്ന ഈ സംരംഭം ദക്ഷിണഭാരതത്തിലെ പ്രസിദ്ധീകരണപാരമ്പര്യത്തിന്റെ ഒരു നാഴികക്കല്ലുതന്നെ ആയേക്കാം."

## വിശ്വസാഹിത്യദർശനം



1736

ഒന്ന്

# മെസൊപൊട്ടേമിയൻ സാഹിത്യചരിത്രം

കൃഷ്ണചൈതന്യ